.No/450/2022/SRG/LSGD/CC/(3)

## <u>വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.08.2022-ന നടന്ന യോഗത്തിന്റെ നടപടി കുറിപ്പ്</u>

യോഗം രാവിലെ 10.00 മണിക്ക് സെക്രട്ടറിയേറ്റ് അനക്സ് II-വിലെ ലയം ഹാളിൽ ആരംഭിച്ചു. ബഹു.തദ്ദേശസ്വയംഭരണ - എക്സൈസ് വകുപ്പ് മന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

### 1. <u>പദ്ധതി അവലോകനം</u>

**1.1** തദ്ദേശഭരണസ്ഥാപനങ്ങൾ 2022-23 വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതിക്കു സമർപ്പിക്കേണ്ട അവസാന തീയതി 2022 ജൂലൈ 27 ആയിരുന്നു. ഈ തീയതിയ്ക്കകം 1086 തദ്ദേശഭരണസ്ഥാപനങ്ങൾ വാർഷിക പദ്ധതി സമർപ്പിച്ചു. ശേഷിക്കുന്നത് 114 തദ്ദേശഭരണസ്ഥാപനങ്ങളാണ്. വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകേണ്ട അവസാന ദിവസം 2022 ആഗസ്റ്റ് 3 ആയിരുന്നു. ഈ ദിവസത്തിനകം 92 തദ്ദേശഭരണസ്ഥാപനങ്ങൾ കൂടി വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണസമിതിക്കു സമർപ്പിച്ചു. ഇതിനുള്ള സൗകര്യം തദ്ദേശഭരണസ്ഥാപനങ്ങൾ ആവശ്യപ്പെട്ട മുറയ്ക്ക് ഐ.കെ.എം. ചെയ്തു നൽകി. ജില്ലാ ആസൂത്രണസമിതി അംഗീകരിക്കേണ്ട അവസാന ദിവസമായ ആഗസ്റ്റ് 3-നകം പദ്ധതി സമർപ്പിക്കാത്ത തദ്ദേശഭരണസ്ഥാപനങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | തദ്ദേശഭരണസ്ഥാപനം | ക്രമ നമ്പർ | തദ്ദേശഭരണസ്ഥാപനം |
|---|---|---|---|
| 1 | പെരിങ്ങര ഗ്രാമപഞ്ചായത്ത് | 12 | ചെങ്ങന്നൂർ മുനിസിപ്പാലിറ്റി |
| 2 | ഏനാദിമംഗലം ഗ്രാമപഞ്ചായത്ത് | 13 | കായംകുളം മുനിസിപ്പാലിറ്റി |
| 3 | പുറമറ്റം ഗ്രാമപഞ്ചായത്ത് | 14 | കോതമംഗലം മുനിസിപ്പാലിറ്റി |
| 4 | കോടംതുരുത്ത് ഗ്രാമപഞ്ചായത്ത് | 15 | പെരുമ്പാവൂർ മുനിസിപ്പാലിറ്റി |
| 5 | പാലമേൽ ഗ്രാമപഞ്ചായത്ത് | 16 | തൃക്കാക്കര മുനിസിപ്പാലിറ്റി |
| 6 | കാണക്കാരി ഗ്രാമപഞ്ചായത്ത് | 17 | ഒറ്റപ്പാലം മുനിസിപ്പാലിറ്റി |
| 7 | കട്ടപ്പന ഗ്രാമപഞ്ചായത്ത് | 18 | കൊണ്ടോട്ടി മുനിസിപ്പാലിറ്റി |
| 8 | പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് | 19 | നിലമ്പൂർ മുനിസിപ്പാലിറ്റി |
| 9 | ആനക്കര ഗ്രാമപഞ്ചായത്ത് | 20 | മട്ടന്നൂർ മുനിസിപ്പാലിറ്റി |
| 10 | കുറവ ഗ്രാമപഞ്ചായത്ത് | 21 | കൊച്ചി കോർപ്പറേഷൻ |
| 11 | പൊരുർ ഗ്രാമപഞ്ചായത്ത് | 22 | എറണാകുളം ജില്ലാ പഞ്ചായത്ത് |

ഇവയിൽ 18 തദ്ദേശഭരണസ്ഥാപനങ്ങൾ കൂടി പിന്നീട് പദ്ധതി സമർപ്പിച്ചു. ശേഷിക്കുന്നത് പുറമറ്റം, പാലമേൽ, ആനക്കര എന്നീ ഗ്രാമപഞ്ചായത്തുകളും തെരഞ്ഞെടുപ്പ് പെരുമാറ്റചട്ടം നിലനിൽക്കുന്ന മട്ടന്നൂർ മുനിസിപ്പാലിറ്റിയുമാണ്.

തൃക്കാക്കര നിയമസഭാതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പെരുമാറ്റ ചട്ടം നിലനിന്നിരുന്നതിനാൽ എറണാകുളം ജില്ലയിലെ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് വാർഷിക പദ്ധതി സമർപ്പിക്കുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ടെന്ന് യോഗം വിലയിരുത്തി. കൂടാതെ മട്ടന്നൂർ മുനിസിപ്പാലിറ്റിയിലും തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലനിന്നതിനാലാണ് വാർഷിക പദ്ധതി സമർപ്പിക്കാൻ കഴിയാത്തതെന്നും യോഗം നിരീക്ഷിച്ചു. മറ്റ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്ന് വീഴ്ച വന്നിട്ടുണ്ടെന്ന് യോഗം വിലയിരുത്തി. ഓഗസ്റ്റ് 3-നകം വാർഷിക പദ്ധതി സമർപ്പിക്കാത്ത (തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിലില്ലായിരുന്ന). തദ്ദേശഭരണസ്ഥാപനങ്ങളുടെ സെക്രട്ടറിമാരോട് വിശദീകരണം ആരായാൻ പഞ്ചായത്ത് ഡയറക്ടറെയും നഗരകാര്യഡയറക്ടറെയും ചുമതലപ്പെടുത്തി. ഇനിയും വാർഷിക പദ്ധതി സമർപ്പിക്കാനുള്ള നാല് തദ്ദേശഭരണസ്ഥാപനങ്ങൾ എത്രയും വേഗം പദ്ധതി സമർപ്പിക്കാനുള്ള നടപടി വകുപ്പുമേധാവികൾ സ്വീകരിക്കണം.

**നടപടി:- 1) പഞ്ചായത്ത് ഡയറക്ടർ**

**2) നഗരകാര്യ ഡയറക്ടർ**
**3) ഗ്രാമവികസന കമ്മീഷണർ**
**4)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**1.2** ഇതുവരെ (21.08.22) 25970 പ്രോജക്ടുകളിലായി വികസനഫണ്ടിനത്തിൽ 582 കോടി രൂപ തദ്ദേശഭരണ സ്ഥാപനങ്ങൾ ചെലവഴിച്ചു. ആകെ ചെലവ് 8.12 ശതമാനം.
വിശദാംശം താഴെ ചേർക്കുന്നു.

**തദ്ദേശഭരണസ്ഥാപനം തിരിച്ചുള്ള ചെലവ് (ശതമാനം)**

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | 9.32 |
| ബ്ലോക്ക് പഞ്ചായത്ത് | 7.41 |
| ജില്ലാ പഞ്ചായത്ത് | 5.81 |
| മുനിസിപ്പാലിറ്റി | 8.06 |
| കോർപ്പറേഷൻ | 4.08 |
| **ആകെ** | **8.12** |

**ഫണ്ടിന്റെ വിഭാഗം തിരിച്ചുള്ള ചെലവ് താഴെ ചേർക്കുന്നു. (ശതമാനം)**

| ജനറൽ | എസ്.സി.പി | റ്റി.എസ്.പി | സി.എഫ്.സി |
|---|---|---|---|
| 8.48 | 7.32 | 7.23 | 6.04 |

## 2. മുൻ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.1 11.03.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗതീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**2.1 ഖണ്ഡിക 4.51**
**മലബാർ റൂറൽ ഡവലപ്മെന്റ് ഫൗണ്ടേഷൻ**
**മലബാർ റൂറൽ ഡവലപ്മെന്റ് ഫൗണ്ടേഷൻ (MRDF) ചെയർമാന്റെ 02.02.2022 ലെ കത്ത് (SRG 212/22)**

ഇന്ത്യൻ ട്രസ്റ്റ് ആക്ട് പ്രകാരം സ്ഥാപിച്ചിട്ടുള്ള മലബാർ റൂറൽ ഡവലപ്മെന്റ് ഫൗണ്ടേഷൻ (MRDF) വിവിധ ഇനം കാലിതീറ്റകൾ, ഫാം മെഷിനറികൾ, ഭക്ഷ്യ ഉല്പന്നങ്ങൾ,

റ്റി.എം.ആർ. (Total Mix Ration) കാലിതീറ്റ, ചാണകപ്പൊടി എന്നിവ വിതരണം ചെയ്യുന്നുണ്ട്. ഭക്ഷ്യ ഉല്പന്നങ്ങളും സ്വയം നിർമ്മിക്കുന്നുണ്ട്. തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് മുകളിൽ പറഞ്ഞവ MRDF ൽ നിന്ന് നേരിട്ട് വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

MRDF-ന്റെ ഉല്പന്നങ്ങളുടെ ഗുണമേന്മയും വിലയും പരിശോധിച്ച് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയതനുസരിച്ച് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് നൽകി.

**<u>റിപ്പോർട്ട്</u> :-** MRDF ഉൽപ്പാദിപ്പിക്കുന്ന വിവിധ തരം കാലിത്തീറ്റ ഉല്പന്നങ്ങളുടെ വില താഴെ പറയും പ്രകാരമാണ്. ഇവയുടെ ഗുണനിലവാരം കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റിയിലെ, ഡിപ്പാർട്ട്മെന്റ് ഓഫ് അനിമൽ ന്യൂട്രീഷനിലെ ഫീഡ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ പരിശോധിച്ചതു പ്രകാരമുള്ള റിപ്പോർട്ടും നൽകിയിട്ടുണ്ട്.

**<u>MRDF കാലിത്തീറ്റ / TMR എന്നിവയുടെ കമ്പോളവില</u>**

| | | |
|---|---|---|
| 1 | മെയ്സ് പൗഡർ (25 കിലോ ഗ്രാം ബാഗ് ) | Rs. 775/- |
| 2 | ഗ്രൗണ്ട് നട്ട് കേക്ക് (**BIS Std 1) (25** കിലോഗ്രാം ബാഗ് ) | Rs. 1240/- |
| 3 | കോട്ടൺ സീഡ് കേക്ക് (25 കിലോ ഗ്രാം ബാഗ് ) | Rs. 975/- |
| 4 | മെയ്സ് ബ്രാൻ (50 കിലോ ഗ്രാം ബാഗ് ) | Rs. 1140/- |
| 5 | വീറ്റ് ബ്രാൻ (50 കിലോ ഗ്രാം ബാഗ് ) | Rs. 1150/- |
| 6 | ടി.എം.ആർ.ഫീഡ് (25 കിലോ ഗ്രാം ബാഗ് ) | Rs. 605/- |
| 7 | കോൺ ഗ്ലൂട്ടൻ ഫീഡ് (40 കിലോഗ്രാം ബാഗ്) | Rs. 1000/- |

ഈ ഉല്പന്നങ്ങൾ കന്നുകാലികൾക്ക് നൽകുന്നത് സംബന്ധിച്ച് അനിമൽ ന്യൂട്രീഷ്യൻ വിദഗ്ധരുടെ അഭിപ്രായം ആരാഞ്ഞിരുന്നു. ഇതനുസരിച്ച് മെയ്സ് ബ്രാൻ, മെയ്സ് പൗഡർ, വീറ്റ് ബ്രാൻ, കോൺ ഗ്ലൂട്ടൻ ഫൈബർ, കോട്ടൺ സീഡ് കേക്ക്, ഗ്രൗണ്ട് നട്ട് കേക്ക് എന്നിവ തീറ്റ ഘടകങ്ങൾ ആണ്. ഇത്തരം തീറ്റ ഘടകങ്ങൾ കൃത്യമായ അനുപാതത്തിൽ ചേർത്ത് ആവശ്യമായ ഗുണമേന്മ ഉറപ്പുവരുത്തി അംഗീകൃത കാലിത്തീറ്റ നിർമ്മാണ സ്ഥാപനങ്ങളിൽ ഉല്പാദിപ്പിക്കുന്ന Compounded cattle feed വിപണിയിൽ സുലഭമായതിനാൽ അവയാണ് ഇപ്പോൾ കൂടുതൽ കർഷകരും കന്നുകാലികൾക്ക് നൽകിവരുന്നത്. ഇത്തരത്തിൽ ഗുണമേന്മയുള്ള കാലിത്തീറ്റ (Compounded cattle feed) സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളായ മിൽമ, കേരള ഫീഡ്സ് എന്നിവിടങ്ങളിൽ നിന്നും ഉൽപ്പാദിപ്പിക്കുകയും അവ മിതമായ വിലയിൽ കർഷകർക്ക് ലഭ്യമാക്കുകയും ചെയ്തുവരുന്നുണ്ട്. മേൽ സൂചിപ്പിച്ച തീറ്റ ഘടകങ്ങളുടെ ഗുണനിലവാരം ഓരോ ബാച്ചിലും വ്യത്യസ്തമായിരിക്കുമെന്നതിനാൽ വിപണിയിൽ എത്തിക്കുന്നതിന് മുമ്പായി ഓരോ ബാച്ചും Feed Analytical ലാബിൽ ടെസ്റ്റ് ചെയ്തു ഗുണനിലവാരം ഉറപ്പു വരുത്തേണ്ടതുണ്ട്.

കന്നുകാലികൾക്ക് അത്യാവശ്യമായ തീറ്റപ്പുല്ല്, വൈക്കോൽ തുടങ്ങിയ പരുഷാഹാരത്തിന്റെ ലഭ്യതകുറവു പരിഹരിക്കുന്നതിനാണ് Total Mixed Ration (TMR) തീറ്റ

നൽകുന്നത് (Mixing roughage and concentrate portions). National Research Council (2001) പ്രകാരം TMR തീറ്റയിൽ കുറഞ്ഞത് 33-35% Netutral Detergent Fibre (NDF), 18-19% Acid Detergent Fibre (ADF) എന്നിവ ഉണ്ടായിരിക്കണം. കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റിയിലെ അനിമൽ ന്യൂട്രീഷൻ ഡിപ്പാർട്ട്മെന്റിൽ നടത്തിയ റിസർച്ച് വർക്കിൽ വൈക്കോൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന TMR തീറ്റയിൽ CP (Crude protein) - 12 -13%, CF (Crude Fibre) - 14-15%, NDF 35%, ADF 19% എന്നിവ ഉണ്ടെങ്കിൽ മാത്രമേ അവ പാലുൽപ്പാദനമുള്ള പശുക്കൾക്ക് നൽകുന്നത് ഗുണകരമാവുകയുള്ളു എന്ന് കണ്ടെത്തിയിട്ടുണ്ട്. അനിമൽ ന്യൂട്രീഷൻ ഡിപ്പാർട്ട്മെന്റിന്റെ ടെസ്റ്റ് റിപ്പോർട്ട് പ്രകാരം MRDF ന്റെ TMR തീറ്റയിൽ 20% CP (Crude protein), 11.7% CF (Crude Fibre) മാത്രം ഉണ്ട്. TMR ൽ Crude fibre ലെവൽ 14-15% ഉണ്ടെങ്കിൽ മാത്രമേ TMR ഫീഡിന്റെ പ്രയോജനം ലഭിക്കുകയുള്ളു. അല്ലെങ്കിൽ TMR നൽകുന്നതിനോടൊപ്പം വീണ്ടും കർഷകർ പരുഷാഹാരം തീറ്റയിൽ ഉൾപ്പെടുത്തേണ്ടി വരും.

TMR എന്നത് ഒരു പൂർണ്ണ ആഹാരമാണ് (complete ration) MRDF ന്റെ TMR തീറ്റയിൽ Crude fiber ന്റെ അളവ് കുറവായതിനാൽ ഇത്തരത്തിൽ കോംപൗണ്ട് ചെയ്ത TMR ശുപാർശ ചെയ്യാൻ സാധിക്കുകയില്ല.

**തീരുമാനം :-** MRDF ന്റെ ഉല്പന്നങ്ങളുടെ ഗുണനിലവാരം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തണം. ഇതനുസരിച്ച് ഗുണനിലവാരം മെച്ചപ്പെടുത്തിയതിനുശേഷം മൃഗസംരക്ഷണവകുപ്പ് ഡയറക്ടർ മുഖേന MRDF നൽകുന്ന മുറയ്ക്ക് പിന്നീട് പരിഗണിക്കുന്നതാണ്. മൃഗസംരക്ഷണ വകുപ്പ് നൽകിയ റിപ്പോർട്ട് തുടർനടപടിക്കായി MRDF നു നൽകണം.

**നടപടി:- മൃഗസംരക്ഷണവകുപ്പ് ഡയറക്ടർ**
**തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**

**2.2 <u>02.06.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ</u>**

**<u>2.2 ഖണ്ഡിക 3.7</u>**

പട്ടികവർഗ്ഗ വിഭാഗത്തിലെ കുടുംബങ്ങൾ ഇല്ലായെങ്കിലും 2022-23 വർഷം റ്റി.എസ്.പി വിഹിതം ലഭിച്ചിട്ടുള്ള തദ്ദേശഭരണസ്ഥാപനങ്ങളുടെ വിവരം 02.06.2022 ലെ കോഓർഡിനേഷൻ കമ്മിറ്റിയിലെ യോഗ തീരുമാനപ്രകാരം നഗരകാര്യ ഡയറക്ടറും പഞ്ചായത്ത് ഡയറക്ടറും 26.07.22 ലെ യോഗത്തിൽ നൽകിയിരുന്നു.

**(i) നഗരസഭകൾ**

പട്ടികവർഗ്ഗ കുടുംബങ്ങൾ ഇല്ലാത്ത നാലു നഗരസഭകളാണ് ഉള്ളത്. നഗരകാര്യ ഡയറക്ടർ നൽകിയ ഈ ലിസ്റ്റ് Tribal Extention Officer പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | തദ്ദേശഭരണസ്ഥാപനത്തിന്റെ പേര് | ഈവർഷം അനുവദിച്ച റ്റി.എസ്.പി വിഹിതം |
|---|---|---|
| 1 | തൃശ്ശൂർ കോർപ്പറേഷൻ | 2,81,000 രൂപ |

| | | |
|---|---|---|
| 2 | കോഴിക്കോട് കോർപ്പറേഷൻ | 1,38,000 രൂപ |
| 3 | കണ്ണൂർ കോർപ്പറേഷൻ | 11,79,000 രൂപ |
| 4 | കൊയിലാണ്ടി നഗരസഭ | 2,65,000 രൂപ |

ഇത് Tribal Extention Officer കൂടി സാക്ഷ്യപ്പെടുത്തി പട്ടികവർഗ്ഗ വികസന ഡയറക്ടർ ശുപാർശ ചെയ്യുന്ന മുറയ്ക്ക് ഈ വിഹിതം മറ്റു തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വീതിച്ചു നൽകുന്നതിനായി ധനവകുപ്പിനു നൽകണം. ഇതിനാവശ്യമായ നടപടി നഗരകാര്യ ഡയറക്ടറും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറും സ്വീകരിക്കണം.

(ii) **ഗ്രാമപഞ്ചായത്ത്** – പട്ടികവർഗ്ഗ വിഭാഗ കുടുംബങ്ങൾ ഇല്ലാതെ റ്റി.എസ്.പി വിഹിതം ലഭിച്ചിട്ടുള്ളത് തിക്കോടി ഗ്രാമപഞ്ചായത്തിനു മാത്രമാണ്. വിഹിതം – 6,78,000 രൂപ. ഈ ഗ്രാമപഞ്ചായത്തിൽ പട്ടികവർഗ്ഗ കുടുംബങ്ങൾ ഇല്ലായെന്ന് Tribal Extention Officer സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞവർഷം റ്റി.എസ്.പി വിഹിതം അനുവദിച്ചിരുന്നുവെങ്കിലും പട്ടികവർഗ്ഗ കുടുംബം ഇല്ലാത്തതിനാൽ റ്റി.എസ്.പി വിഹിതം ചെലവഴിച്ചില്ല. അതിനാൽ ഈ വർഷം വികസനഫണ്ട് ജനറലിൽ 5,42,400 രൂപ കുറവു ചെയ്ത് പരിഹാര തുകയായി മാറ്റിയിട്ടുണ്ട്. (ഈ വർഷത്തെ ആകെ റ്റി.എസ്.പി വിഹിതം 12,20,400 രൂപ) അതിനാൽ വികസന ഫണ്ട് ജനറലിൽ കുറവു ചെയ്തു (പരിഹാര തുക) തിരികെ ജനറൽ ഫണ്ടിലാക്കി നൽകണമെന്ന് പഞ്ചായത്ത് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

ഇതനുസരിച്ച് പട്ടികവർഗ്ഗവികസനവകുപ്പ് ഡയറക്ടറുടെ പ്രതിനിധി വിശദാംശം ഇന്നത്തെ യോഗത്തിൽ (21.08.2022) അവതരിപ്പിച്ചു.

| ക്രമ നമ്പർ | തദ്ദേശഭരണസ്ഥാപനത്തിന്റെ പേര് | പട്ടികവർഗ്ഗ കുടുംബങ്ങൾ |
|---|---|---|
| 1 | തൃശ്ശൂർ കോർപ്പറേഷൻ | 2 |
| 2 | കോഴിക്കോട്ടു കോർപ്പറേഷൻ | 3 |
| 3 | കണ്ണൂർ കോർപ്പറേഷൻ | 21 |
| 4 | കൊയിലാണ്ടി നഗരഭ | 1 |
| 5 | തിക്കോടി ഗ്രാമപഞ്ചായത്ത് | കുടുംബങ്ങൾ ഇല്ല |

പട്ടികവർഗ്ഗ വികസന ഡയറക്ടർ അറിയിച്ച വിവിരങ്ങൾ കത്തായി ഉടനെതന്നെ നൽകണമെന്ന് യോഗം നിർദ്ദേശിച്ചു. ഡയറക്ടർ അറിയിച്ച പ്രകാരം താഴെ പറയുന്ന തീരുമാനമെടുത്തു.

**തീരുമാനം :–** കുടുംബങ്ങളുടെ എണ്ണമനുസരിച്ച് നിലവിലെ മാനദണ്ഡപ്രകാരം റ്റി.എസ്.പി വിഹിതം പുനഃക്രമീകരിക്കാൻ ധനവകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു. തിക്കോടി ഗ്രാമപഞ്ചായത്തിന് ഈ വർഷം അനുവദിച്ച തുക മറ്റ് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് മാനദണ്ഡപ്രകാരം വീതിച്ചു നൽകണമെന്നും ധനവകുപ്പിനോടാവ

ശ്യപ്പെടാൻ തീരുമാനിച്ചു. ഒപ്പം തിക്കോടി ഗ്രാമപഞ്ചായത്ത് കഴിഞ്ഞവർഷം പരിഹാരതുകയായി വികസനഫണ്ട് ജനറലിൽ നിന്നു മാറ്റി വച്ച തുക 5,42,400 രൂപ വികസന ഫണ്ട് ജനറലിലേക്ക് തിരികെ മാറ്റാൻ തീരുമാനിച്ചു. ഇതിനാവശ്യമായ നടപടി സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പും ഐ.കെ.എം-ഉം സ്വീകരിക്കണം. നഗരസഭകളുടെ കാര്യത്തിൽ ആവശ്യമായ തുടർനടപടി നഗരകാര്യഡയറക്ടർ സ്വീകരിക്കണം.

**നടപടി:- 1) പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ**
**2) നഗരകാര്യ ഡയറക്ടർ**
**3)പഞ്ചായത്ത് ഡയറക്ടർ**
**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**2.3 26.07.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗതീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.3 ഖണ്ഡിക 3.8**

പുതുതായി DDO കോഡ് ആവശ്യമുള്ളവരുടെ ലിസ്റ്റ് തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്നു ശേഖരിച്ച് പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നിവർ ധനവകുപ്പിനു നൽകണമെന്ന് 26.07.2022 ലെ യോഗത്തിൽ നിർദ്ദേശിച്ച പ്രകാരം പഞ്ചായത്തു ഡയറക്ടറും ഗ്രാമവികസന കമ്മീഷണറും ലിസ്റ്റ് ധനവകുപ്പിനു നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. നഗരസഭകളിൽ നിന്നുള്ള ലിസ്റ്റ് ഉടനെ തന്നെ നൽകണമെന്ന് നഗരകാര്യ ഡയറക്ടറോടു നിർദ്ദേശിച്ചു. ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് ഇവർക്ക് DDO കോഡ് ട്രഷറിയിൽ നിന്ന് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ധനവകുപ്പ് പ്രതിനിധി അറിയിച്ചു.

**നടപടി:- 1) നഗരകാര്യ ഡയറക്ടർ**
**2)ധനവകുപ്പ്**
**തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**

**2.3 ഖണ്ഡിക 4.5**

**കാസർഗോഡ് നഗരസഭ**

**കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.04.2022 ലെ കത്തും കാസർഗോഡ് മുനിസിപ്പൽ കൗൺസിലിന്റെ 20.01.2021 ലെ 1-ാം നമ്പർ തീരുമാനവും (SRG 472/22- CC /292/21).**

കാസർഗോഡ് നഗരസഭയിലെ 20-ാം വാർഡിൽ കരിപ്പൊടി റോഡ് വീതി കൂട്ടുന്നതിന് 18.08.2015 ലെ കൗൺസിൽ തീരുമാനിക്കുകയും (തീരുമാനം നമ്പർ 37) പ്രവൃത്തി നടപ്പാക്കുകയും ചെയ്തു. ഇതിന് ജില്ലാ ആസൂത്രണ സമിതിയുടെ അനുമതിയില്ല. എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. പ്രവൃത്തി 31.08.2015 ലാണ് ടെണ്ടർ ചെയ്തത്. ഇതിന്റെ എസ്റ്റിമേറ്റ് 9.80 ലക്ഷം രൂപയാണ്. ബിൽ തുക 8,85,356 രൂപ. നഗരസഭാ കൗൺസിലിന്റെ തീരുമാന പ്രകാരം ചെയ്ത പ്രവൃത്തി സാധൂകരിച്ച് ബിൽ നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** 1) പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിയുടെ അനുമതി കൂടാതെ പ്രവൃത്തി ചെയ്തത് ക്രമ വിരുദ്ധമാണ് എന്ന് യോഗം വിലയിരുത്തി.

2) ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശ സ്വയം ഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

ഇതു സംബന്ധിച്ച റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കുമുമ്പ് നൽകണമെന്ന് 21.08.2022 ലെ യോഗം നിർദ്ദേശിച്ചു.

**നടപടി:- 1) തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ**

**2)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**2.3 ഖണ്ഡിക 4.15**

**കാമാക്ഷി ഗ്രാമപഞ്ചായത്ത്**

**കാമാക്ഷി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 10.05.2022 ലെ** A4-4140/21-ാം **നമ്പർ കത്തും ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.03.2022 ലെ കത്തും (SRG 357**/22 – CC/233/**22).**

| | | |
|---|---|---|
| *പ്രോ.നം: 106/21* | ***അടങ്കൽ*** | ***20,00,000 രൂപ*** |
| | *സി.എഫ്.സി– ബെയ്സിക് ഗ്രാന്റ്* | *10,00,000 രൂപ* |
| | *വികസന ഫണ്ട്– ജനറൽ* | *4,13,680 രൂപ* |
| | *തനത് ഫണ്ട്* | *5,86,320 രൂപ* |
| ***പേര്:*** | ***മാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ലക്സ് സ്ഥലം വാങ്ങൽ*** | |

കാമാക്ഷി ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാന്റ് സ്ഥിതി ചെയ്യുന്നത് തങ്കമണിയിലാണ്. ബസ് സ്റ്റാന്റിലേക്ക് ബസ്സുകൾ കയറി ഇറങ്ങുന്നതിന് മതിയായ സ്ഥല സൗകര്യം ഇല്ല. ബസ്സുകൾ ബസ് സ്റ്റാന്റിൽ കയറാത്തതിനാൽ ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ ലേലത്തിന് പോകുന്നില്ല. ബസ് സ്റ്റാന്റിലേക്ക് കയറി ഇറങ്ങാൻ സൗകര്യമൊരുക്കുന്നതിന് ജിജി മോൾ തോമസ്, വേഴമ്പശ്ശേരിൽ എന്നയാളുടെ 02.28 ആർ സ്ഥലം (സർവ്വേ നമ്പർ 257/16 PT2, 257/17PT2, 257/39PT1) വാങ്ങാനുദ്ദേശിക്കുന്നു. സ്ഥലമുടമയുമായി ചർച്ച ചെയ്തു. വില്ലേജ് ഓഫീസറുടെ വാല്യുവേഷൻ പ്രകാരം ഈ സ്ഥലത്തിന്റെ വില 9,04,907 രൂപയാണ്. സ്ഥലമുടമ ആവശ്യപ്പെടുന്നത് 45.00 ലക്ഷം രൂപയാണ്. വില്ലേജ് ഓഫീസർ നിശ്ചയിച്ച തുകയോടൊപ്പം 30 ശതമാനം കൂടി (സൊലേഷ്യം) ചേർത്താലും സ്ഥലമുടമ ആവശ്യപ്പെടുന്നതിനേക്കാൾ വളരെ കുറവാണ്. അതിനാൽ സ്ഥലമുടമ ആവശ്യപ്പെടുന്ന 45.00 ലക്ഷം രൂപയ്ക്ക് സ്ഥലം വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

പഞ്ചായത്ത് ഡയറക്ടർ ഇതു നേരിട്ട് പരിശോധിച്ച് റിപ്പോർട്ട് നൽകാമെന്ന് 21.08.2022 ലെ യോഗത്തിൽ അറിയിച്ചു. ഇതു സംബന്ധിച്ച റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കുമുമ്പ് നൽകണം.

**നടപടി :- 1) പഞ്ചായത്ത് ഡയറക്ടർ**

**2)തദ്ദേശസ്വയംഭരണ (ആർ.ഇ) വകുപ്പ്**

**2.3 ഖണ്ഡിക 4.28**

**പള്ളിക്കര ഗ്രാമപഞ്ചായത്ത്**

**കാസർകോട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.03.2022 ലെ കത്ത് (SRG 365/22 – CC/656/2021)**

| | | |
|---|---|---|
| ***പ്രോ.നം: 113/22*** | ***അടങ്കൽ*** | ***1,68,721 രൂപ*** |
| | *വികസനഫണ്ട് ജനറൽ* | *68,721 രൂപ* |
| | *തനത് ഫണ്ട്* | *1,00,000 രൂപ)* |
| ***പേര്*** | ***വിശപ്പുരഹിത കേരളം- ജനകീയ ഹോട്ടൽ*** | |

വിശപ്പുരഹിത കേരളം പദ്ധതിയിൽ പള്ളിക്കര ഗ്രാമപഞ്ചായത്തിൽ രണ്ടു ജനകീയ ഹോട്ടൽ പ്രവർത്തിക്കുന്നുണ്ട്. ഈ ഹോട്ടലുകളിൽ ഒരു ഊണിന് 5 രൂപ പ്രകാരം ഒരു ഹോട്ടലിന് ഒരു വർഷം പരമാവധി 50,000 രൂപ നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

കുടുംബശ്രീയടക്കം മറ്റ് വകുപ്പുകളുടെ സഹായം ജനകീയ ഹോട്ടലുകൾക്ക് ലഭിക്കുന്ന സാഹചര്യത്തിൽ ഈ ആവശ്യം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ 26.07.22 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം ചുമതലപ്പെടുത്തിയ പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്** :- 2022-23 വർഷം ഈ പ്രോജക്ട് സ്പിൽ ഓവറായി ഗ്രാമപഞ്ചായത്ത് ഉൾപ്പെടുത്തിയിട്ടില്ല. കുടുംബശ്രീ 10 രൂപ നിരക്കിൽ ഊണിന് നൽകുന്നുണ്ട്. സംസ്ഥാന പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തിയാണ് ഇത് നൽകുന്നത്. ഈ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് അധിക തുക നൽകേണ്ടതില്ല.

**തീരുമാനം :-** കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനുമതി നിരസിച്ചു.

**നടപടി :- തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

**2.3 ഖണ്ഡിക 4.40**

**നാദാപുരം ഗ്രാമപഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.04.2022 ലെ കത്ത് (SRG 483/22 – CC/289/2021)**

| | | |
|---|---|---|
| ***പ്രോ.നം: 142/22*** | ***അടങ്കൽ*** | ***5,00,000 രൂപ***<br>*(വികസനഫണ്ട് ജനറൽ)* |
| ***പേര്*** | ***ഹൈമാസ്റ്റ് ലൈറ്റ് വാങ്ങൽ*** | |

ഹൈമാസ്റ്റ് സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് 2018-19 ൽ ഉൾപ്പെടുത്തിയിരുന്നു. 2019-20 ൽ ഇതു പൂർത്തീകരിച്ചു. സാങ്കേതികാനുമതി കൂടാതെയാണ് പ്രോജക്ട് നടപ്പാക്കിയത്. ഒപ്പം ഇതിന് ഗുണനിലവാര സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. അതിനാൽ ബിൽതുക നൽകാൻ കഴിയുന്നില്ല. നാദാപുരം താലൂക്കാശുപത്രി കോമ്പൗണ്ടിലും കല്ലാച്ചി പഴയ മാർക്കറ്റ് ജീപ്പ് സ്റ്റാന്റിനു സമീപവുമാണ് ലൈറ്റ് സ്ഥാപിച്ചത്. ടെണ്ടർ നടപടിക്രമം പാലിച്ച് പവർലൈൻ ഏജൻസീസ്, കോഴിക്കോട് എന്ന സ്ഥാപനത്തെയാണ് പ്രവൃത്തി ഏല്പിച്ചത്. ലൈറ്റ് സ്ഥാപിക്കാൻ PWD

റോഡ് ഡിവിഷൻ, KWA, BSNL, KSEB എന്നിവർക്കെല്ലാം NOC ക്കായി കത്തു നൽകിയെങ്കിലും ഇത് ലഭിച്ചില്ല. പ്രവൃത്തി ചെയ്ത ഏജൻസി ബിൽ തുക ലഭിക്കാൻ നിയമ നടപടിക്ക് ഒരുങ്ങുന്നു എന്ന് അറിയിച്ചിട്ടുണ്ട്. ബിൽ തുക നൽകി പ്രശ്നം പരിഹരിക്കാൻ കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-**

1) സാങ്കേതികാനുമതി ബന്ധപ്പെട്ട വകുപ്പ് / ഏജൻസിയുടെ NOC ഇല്ലാതെ പ്രോജക്ട് നടപ്പാക്കിയത് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ്.
2) ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ 26.07.2022 ലെ യോഗം ചുമതലപ്പെടുത്തിയിരുന്നു. ഇതു സംബന്ധിച്ച റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കു മുമ്പ് നൽകണം.

**നടപടി :- തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ**

**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**3. പൊതുവിഷയം**

**1)** പട്ടികവർഗ്ഗ കുടുംബങ്ങൾ ഇല്ലാത്ത ചില തദ്ദേശഭരണസ്ഥാപനങ്ങളിൽ ഈ വർഷം റ്റി.എസ്.പി വിഹിതം അനുവദിച്ചിട്ടില്ലെങ്കിലും കഴിഞ്ഞവർഷം റ്റി.എസ്.പി വിഹിതം ലഭിച്ചിരുന്നു. ഉദാ. പാലക്കാട് നഗരസഭ. ഇവിടെ പട്ടികവർഗ്ഗ കുടുംബങ്ങൾ ഇല്ലാത്തതിനാൽ തുക ചെലവഴിച്ചില്ല. അതിനാൽ സുലേഖ സോഫ്റ്റ് വെയറിലെ ക്രമീകരണമനുസരിച്ച് ഈ തദ്ദേശഭരണസ്ഥാപനങ്ങൾ പരിഹാര തുക വകയിരുത്തണം. അതായത് ഒരു നിശ്ചിത തുക വികസന ഫണ്ട് ജനറലിൽ നിന്ന് റ്റി.എസ്.പിയിലേയ്ക്ക് മാറ്റിയിട്ടുണ്ട്. പട്ടിക വർഗ്ഗ കുടുംബങ്ങൾ ഇല്ലാത്തതിനാൽ ഈ തുക ചെലവഴിക്കാൻ ഇവർക്ക് കഴിയില്ല. ഈ പരിഹാരതുക തിരികെ വികസന ഫണ്ട് ജനറലിലേക്ക് മാറ്റി നൽകാൻ തീരുമാനിച്ചു. ഇതിനായി അതത് തദ്ദേശഭരണസ്ഥാപനം ഭരണസമിതി തീരുമാനം സഹിതം നൽകുന്ന മുറയ്ക്ക് ഇതിനുള്ള ക്രമീകരണം ചെയ്യാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിനേയും ഐ.കെ.എം – നേയും ചുമതലപ്പെടുത്തി.

**നടപടി :- 1)സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്**

**2)എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**

**3)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**2)** തദ്ദേശഭരണസ്ഥാപനങ്ങളുടെ 2022–23ലെ വാർഷിക പദ്ധതി ജില്ലാ ആസൂത്രണസമിതി അംഗീകരിക്കേണ്ട അവസാന തീയതി ഈ മാസം 3–ാം തീയതി ആയിരുന്നു. 4 തദ്ദേശഭരണസ്ഥാപനങ്ങൾ ഒഴിച്ച് എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും വാർഷിക പദ്ധതി ജില്ലാ ആസൂത്രണസമിതിക്കു സമർപ്പിച്ചു. പ്രോജക്ടുകൾ സമയബന്ധിതമായി നിർവ്വഹണം ആരംഭിച്ച് ഫെബ്രുവരിയോടെ പൂർത്തിയാക്കിയെങ്കിൽ മാത്രമെ മാർച്ചിൽ എല്ലാ പ്രവർത്തികളുടേയും ബിൽ നൽകാൻ കഴിയൂ. ഇതിനിടയിൽ വാർഷിക പദ്ധതി തുടർച്ചയായി ഭേദഗതി ചെയ്യുന്നത് പ്രോജക്ട് നിർവ്വഹണത്തെ ബാധിക്കും. എന്നിരുന്നാലും വാർഷിക പദ്ധതിയിൽ അത്യാവശ്യം ഭേദഗതികൾ വേണ്ടി വരും. ഈ വർഷം ഇനി പരമാവധി രണ്ടോ മൂന്നോ പ്രാവശ്യം മാത്രം വാർഷിക പദ്ധതി

ഭേദഗതി അനുവദിക്കുന്ന രീതിയിൽ പദ്ധതി നിർവ്വഹണം ചിട്ടപ്പെടുത്തുന്നത് സംബന്ധിച്ച് യോഗം ചർച്ച ചെയ്തു.

ഒപ്പം ഭാവിയിൽ വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നതിനുള്ള സമയക്രമവും അവസരവും ക്രമപ്പെടുത്തുന്നതിനും മാനദണ്ഡം നിശ്ചയിക്കുന്നത് നല്ലതാണെന്നും യോഗം വിലയിരുത്തി. എന്നാൽ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പ്രധാന പദ്ധതികൾ, പെട്ടെന്നുണ്ടാകുന്ന സാഹചര്യമനുസരിച്ച് നടപ്പാക്കേണ്ട പരിപാടികൾ എന്നിവ കൂട്ടി ചേർക്കാനായി പ്രത്യേകം അവസരം നൽകേണ്ടി വരും. ഇതു കൂടി പരിഗണിച്ചുവേണം വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നതിന്റെ സമയക്രമം നിശ്ചയിക്കേണ്ടത്. ഇതു സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിനേയും ഐ.കെ.എം നേയും ചുമതലപ്പെടുത്തി.

**നടപടി :- 1)സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്**
**2)എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**
**3)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**3)** തദ്ദേശഭരണസ്ഥാപനങ്ങളുടെ വിവിധ അക്കൗണ്ടുകളിൽ പല സ്കീമുകൾക്കായി ലഭിച്ച തുക ചെലവഴിക്കപ്പെടാതെ കിടക്കുന്നുണ്ട്. നിർത്തലാക്കപ്പെട്ട സ്കീമുകളുടെ ഇനി ചെലവഴിക്കാൻ കഴിയാത്ത തുകയുടെ വിശദാംശങ്ങൾ ഓരോ തദ്ദേശഭരണസ്ഥാപനത്തിൽ നിന്നും വകുപ്പ മേധാവികൾ ശേഖരിക്കണം. ഗ്രാമപഞ്ചായത്തുകളിലും ജില്ലാ പഞ്ചായത്തുകളിലും ചെലവഴിക്കപ്പെടാതെ കിടക്കുന്ന തുക സംബന്ധിച്ച വിവരം പഞ്ചായത്ത് ഡയറക്ടറും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ചെലവഴിക്കപ്പെടാതെ കിടക്കുന്ന തുകയുടെ വിവരം നഗരകാര്യ ഡയറക്ടറും ബ്ലോക്കു പഞ്ചായത്തുകളിലെ വിവരം ഗ്രാമവികസന കമ്മീഷണറും ശേഖരിച്ചു നൽകണം. താഴെ പറയുന്ന ഫോർമാറ്റ് ഒരു മാതൃക മാത്രമാണ്. ഓരോ വകുപ്പ് മേധാവികളും ബന്ധപ്പെട്ട സ്ഥാപനത്തിന്റെ വിവരങ്ങൾ മാത്രം നൽകിയാൽ മതി. ചെലവഴിക്കപ്പെടാതെ കിടക്കുന്ന തുക ഏതു സ്കീമുകളിലാണെന്നു താഴെ പറയും പ്രകാരം വ്യക്തമാക്കി വേണം വിവരങ്ങൾ ക്രോഡീകരിച്ചു നൽകേണ്ടത്.

| **തദ്ദേശഭരണ സ്ഥാപനം** | **ചെലവഴിക്കപ്പെടാത്ത തുക സംബന്ധിച്ച വിവരം** | | | | |
|---|---|---|---|---|---|
| | **തുക നൽകിയ ഏജൻസിയുടെ പേര്** | **തുക നൽകിയ വർഷം** | **സ്കീമിന്റെ പേര്** | **തുക (രൂപ)** | **കുറിപ്പ്** |
| ഗ്രാമപഞ്ചായത്ത് | | | | | |
| ബ്ലോക്ക് പഞ്ചായത്ത് | | | | | |
| ജില്ലാ പഞ്ചായത്ത് | | | | | |
| മുനിസിപ്പാലിറ്റി | | | | | |
| കോർപ്പറേഷൻ | | | | | |

**നടപടി :- 1)ഗ്രാമവികസന കമ്മീഷണർ**
**2)നഗരകാര്യഡയറക്ടർ**
**3) പഞ്ചായത്ത് ഡയറക്ടർ**
**4)തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**4)** വിവിധ പദ്ധതികൾക്ക് **NABARD** ധനസഹായം നൽകുന്നുണ്ട്. നബാർഡിൽ നിന്ന് ധനസഹായം ലഭിക്കുന്നതിന് അനുയോജ്യമായ പ്രോജക്ടുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതിയോടെ വേണം ധനവകുപ്പിനു നൽകേണ്ടത്. ഇത്തരം അനുയോജ്യമായ പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങളെ സഹായിക്കുന്നതിന് വിവിധ തലത്തിൽ ഹെൽപ് ഡെസ്ക് സ്ഥാപിക്കണം. ഇതു സംബന്ധിച്ച നടപടി പ്രിൻസിപ്പൽ ഡയറക്ടർ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറുമായി ആലോചിച്ച് സ്വീകരിക്കണം.

**നടപടി :- 1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്**
**2) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്**
**3)തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**5)** കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.07.2022 ലെ യോഗത്തിൽ തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നതിനായി ABC പദ്ധതിയുടെ വിശദമായ മാർഗ്ഗരേഖ അംഗീകരിച്ചിരുന്നു. ഇതുപ്രകാരം ഒരു നായയെ പിടിക്കുന്നതിന് 200 രൂപ നിരക്കിൽ ഡോഗ് കാച്ചേഴ്സിന് നൽകണമെന്നാണ് നിർദ്ദേശിച്ചിരുന്നത്. മൃഗസംരക്ഷണവകുപ്പ് ഡയറക്ടറുടെ പ്രതിനിധി 21.08.2022 ലെ യോഗത്തിൽ ആവശ്യപ്പെട്ട പ്രകാരം ഒരു നായയെ പിടിക്കുന്നതിനുള്ള നിരക്ക് പരമാവധി 300 രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചു.

**നടപടി :- തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

**6)** വിശപ്പുരഹിത കേരളം പദ്ധതിയിൽ തദ്ദേശഭരണസ്ഥാപനങ്ങളിൽ ജനകീയ ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ട്. ചില ജനകീയ ഹോട്ടലുകളിൽ കുടുംബശ്രീ നൽകേണ്ട ധനസഹായ തുക ലഭിക്കുന്നില്ല എന്ന് യോഗം വിലയിരുത്തി. ഇതു പരിശോധിച്ച് ഇങ്ങനെ ധനസഹായം ലഭിക്കാത്ത ജനകീയ ഹോട്ടലുകളുടെ വിശദാംശങ്ങൾ ശേഖരിച്ച് ലിസ്റ്റായി നൽകാനും തുടർ നടപടി സ്വീകരിക്കാനും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി :- 1) എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ**
**2)തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

**7)** കോഓർഡിനേഷൻ കമ്മിറ്റി തീരുമാന പ്രകാരം തുടർ നടപടി സ്വീകരിക്കേണ്ട വിഷയത്തിന്മേലുള്ള റിപ്പോർട്ട് തൊട്ടടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിനു മുമ്പായി എല്ലാ വകുപ്പ് മേധാവികളും നൽകണം.

**നടപടി :- 1) എല്ലാ വകുപ്പ് മേധാവികളും, ബന്ധപ്പെട്ട ഉദ്യോഗസ്ഥരും**
**2) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**8)** പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ (കുടുംബാരോഗ്യ കേന്ദ്രം), സാമൂഹ്യാരോഗ്യ കേന്ദ്രം, താലൂക്കാശുപത്രി, ജനറൽ ആശുപത്രി, ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ അടിസ്ഥാന സൗകര്യമൊരുക്കുന്നതിൽ തദ്ദേശഭരണസ്ഥാപനങ്ങൾ നല്ല രീതിയിൽ വിഹിതം വകയിരുത്തുന്നുണ്ട്. മികച്ച സൗകര്യവും സേവനവും ഈ സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമായതിനാൽ സ്വാഭാവികമായും രോഗികളുടെ **(OP, IP)** എണ്ണം കൂടിയിട്ടുണ്ട്.

ഇതനുസരിച്ച് കൂടുതൽ ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫടക്കമുള്ള മറ്റു ജീവനക്കാർ എന്നിവരെ നിയമിക്കേണ്ടത് ആരോഗ്യ വകുപ്പാണ്. ഇപ്പോൾ തന്നെ പി.എച്ച്.സി കളിൽ ഒന്നു വീതം ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനേയും സി.എച്ച്.സികളിൽ രണ്ടു ഡോക്ടർമാരേയും പാരാമെഡിക്കൽ സ്റ്റാഫിനേയും തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്ന് നിയമിക്കാൻ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ താലൂക്കാശുപത്രികളിലും കോർപ്പറേഷൻ / മുനിസിപ്പാലിറ്റികളിലെ ബന്ധപ്പെട്ട ആശുപത്രികളിലും ഒരു ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കാൻ അനുമതിയുണ്ട്. ഇതിനു പുറമെ പല തദ്ദേശഭരണസ്ഥാപനങ്ങളും അധികമായി ഡോക്ടർമാരേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കാൻ അനുമതി ആവശ്യപ്പെടാറുണ്ട്. ഇതു വഴി ഭാവിയിൽ തദ്ദേശഭരണസ്ഥാപനങ്ങൾക്കുണ്ടാകുന്ന ചെലവ് ഭാരിച്ചതാണ്. ഈ സാഹചര്യത്തിൽ ഈ വിഷയം ഹെൽത്ത് ഡയറക്ടറുമായി ചർച്ച ചെയ്ത് ആരോഗ്യ വകുപ്പിൽ നിന്ന് തന്നെ ആവശ്യമായ അധിക സ്റ്റാഫിനെ നിയമിക്കുന്നതിന്റെ സാധ്യത പരിശോധിക്കാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് ചെയർമാനെ ചുമതലപ്പെടുത്തി.

**നടപടി :- 1) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്**
**2)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**9)** അലോപ്പതി മരുന്നുകൾ **Kerala Medical Service Corporation Limited** ൽ നിന്നു മാത്രമേ വാങ്ങാവൂ എന്ന് സബ്സിഡി – ധനസഹായ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇവിടെ നിന്നും മരുന്ന് ലഭിക്കാൻ കാലതാമസം വന്നാൽ പാലിയേറ്റീവ് അടക്കമുള്ള അത്യാവശ്യമരുന്നുകൾ കാരുണ്യ, മാവേലിസ്റ്റോർ, സപ്ലൈകോ, ജൻ ഔഷധി തുടങ്ങിയ സ്ഥാപനങ്ങളുടെ ഔട്ട് ലെറ്റുകളിൽ നിന്നും വാങ്ങാവുന്നതാണെന്നും മാർഗ്ഗരേഖയിൽ പറയുന്നുണ്ട്. ഈ സ്ഥാപനത്തോടൊപ്പം സഹകരണ സ്ഥാപനത്തിനു കീഴിലുള്ള (സഹകരണവകുപ്പിനു കീഴിലുള്ള) നീതി സ്റ്റോറിനെ കൂടി ഉൾപ്പെടുത്താൻ തീരുമാനിച്ചു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**10)** പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയ്ക്കായി മാറ്റിവയ്ക്കുന്ന വിഹിതം ഉപയോഗിച്ച് വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ, ആസൂത്രണ സമിതി യോഗങ്ങൾ, പദ്ധതി പ്രവർത്തനവുമായി ബന്ധപ്പെട്ട മറ്റു യോഗങ്ങൾ എന്നിവയിൽ വർക്കിംഗ് ഗ്രൂപ്പിലെയും ആസൂത്രണ സമിതിയിലേയും അനൗദ്യോഗികാംഗങ്ങൾക്ക് യാത്രാബത്ത നൽകാൻ പതിനാലാം പഞ്ചവത്സരപദ്ധതിയുടെ ആസൂത്രണമാർഗ്ഗരേഖ പ്രകാരം അനുമതിയുണ്ട്. ഇതിന് നിരക്ക് നിശ്ചയിച്ചിട്ടില്ലാത്തതിനാൽ വ്യക്തത കുറവുണ്ടെന്ന് തദ്ദേശഭരണസ്ഥാപനങ്ങൾ അറിയിച്ചിരുന്നു. ഇതിന്മേൽ താഴെ പറയുന്ന തീരുമാനമെടുത്തു.

യാത്രാബത്ത/ സിറ്റിംഗ് ഫീ ആയി ആകെ 300 രൂപ ഓരോ മീറ്റിംഗിനും നൽകാവുന്നതാണ്. പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയ്ക്കായി മാറ്റിവയ്ക്കുന്ന വിഹിതത്തിൽ നിന്നു വേണം ഇതിനുള്ള വിഹിതം കണ്ടെത്തേണ്ടത്.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

11) ഐ.റ്റികളിൽ നിന്ന് വിവിധ ട്രേഡുകളിൽ പഠനം പൂർത്തിയാക്കിയ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതർ ഉണ്ട്. ഇവർക്ക് സ്വന്തമായി ടൂൾ കിറ്റുകൾ ഇല്ലാത്തതിനാൽ അവർ പഠിച്ച തൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്നതിന് കഴിയാത്ത സാഹചര്യമുണ്ടെന്ന് യോഗം വിലയിരുത്തി. ഐ.റ്റി.ഐ, പോളിടെക്നിക് പാസ്സായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് അവരുടെ ട്രേഡിന് (ഇലക്ട്രീഷ്യൻ, പൈപ്പ് ഫിറ്റർ, വെൽഡിംഗ് തുടങ്ങിയ കോഴ്സുകൾ) അനുസരിച്ചുള്ള ടൂൾ കിറ്റ് വാങ്ങി നൽകാവുന്നതാണ്. ഏതൊക്കെ ഉപകരണങ്ങളാണ് നൽകാവുന്നതെന്നും ഇതിന്റെ യൂണിറ്റ് നിരക്കെന്താണെന്നും യൂണിറ്റ് നിരക്ക് നിശ്ചയിക്കാനുള്ള ജില്ലാതല കമ്മിറ്റി തീരുമാനിക്കണം. ജില്ലാതല കമ്മിറ്റിയിൽ ജില്ലയിലെ പോളിടെക്നിക് / ഐ.റ്റി.ഐ പ്രിൻസിപ്പൽമാരിൽ ഒരാളെ കൂടി ഉൾപ്പെടുത്തേണ്ടതാണ്. ടൂൾ കിറ്റിന് എസ്.സി/എസ്.റ്റി വിഭാഗത്തിന് 75 ശതമാനം സബ്സിഡിയാണ് നൽകാവുന്നത്. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കും ഇതിനുള്ള പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

12) പതിനാലാം പഞ്ചവത്സരപദ്ധതിയുടെ സബ്സിഡി ധനസഹായമാർഗ്ഗരേഖ 6.3 (5)ൽ "കന്നുകുട്ടി കാളക്കുട്ടി, പോത്തുകുട്ടി" എന്നിവ നൽകാമെന്ന് പറഞ്ഞിട്ടുണ്ട്. കന്നുകുട്ടി എന്നതു കൊണ്ട് പശുകിടാവും എരുമകിടാവും ഉൾപ്പെടും എന്ന് വ്യക്തത വരുത്തുന്നു. എന്നാൽ ഇവയ്ക്ക് രണ്ടിനം പ്രത്യേക യൂണിറ്റ് നിരക്ക് ജില്ലാതലത്തിൽ നിശ്ചയിക്കേണ്ടതാണ്.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4. പ്രത്യേക വിഷയം**

**====================**

**4.1 <u>കാസർഗോഡ് ജില്ലാ പഞ്ചായത്ത്</u>**

**കാസർകോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 21.03.2022-ലെ B4-2027/17-ാം നമ്പർ കത്തും കാസർകോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 26.05.2022 ലെ B4-2027/2017-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG 412/22).**

കാസർകോട് ജില്ലാപഞ്ചായത്ത് മറ്റ് തദ്ദേശഭരണസ്ഥാപനങ്ങളുടെ കൂടി ധനസഹായത്തോടെ ഭിന്നശേഷി വിഭാഗക്കാർക്കായി രണ്ടു പ്രോജക്ട് ഏറ്റെടുത്തിരുന്നു. ഇവ 2021-22 ൽ സ്പിൽഓവറായി ഉൾപ്പെടുത്തി.

| | | | |
|---|---|---|---|
| 1) | *പ്രോ.നം: 440/22* | *അടങ്കൽ* | *2,15,78,148 രൂപ* |
| | *പേര്* | *മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ജില്ലാതല കർമ്മ പദ്ധതി - 2017-18* | |
| 2) | *പ്രോ.നം: 441/22* | *അടങ്കൽ* | *53,71,660 രൂപ* |
| | *പേര്* | *കാസർകോട് ജില്ലാ ഭിന്ന ശേഷി സൗഹൃദ സംയോജിത പദ്ധതി 2018-19* | |

ഇതിൽ പ്രോജക്ട് നം. 440/22 - ൽ ഭവന നിർമ്മാണത്തിനു ധനസഹായവും ഉൾപ്പെടുത്തിയിരുന്നു. ഇതിൽ ഭവന നിർമ്മാണം ആരംഭിക്കാതിരുന്ന ഗുണഭോക്താക്കളെ

ഒഴിവാക്കി. ഈ പ്രോജക്ടിൽ 1,78,98,150 രൂപ മിച്ചമുണ്ട്. ഈ തുക കേരള ഗ്രാമീൺ ബാങ്ക്, വിദ്യാനഗർ ബ്രാഞ്ചിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഇതിൽ 90.00 ലക്ഷം രൂപ ഭവന നിർമ്മാണത്തിനു വകയിരുത്തിയതായിരുന്നു.

പ്രോജക്ട് നം. 441/22 ൽ കോക്ലിയർ ഇംപ്ലാന്റേഷൻ കഴിഞ്ഞവർക്ക് തുടർ ചികിത്സയും ഉൾപ്പെടുത്തിയിരുന്നു. ഗുണഭോക്താക്കളെ ലഭിക്കാത്തതിനാൽ ചെലവൊന്നും ആയില്ല. ഇതിൽ കോക്ലിയർ ഇംപ്ലാന്റ് ചെയ്തവരുടെ തുടർ ചികിത്സയ്ക്കായി മാറ്റി വച്ചിരുന്നതിൽ 30.00 ലക്ഷം രൂപ മിച്ചമുണ്ട്.

ഈ തുക ഉപയോഗിച്ച് (90 ലക്ഷം + 30 ലക്ഷം) ഭിന്നശേഷി സൗഹൃദ ഭവനം നിർമ്മിക്കാനുദ്ദേശിക്കുന്നു. നിലവിലെ യൂണിറ്റ് നിരക്കായ 4.00 ലക്ഷം രൂപ കുറവായതിനാൽ ഭിന്നശേഷിവിഭാഗക്കാരുള്ള കുടുംബങ്ങൾ ഭവന നിർമ്മാണത്തിനു തയ്യാറാകുന്നില്ല. മുൻകാലങ്ങളിൽ അന്ന് നിലവിലിരുന്ന നിരക്കിനെക്കാൾ അധികമായി 1.00 ലക്ഷം രൂപ കാസർകോട് ജില്ലയിലെ എൻഡോസൾഫാൻ ബാധിത പ്രദേശങ്ങളിലെ ഭിന്നശേഷിയുള്ളവർക്ക് നൽകിയിരുന്നു. ഭിന്നശേഷി സൗഹൃദമാകണമെന്ന ഉപാധികളോടെ ഭവന നിർമ്മാണത്തിന് നിലവിലെ നിരക്കിനേക്കാൾ (4.00 ലക്ഷം രൂപ) അധികമായി 1.00 ലക്ഷം രൂപ കൂടി ഉൾപ്പെടുത്തി 5.00 ലക്ഷം രൂപ നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-**

1) എൻഡോസൾഫാൻ ലിസ്റ്റിലുള്ളവർ ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉണ്ട് എങ്കിൽ അത്തരം കുടുംബങ്ങൾക്ക് മാത്രം ഭിന്നശേഷി സൗഹൃദ ഭവനമാകണമെന്ന നിബന്ധനയോടെ ലൈഫ് നിരക്കിനേക്കാൾ ഒരു ലക്ഷം രൂപ കൂടി (4.00 + 1.00 ലക്ഷം രൂപ) നൽകാൻ പ്രത്യേകാനുമതി നൽകുന്നു. എന്നാൽ ഇതിനുള്ള തുക പ്രോ.നം. 440/22 ന്റെ ബാലൻസ് തുകയിൽ നിന്നു കണ്ടെത്തണം.

2) കോക്ലിയർ ഇംപ്ലാന്റ് ചെയ്തവർക്ക് ഗുണഭോക്താക്കളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ ഗ്രാമപഞ്ചായത്തും നഗരസഭകളും 50,000 രൂപ നിരക്കിൽ കേരള സോഷ്യൽ സെക്യൂരിറ്റി മിഷനു നൽകണമെന്ന് പതിനാലാം പഞ്ചവത്സര പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. (2012-13 മുതൽ 2021 -22 വരെ ആകെ 71 പേർക്ക് ശ്രുതി തരംഗം പദ്ധതിയിൽ KSSM ധനസഹായത്തോടെ കാസർകോട് ജില്ലയിൽ കോക്ലിയർ ഇംപ്ലാന്റ് ചെയ്തിട്ടുണ്ട് എന്ന് യോഗം വിലയിരുത്തിയിട്ടുണ്ട്. ഇവയ്ക്കൊക്കെ റിപ്പയറിംഗ് ആവശ്യമായി വരും). കോക്ലിയർ ഉപകരണം മുടക്കം കൂടാതെ റിപ്പയർ ചെയ്തില്ലെങ്കിൽ കുട്ടികൾക്ക് കേൾവിസംബന്ധിച്ച് വലിയ പ്രശ്നമുണ്ടാകും എന്നതിനാൽ കോക്ലിയർ ഇംപ്ലാന്റിന്റെ തുടർ ചികിത്സയ്ക്കു മാറ്റിവച്ച തുക KSSM നു തന്നെ അടയ്ക്കാൻ

നിർദ്ദേശിക്കുന്നു. മിച്ചമുള്ള തുക ഭവന നിർമ്മാണത്തിന് ഉപയോഗിക്കാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

**4.2 ലേബർ കോൺട്രാക്ട് കോഓപ്പറേറ്റീവ് സൊസൈറ്റി**

**ബഹു.കുന്നമംഗലം എം.എൽ.എയുടെ 04.06.2022 ലെ K-286/2022-ാം നമ്പർ കത്തും കോഴിക്കോട് ജില്ലാ ലേബർ കോൺട്രാക്ട് കൺസ്ട്രക്ഷൻ കോഓപ്പറേറ്റീവ് സൊസൈറ്റി പ്രസിഡന്റിന്റേയും സെക്രട്ടറിയുടേയും 02.06.2022 ലെ കത്തും (SRG 568/22)**

ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് ടെണ്ടറിൽ പങ്കെടുക്കുമ്പോൾ 10 ശതമാനം പ്രൈസ് പ്രിഫറൻസ് ആനുകൂല്യം ലഭിക്കുന്നുണ്ട്. എന്നാൽ **Public Works (H) Department**ന്റെ 19.02.2022 ലെ 6/2022/**PWD** ഉത്തരവ് സംബന്ധിച്ച് അവ്യക്തത ഉള്ളതിനാൽ **PWD** ലൈസൻസ് ഉള്ള സൊസൈറ്റികൾക്കും ലൈസൻസ് ഇല്ലാത്ത സൊസൈറ്റികൾക്കും 10 ശതമാനം പ്രൈസ് പ്രിഫറൻസ് ആനുകൂല്യം ലഭിക്കുന്നില്ല എന്നറിയിച്ചിരിക്കുന്നു. അതിനാൽ ലേബർ കോൺട്രാക്ട് സൊസൈറ്റികൾ ടെണ്ടറിൽ പങ്കെടുക്കുന്ന പക്ഷം 10 ശതമാനം പ്രൈസ് പ്രിഫറൻസ് അനുവദിക്കുന്നതിന് (സ്വകാര്യ കോൺട്രാക്ടർമാർ ക്വോട്ട് ചെയ്യുന്ന ഏറ്റവും കുറഞ്ഞ നിരക്കിനേക്കാൾ 10 ശതമാനം വരെ അധിക നിരക്കിൽ പ്രവൃത്തി നൽകുന്നതിന് അനുമതി) നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** Public Works (H) Department ന്റെ 19.02.2022 ലെ GO (MS) നം 6/ 2022/PWD നമ്പർ ഉത്തരവ്, 29.07.2022 ലെ GO (MS) നം 21/ 2022/PWD നമ്പർ ഉത്തരവനുസരിച്ച് റദ്ദ് ചെയ്തിട്ടുണ്ട്. 29.07.2022 ലെ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്നതനുസരിച്ച് **Kerala PWD**യുടെ അഥവാ സമാന പ്രവർത്തനമുള്ള സ്റ്റേറ്റ് / കേന്ദ്ര സർക്കാർ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ കോൺട്രാക്ടർ ലൈസൻസ് എടുത്തുകൊണ്ട് വേണം **LCC** കൾ പ്രവൃത്തി ഏറ്റെടുക്കേണ്ടത്. ഈ ഉത്തരവിൽ പറഞ്ഞ പ്രകാരം നടപടി ക്രമങ്ങൾ പാലിച്ച് പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്താൻ നിർദ്ദേശിക്കുന്നു. ഈ വിഷയത്തിന്മേൽ ഇപ്പോൾ നിലനിൽക്കുന്ന മറ്റു സർക്കാർ ഉത്തരവനുസരിച്ചുള്ള പ്രൈസ് പ്രിഫറൻസിന് **LCC** കൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. **LCC** കൾക്ക് പ്രൈസ് പ്രിഫറൻസ് ലഭിക്കുന്നതിന് നിലവിലെ സർക്കാർ ഉത്തരവുകളിൽ പ്രതിപാദിക്കുന്ന മാനദണ്ഡം പാലിക്കുകയും രേഖകൾ ഹാജരാക്കുകയും വേണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി/ഡി.എ) വകുപ്പ്**

### 4.3 <u>നാഷണൽ ആയുഷ് മിഷൻ കേരള</u>

**നാഷണൽ ആയുഷ്മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ 04.06.2022 ലെ** NAM/293/202/2/-A3 **നമ്പർ കത്തും സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ 07.05.2022 ലെ** NAM/ADMIN/1143/2019/SPMSU **നമ്പർ ഉത്തരവും 11.01.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗതീരുമാനവും (ഖണ്ഡിക 4.15) (SRG 580/22)**

കേന്ദ്രസർക്കാർ ദേശീയ ആയുഷ് മിഷനിലൂടെ 12,500 **Ayush Health Wellness Centre (HWC)** സ്ഥാപിക്കുന്നുണ്ട്. കേരളത്തിൽ 600 HWC സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ആയുർവേദ, ഹോമിയോ ഡിസ്പെൻസറികളാണ് Ayush HWC ആയി മാറ്റുന്നത്. ഗർഭിണികളായ സ്ത്രീകളുടെ ആരോഗ്യ പരിപാലാനം, അതുവഴി സുഖ പ്രസവം, കുട്ടികളുടെ ആരോഗ്യം, വൃദ്ധരുടെ പരിപാലനം (ആരോഗ്യമുള്ള വാർദ്ധക്യം) എന്നിവയാണ് പ്രധാന ലക്ഷ്യം. തദ്ദേശഭരണസ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന ഈ പദ്ധതിയിൽ സാമ്പത്തിക സഹായവും മനുഷ്യവിഭവവും കേന്ദ്ര സർക്കാർ നൽകും.

ആദ്യഘട്ടമായി കേരളത്തിൽ 107 HWC കൾക്കായി (ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലുമായി) നാഷണൽ ആയുഷ് മിഷൻ കേരള വിഹിതം അനുവദിച്ചിട്ടുണ്ട്. ഓരോ HWC യുടെയും അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് 4.50 ലക്ഷം രൂപ തദ്ദേശഭരണസ്ഥാപനത്തിനും 0.50 ലക്ഷം രൂപ ആയുഷ് ജില്ല പ്രോഗ്രാം മാനേജർക്കുമാണ് നൽകുന്നത്. ആകെ 5.00 ലക്ഷം രൂപ. എന്തൊക്കെ അടിസ്ഥാന സൗകര്യമാണ് ഒരുക്കേണ്ടതെന്ന് ആയുഷ് മിഷൻ അറിയിച്ചിട്ടുണ്ട്. ഇത് 2 മാസത്തിനകം പൂർത്തിയാക്കണമെന്നാണ് നിർദ്ദേശം. ഇതു സംബന്ധിച്ച് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇതിനകം ലഭിച്ചിട്ടുള്ള തുക ഉപയോഗിച്ച് ആയുഷ് മിഷൻ നിഷ്കർഷിച്ചിട്ടുള്ള അടിസ്ഥാന സൗകര്യം സമയപരിധിക്കകം ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനങ്ങൾ ഒരുക്കണം. പ്രത്യേക പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിയുടെ അനുമതി കൂടാതെ ഈ തുക ഉപയോഗിച്ച് പ്രവർത്തികൾ ചെയ്യാവുന്നതാണ്. പിന്നീട് പ്രോജക്ട് ഭേദഗതി സമയത്ത് വാർഷിക പദ്ധതിയുടെ ഭാഗമാക്കിയാൽ മതിയാകും. ഇപ്പോൾ തുക ലഭിച്ചിട്ടുള്ള തദ്ദേശഭരണസ്ഥാപനങ്ങളുടെ ലിസ്റ്റ് പഞ്ചായത്ത് ഡയറക്ടർക്കും നഗരകാര്യ ഡയറക്ടർക്കും നൽകണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

### 4.4 <u>ഗോത്ര സാരഥി</u>

**പഞ്ചായത്ത് ഡയറക്ടറുടെ 07.07.2022 ലെ PAN / 2113/2018 - J1 (DP)** നമ്പർ കത്ത് **(SRG 664/22).**

പട്ടിക വർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് വിദ്യാലയത്തിൽ പോകാൻ സൗകര്യം ഒരുക്കുന്നതിനുള്ളതാണ് ഗോത്രസാരഥി പദ്ധതി. ഇത് പട്ടികവർഗ്ഗ വികസന വകുപ്പ മുഖേനയാണ് നടത്തിയിരുന്നത്. എന്നാൽ 2020-21 മുതൽ തദ്ദേശഭരണസ്ഥാപനങ്ങളും പട്ടികവർഗ്ഗ വികസന വകുപ്പും കൂടി ചേർന്നാണ് ഈ പദ്ധതി നടപ്പാക്കുന്നത്. റ്റി.എസ്.പി

വിഹിതം കുറവായതിനാൽ ചിലപ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ വിഹിതം കണ്ടെത്താൻ ബുദ്ധിമുട്ടാണ്. കഴിഞ്ഞ വർഷം 2.54 കോടി രൂപ മാത്രമാണ് പട്ടികവർഗ്ഗ വികസന വകുപ്പ് ഗോത്രസാരഥി പദ്ധതിയ്ക്കായി മാറ്റി വച്ചത്.

ഗോത്രസാരഥി പദ്ധതിയ്ക്കാവശ്യമായ തുകയുടെ 50 ശതമാനമെങ്കിലും പട്ടികവർഗ്ഗ വികസന വകുപ്പ് മാറ്റി വയ്ക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. കൂടാതെ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ നിലവിലുള്ള സ്ഥലങ്ങളിൽ ഇവരെ തന്നെ ഗോത്രസാരഥി പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ ആക്കണമെന്നതും സംബന്ധിച്ച്.

**തീരുമാനം:-**

1) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിനായി പട്ടികവർഗ്ഗ വികസനവകുപ്പ് മാറ്റി വച്ചിരിക്കുന്ന ശീർഷകത്തിൽ നിന്ന് ഗോത്രസാരഥി പദ്ധതിക്കായി തുക മാറ്റിവയ്ക്കാമെന്നും ഇതിനുള്ള പ്രൊപ്പോസൽ സർക്കാരിലേക്കയച്ചിട്ടുണ്ടെന്നും പട്ടികവർഗ്ഗ വികസന ഡയറക്ടറുടെ പ്രതിനിധി അറിയിച്ചു. ഇതനുസരിച്ച് വിഹിതം ബന്ധപ്പെട്ട ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ മുഖേന ജില്ലകൾക്ക് നൽകാൻ നടപടി സ്വീകരിക്കണമെന്ന് പട്ടികവർഗ്ഗ വികസന ഡയറക്ടറോട് നിർദ്ദേശിച്ചു. ഇതു സംബന്ധിച്ച് റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കു മുമ്പ് നൽകണം.
2) സാധ്യമായ സ്ഥലങ്ങളിൽ Tribal Extention Officer മാരെ നിർവ്വഹണ ഉദ്യോഗസ്ഥരാക്കാവുന്നതാണ്.

**നടപടി:- 1)ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്**
**2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

### 4.5 <u>മതിലകം ഗ്രാമപഞ്ചായത്ത്</u>

**ബഹു.കുന്നംകുളം എം.എൽ.എയുടെ 28.06.2022 ലെ 741/ACM/2022-23/TVPM നമ്പർ കത്ത്, ബഹു കയ്പമംഗലം എം.എൽ.എയുടെ 09.12.2021 ലെ കത്ത്, തൃശ്ശൂർ പഞ്ചായത്ത് ഡയറക്ടറുടെ 29.10.2021 ലെ റിപ്പോർട്ട്, മതിലകം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 14.09.2021 ലെ 4(1)-ാം നമ്പർ തീരുമാനം, 18.06.2021 ലെ 3-ാം നമ്പർ തീരുമാനം, 02.06.2022 ലെ RC1/125/2022/LSGD നമ്പർ സർക്കാർ കത്തും അനുബന്ധ രേഖകളും (SRG 674/22).**

മതിലകം ഗ്രാമപഞ്ചായത്തിൽ പൊതു കളിസ്ഥലം ഒരുക്കുന്നതിന് ഉദ്ദേശിക്കുന്നു. ഇതിനായി ഗ്രാമപഞ്ചായത്തിലെ ഏഴാം വാർഡിൽ മൂന്നുപേരുടെ കൈവശത്തിലുള്ള ആകെ 82.48 സെന്റ് (33.38 ആർ സ്ഥലം) കണ്ടെത്തിയിട്ടുണ്ട് (സർവ്വേ നമ്പർ 66/8A - വിസ്തീർണ്ണം 11.45 ആർ, സർവ്വേ നമ്പർ 66/8B വിസ്തീർണ്ണം 5.67 ആർ, സർവ്വേ നമ്പർ 66.8C 16.26 ആർ). ഇവിടം 20 വർഷത്തോളം പഴക്കമുള്ള തെങ്ങുകൾ നിൽക്കുന്ന തോട്ടകളും ചിറകളും കൂടിയുള്ള ഭൂമിയാണെന്ന് Local Level Monitoring Committee (LLMC) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ ഈ സ്ഥലം ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ടതാണ്. ഒരു സെന്റിന് 50,000/- രൂപ (ഒരു ആറിന് 1,23,500 രൂപ) നിരക്കിൽ ഗ്രാമപഞ്ചായത്തിന് നൽകുന്നതിന് തയ്യാറാണെന്ന് ഉടമസ്ഥർ അറിയിച്ചിട്ടുണ്ട്.

കൊടുങ്ങല്ലൂർ തഹസീൽദാറുടെ ലാന്റ് വാല്യൂ സർട്ടിഫിക്കറ്റ് പ്രകാരം ഒരു ആറിന് 1,17,138.08 രൂപയാണ് വില.

ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമിയായതിനാൽ സർക്കാരിന്റെ അനുമതിയോടെ ഭൂമി മതിയായ രീതിയിൽ ഉയർത്തി ജലനിർഗമന മാർഗ്ഗങ്ങൾ ഉണ്ടെങ്കിൽ അത് സംരക്ഷിച്ച് കളിസ്ഥലം നിർമ്മിക്കാവുന്നതാണെന്ന് തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. എന്നാൽ മതിലകം ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ ക്രമപ്രകാരമല്ല എന്നു ചൂണ്ടി കാണിച്ച് കളിസ്ഥലത്തിനു ഭൂമി ആർജ്ജിക്കുന്നതു സംബന്ധിച്ച നടപടിക്രമങ്ങൾ സർക്കാർ അറിയിപ്പ് ഉണ്ടാകുന്നതുവരെ നിർത്തി വെയ്ക്കാൻ 02.06.2022 ൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ തദ്ദേശസ്വയംഭരണവകുപ്പ് അറിയിച്ചിട്ടുണ്ട്. ഡേറ്റാ ബാങ്കിൽ ഉൾപ്പെടുന്ന മുകളിൽ പറഞ്ഞ ഭൂമി ഏറ്റെടുക്കുന്നതിനും, ഇതിന് സർക്കാരിലേക്ക് അടയ്ക്കേണ്ട ഫീസ് ഒഴിവാക്കി നൽകുന്നതിനും പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം : –** ഇതു റവന്യൂ വകുപ്പിന്റെ പരിഗണനയ്ക്ക് നൽകാൻ നിർദ്ദേശിക്കുന്നു.

**നടപടി:– തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

**4.6 <u>പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത്</u>**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.06.2022 ലെ കത്തും പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 17.05.2022 ലെ 2(3)–ാം നമ്പർ തീരുമാനവും പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 11.07.2022 ലെ B.1185(140/22) / 2021–ാം നമ്പർ കത്തും (SRG 596/22).**

| | | |
|---|---|---|
| *പ്രോ.നം: 4/23* | ***അടങ്കൽ*** | ***2,72,000 രൂപ*** *(വികസനഫണ്ട് ജനറൽ)* |
| ***പേര്*** | ***C.H.C തോളൂർ ഡയാലിസിസ് യൂണിറ്റിലെ താൽക്കാലിക ജീവനക്കാർക്ക് വേതനം*** | |

കഴിഞ്ഞ രണ്ടുവർഷമായി വൃക്കരോഗം ബാധിച്ചവർക്ക് തോളൂർ സാമൂഹ്യാരോഗ്യ കേന്ദ്രം മുഖേന ഡയാലിസിസ് ചെയ്യുന്നുണ്ട്. ഡയാലിസിസ് ആവശ്യമായവർക്ക് സൗജന്യമായാണ് ചെയ്യുന്നത്. ഇവിടെ താല്ക്കാലികമായി നിയമിച്ചിരിക്കുന്നവർക്ക് 2022 മാർച്ച്, ഏപ്രിൽ മാസങ്ങളിലെ വേതനം താഴെ പറയും പ്രകാരം നൽകുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്. ഇതിനു മുമ്പുള്ള വേതനം വികസനഫണ്ട് (ജനറൽ) ഉപയോഗിച്ചു നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

| തസ്തിക | എണ്ണം | വേതന നിരക്ക് | ആകെ (പ്രതിമാസം) |
|---|---|---|---|
| ഡോക്ടർ | 1 | 50,000 | 50,000 |
| ഡയാലിസിസ് ടെക്നീഷ്യൻ | 2 | 17,500 | 35,000 |
| നേഴ്സ് | 2 | 17,500 | 35,000 |
| അറ്റന്റർ കം ക്ലീനർ | 2 | 8,000 | 16,000 |
| **ആകെ (ഒരു മാസത്തേക്ക്)** | | | **1,36,000** |

**തീരുമാനം : –** **1)** ഇവരുടെ സേവനം ഉപയോഗപ്പെടുത്തിയ സാഹചര്യത്തിലും 2മാസത്തേക്കു മാത്രമായതിനാലും അനുമതി

നൽകുന്നു. എന്നാൽ ഭാവിയിൽ സെന്ററിന്റെ പ്രവർത്തനത്തിന് HMC മുഖേന ഫണ്ടു കണ്ടെത്തണമെന്ന് നിർദ്ദേശിക്കുന്നു. തീർത്തും നിർദ്ധന രോഗികൾ ഒഴിച്ച് മറ്റുള്ളവരിൽ നിന്ന് സൗജന്യ നിരക്കിൽ ഒരു ഫീസ് നിശ്ചയിച്ചും സംഭാവന തുടങ്ങിയ മാർഗ്ഗങ്ങളിലൂടെയും ഫണ്ടു കണ്ടെത്തുന്ന മോഡൽ പരിഗണിക്കാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.7 മലപ്പുറം ജില്ലാ പഞ്ചായത്ത്**
**മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 18.05.2022 ലെ DPM/MPM/12/2020 (2 കത്തുകൾ) (SRG 570/22, SRG 567/22)**

തിരൂർ, നിലമ്പൂർ, പെരിന്തൽമണ്ണ എന്നിവിടങ്ങളിലായി മൂന്ന് ജില്ലാ ആശുപത്രികൾ ജില്ലാ പഞ്ചായത്തിന് കൈമാറി കിട്ടിയതാണ്. നിലമ്പൂർ ജില്ലാ ആശുപത്രിയിൽ 16 ഡയാലിസിസ് മെഷീനും തിരൂരിൽ 18 ഡയാലിസിസ് മെഷീനും പെരിന്തൽ മണ്ണയിൽ 8 മെഷീനും ഉണ്ട്. ഇവിടെ വളരെ പാവപ്പെട്ട രോഗികൾക്ക് സൗജന്യമായും മറ്റു പാവപ്പെട്ടവർക്ക് കുറഞ്ഞ നിരക്കിലുമാണ് ഡയാലിസിസ് നടത്തികൊടുക്കുന്നത്. ഈ യൂണിറ്റുകളിലേക്ക് സ്റ്റാഫിനും മറ്റും വേതനം നൽകുന്നത് എച്ച്.എം.സി ഫണ്ടിൽ നിന്നാണ്. ഡയാലിസിസ് രോഗികളുടെ എണ്ണം കൂടുതൽ ഉള്ളതിനാൽ ഈ യൂണിറ്റുകൾ മൂന്നു ഷിഫ്റ്റായി പ്രവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്നു. മൂന്നു ഷിഫ്റ്റാക്കുന്നതിനായി പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ നാല് ടെക്നീഷ്യൻമാരേയും നാലു സ്റ്റാഫ് നേഴ്സ്മാരേയും വീതവും നിലമ്പൂർ, തിരൂർ, ജില്ലാ ആശുപത്രികളിലേക്ക് മൂന്നു ടെക്നീഷ്യന്മാരേയും മൂന്നു നേഴ്സുമാരേയും വീതം നിയമിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: –** ഇതിനായി പദ്ധതിവിഹിതം ഉപയോഗിക്കാവുന്നതല്ല. അധികമായി ആളുകളെ നിയമിക്കുകയാണെങ്കിൽ എച്ച്.എം. സിയിൽ നിന്നു തന്നെ വേതനം നൽകാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.8 മലപ്പുറം ജില്ലാ പഞ്ചായത്ത്**
**മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 15.06.2022 ലെ കത്ത് (SRG 589/22).**

മലപ്പുറം ജില്ലാ പഞ്ചായത്തിനു കീഴിൽ മൂന്ന് ജില്ലാ ആശുപത്രികൾ ആണ് ഉള്ളത്. (തിരൂർ, നിലമ്പൂർ, പെരിന്തൽമണ്ണ). ഈ ആശുപത്രികൾക്ക് അടിസ്ഥാന സൗകര്യം ഉണ്ടെങ്കിലും ജീവനക്കാരുടെ കുറവുണ്ട്. മികച്ച ചികിത്സ ഉറപ്പാക്കുന്നതിന് സ്റ്റാഫ് നേഴ്സ്, നഴ്സിംഗ് അസിസ്റ്റന്റ് എന്നിവരെ പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ നിയമിക്കുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: –** അധികം സ്റ്റാഫിനെ നിയമിക്കുന്നത് സംബന്ധിച്ച് ആരോഗ്യ വകുപ്പിന്റെ പരിഗണനക്കു നൽകാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.9 <u>കണ്ണൂർ ജില്ലാ പഞ്ചായത്ത്</u>**

**കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 25.05.2022 ലെ** DPKNR-P/94/MISC/2022-ാം **നമ്പർ കത്ത് (SRG 635/22).**

കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ വൃക്ക മാറ്റി വെച്ച രോഗികൾക്ക് സൗജന്യമായി മരുന്ന് വിതരണം നടത്തുന്നുണ്ട്. തദ്ദേശഭരണസ്ഥാപനത്തിന്റെ വിഹിതത്തോടൊപ്പം സംഭാവനയും സ്വീകരിക്കുന്നുണ്ട്. കണ്ണൂർ ജില്ല ആശുപത്രി സൂപ്രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥനായി സ്നേഹജ്യോതി കിഡ്നി പേഷ്യന്റ് വെൽഫെയർ സൊസൈറ്റി മുഖേനയാണ് മരുന്ന് നൽകുന്നത്. കേരള മെഡിക്കൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ് **(KMSCL)** മുഖേനയാണ് മരുന്നു സംഭരിക്കുന്നത്. എന്നാൽ **KMSCL** മുഖേന മരുന്ന് ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകാറുണ്ട്. അതിനാൽ ഓപ്പൺ മാർക്കറ്റിൽ നിന്നും ടെണ്ടർ/ ഇ-ടെണ്ടർ നടപടിയിലൂടെ മരുന്നു വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** 1) അലോപ്പതി മരുന്നുകൾ KMSCL നിന്നും മാത്രമേ വാങ്ങാവൂ. ഇത് കൊല്ലത്തുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ഡിപ്പോയിൽ നിന്നാണ് വാങ്ങേണ്ടത്. ഇവിടെ നിന്നും മരുന്ന് ലഭിക്കാൻ കാലതാമസം വന്നാൽ പാലിയേറ്റീവ് പ്രവർത്തനത്തിനടക്കമുള്ള അത്യാവശ്യമരുന്നുകൾ കാരുണ്യ, മാവേലി സ്റ്റോർ, സപ്ലൈകോ, ജൻ ഔഷധി, നീതി സ്റ്റോർ തുടങ്ങിയ സ്ഥാപനങ്ങളുടെ ഔട്ട്ലറ്റുകളിൽ നിന്നു വാങ്ങാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.10 <u>കൊടുമൺ ഗ്രാമപഞ്ചായത്ത്</u>**

**പഞ്ചായത്ത് ഡയറക്ടറുടെ 21.06.2022 ലെ PAN/9098/2022- J1 (DP) നമ്പർ കത്തും കൊടുമൺ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 15.03.2022 ലെ 1(10) നമ്പർ തീരുമാനവും (SRG 640/22-തസ്വഭവ - DA2/146/2022- LSGD).**

കാട്ടുപന്നി ശല്യത്തിൽ നിന്നും കൃഷിയെ രക്ഷിക്കുന്നതിന് കൊടുമൺ ഗ്രാമപഞ്ചായത്ത് 2021-22 വർഷം പ്രോജക്ട് ഏറ്റെടുത്തിരുന്നു. ഈ പ്രോജക്ടിന്റെ നിർവ്വഹണം താഴെപ്പറയുന്ന രീതിയിൽ നടത്താൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**(i)** വന്യമൃഗങ്ങളിൽ നിന്ന് വിള സംരക്ഷണ വേലി നിർമ്മിക്കുന്നതിന് നിലവിൽ 50 എം.എം. ഡയമീറ്റർ ജി.ഐ. പോസ്റ്റ് വേണമെന്നാണ് നിഷ്കർഷിച്ചിരിക്കുന്നത്. (കൃഷി ഓഫീസർ അറിയിച്ചത് ). ഇതിനു പകരമായി കോൺക്രീറ്റ് തൂണുകളും അംഗ്ലേയറുകളും ഉപയോഗിച്ച് വേലി നിർമ്മിക്കുന്നതിന് അനുമതി**.**

**തീരുമാനം: -** ഇത് വനം വകുപ്പിന്റെ അഭിപ്രായത്തിനു നൽകാൻ ഗ്രാമപഞ്ചായത്തിനോട് നിർദ്ദേശിക്കുന്നു.

**(ii)** അഞ്ച് വർഷം വരെ പ്രായമായ റബ്ബർ പുരിയിടങ്ങളിൽ ഇടവിള കൃഷി ചെയ്തിരിക്കുന്ന കൃഷിയിടങ്ങൾക്കു കൂടി വേലി നിർമ്മിക്കുന്നതിന് അനുമതി **.**

**(iii)** റവന്യൂ രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും എന്നാൽ തരം മാറ്റിയിട്ടുള്ളതുമായ കൃഷിയിടങ്ങൾക്ക് കൂടി സംരക്ഷണ വേലി നിർമ്മിക്കുന്നതിന് അനുമതി.

**തീരുമാനം :-** ഇവ രണ്ടും (Sl.No. ii & iii) കൃഷി വകുപ്പ് ഡയറക്ടറുടെ അഭിപ്രായത്തിനു നൽകാൻ ഗ്രാമപഞ്ചായത്തിനോടു നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.11 <u>പത്തനംതിട്ട ജില്ലാ പഞ്ചായത്ത്</u>**

**പത്തനംതിട്ട ജില്ലാ പഞ്ചായത്തു പ്രസിഡന്റിന്റെ 10.06.2022 ലെ കത്ത് (SRG 637/22).**

പദ്ധതി ആസൂത്രണം, നിർവ്വഹണം മോണിറ്ററിംഗ് എന്നിവയ്ക്കായി പ്രത്യേകമായി വിഹിതം ചെലവഴിക്കാൻ ആസൂത്രണ മാർഗ്ഗരേഖ പ്രകാരം അനുമതിയുണ്ട്. ഇങ്ങനെ മാറ്റി വയ്ക്കുന്ന വിഹിതം ഉപയോഗിച്ച് വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ, ആസൂത്രണ സമിതി യോഗങ്ങൾ, പദ്ധതി പ്രവർത്തനവുമായി ബന്ധപ്പെട്ട മറ്റു യോഗങ്ങൾ എന്നിവയിൽ പങ്കെടുക്കുന്ന വർക്കിംഗ് ഗ്രൂപ്പിലേയും ആസൂത്രണ സമിതിയിലേയ്ക്കും അനൗദ്യോഗികാംഗങ്ങൾക്ക് യാത്രാബത്ത നൽകാൻ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ നിരക്ക് എത്രയാണെന്ന് നിശ്ചയിച്ചിട്ടില്ല. താമസസ്ഥലത്തു നിന്ന് 8 കിലോമീറ്റർ ഭൂപരിധിക്ക് മുകളിലുള്ളവർക്കാണ് യാത്രാബത്ത നൽകാവുന്നത് എന്നതിനാൽ ഇതു സംബന്ധിച്ച് വ്യക്തത കുറവുണ്ട്.

ഈ സാഹചര്യത്തിൽ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്കും തദ്ദേശഭരണസ്ഥാപനതല ആസൂത്രണസമിതി അംഗങ്ങൾക്കും നൽകാവുന്ന യാത്രാബത്ത / സിറ്റിംഗ് ഫീ എത്രയാണെന്ന് വ്യക്തത വരുത്തണമെന്നതു സംബന്ധിച്ച്.

**തീരുമാനം : -** പൊതുതീരുമാനം ഖണ്ഡിക 3.10 പ്രകാരം നൽകാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.12 <u>പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത്</u>**

**ഗ്രാമവികസന കമ്മീഷണറുടെ 02.07.2022 ലെ 2927/**DP4/2022/CRD **നമ്പർ കത്തും പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 24.05.2022 ലെ** C/845/22-ാം **നമ്പർ കത്തും (SRG 645/22).**

ഭവനനിർമ്മാണ സാമഗ്രികളുടെ വില വർദ്ധിച്ചിട്ടുണ്ട്. അതിനാൽ പട്ടികജാതി വിഭാഗക്കാർക്ക് ലൈഫ് ഭവനപദ്ധതി പ്രകാരമുള്ള വീടു നിർമ്മാണത്തിനു യൂണിറ്റ് നിരക്ക് വർദ്ധിപ്പിക്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** തൽക്കാലം പരിഗണിക്കേണ്ടതില്ലെന്നു തീരുമാനിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

### 4.13 തൂണേരി ബ്ലോക്ക് പഞ്ചായത്ത്

**ഗ്രാമവികസന കമ്മീഷണറുടെ 12.05.2022 ലെ** CRD/997/2022/ H & T 6 **നമ്പർ കത്തും തൂണേരി ബ്ലോക്ക് പഞ്ചായത്തു ഭരണസമിതിയുടെ 04.01.2022 ലെ 6(1)-ാം നമ്പർ തീരുമാനവും തൂണേരി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 14.02.2022 ലെ കത്തും തൂണേരി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 11.04.2022 ലെ** D/714/2020-**ാം നമ്പർ കത്തും, അനുബന്ധ രേഖകളും (SRG 644/22 – LSGD – DD1/113/2022 – LSGD, SRG –684/22 – LSGD – DD1/136/2022 – LSGD).**

തൂണേരി ബ്ലോക്ക് പഞ്ചായത്തിൽ **IAY** പദ്ധതി നടപ്പാക്കിയപ്പോൾ സംസ്ഥാന വിഹിതം ലഭിക്കാതെ വന്നതിനാൽ 2013 ൽ 19,82,070/- രൂപ പുറമേരി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും ലോണെടുത്തു. ഈ വായ്പയിൽ 3,96,414 രൂപയും ഇതിന്റെ പലിശയും കുടിശ്ശികയായി ഉണ്ട്. **IAY** പദ്ധതിക്കായി ത്രിതല പഞ്ചായത്തുകൾ നൽകിയ തുകയിൽ 28,16,428/- രൂപ (അക്കൗണ്ട് നമ്പർ - 40134100110301 **- SMGB,** തൂണേരി) ചെലവഴിക്കപ്പെടാതെ മിച്ചമുണ്ട്. ഈ തുകയിൽ നിന്നും പുറമേരി സർവ്വീസ് സഹകരണ ബാങ്കിലെ **IAY** ലോണിന്റെ കുടിശ്ശിക തുകയായ 3,96,414 രൂപയും പലിശയും തിരികെ അടയ്ക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം : -** 1) **IAY** സംസ്ഥാന വിഹിതം ലഭിക്കാതെ വന്ന സാഹചര്യത്തിൽ **IAY** പദ്ധതിയ്ക്കായി തന്നെ എടുത്ത ലോൺ ആയതിനാൽ അനുമതി നൽകുന്നു. ബാക്കിതുക **PMAY,** ലൈഫ് ഭവന പദ്ധതിക്ക് ഉപയോഗിക്കണം. ഈ ലക്ഷ്യം കൈവരിച്ചാൽ ബാക്കി തുക മറ്റു ഭവന പദ്ധതി, വീട്ടു പുനരുദ്ധാരണം എന്നിവയ്ക്കായി ഉപയോഗിക്കാവുന്നതാണെന്നും നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

### 4.14 പൂഞ്ഞാർ ഗ്രാമപഞ്ചായത്ത്

**പൂഞ്ഞാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് 16.09.2021 ലെ കത്തും പൂഞ്ഞാർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 08.09.2021 ലെ 7(1)-ാം നമ്പർ തീരുമാനവും (SRG 676/22).**

പൂഞ്ഞാർ ഗ്രാമപഞ്ചായത്തിൽ 4,5,6 വാർഡുകൾ ഉൾപ്പെടുത്തി പനച്ചികപ്പാറ കേന്ദ്രമാക്കി ഒരു ക്ഷീര സംഘം പ്രവർത്തനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. ക്ഷീര സംഘത്തിന് സൗജന്യമായി ഒരു കെട്ടിടമുറി നൽകണമെന്ന് ഈരാറ്റുപേട്ട ബ്ലോക്ക് ഡയറി എക്സ്റ്റൻഷൻ ഓഫീസർ ശുപാർശ ചെയ്തിട്ടുണ്ട്. പൂഞ്ഞാർ ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സിൽ 5/387 **B** നമ്പർ മുറി ഇപ്പോൾ ഒഴിഞ്ഞു കിടക്കുകയാണ്. ഈ മുറി ക്ഷീര സംഘത്തിന് വാടകരഹിതമായി നൽകുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം : -** ചെറിയ തുക വാടകയായി ഈടാക്കണം. ക്ഷീരവികസന വകുപ്പിൽ രജിസ്റ്റർ ചെയ്ത സംഘമാകണം. ഈ നിബന്ധനകളോടെ കെട്ടിടമുറി നൽകാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

**4.15 <u>മൂന്നാർ ഗ്രാമപഞ്ചായത്ത്</u>**

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.07.2022 ലെ കത്തും മൂന്നാർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 07.06.2022 ലെ 5(1)-ാം നമ്പർ തീരുമാനവും (SRG 677/22 – CC/408/2022).**

മൂന്നാർ ഗ്രാമപഞ്ചായത്തിൽ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടെയുള്ളവരുടെ വീടുകൾക്ക് ആധികാരിക സ്ഥലരേഖകളുടെ അഭാവത്തിൽ അനധികൃത ഗണത്തിൽപ്പെടുത്തിയാണ് വീട്ടു നമ്പർ നൽകിയിരിക്കുന്നത്. അതിനാൽ ഇവർക്ക് വീട്ടു മെയിന്റനൻസ്, പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി എന്നിവക്ക് ധനസഹായം നൽകാൻ കഴിയുന്നില്ല. ഇത്തരം അനധികൃത ഗണത്തിൽ ഉൾപ്പെടുത്തി നമ്പർ ഉള്ള കുടുംബങ്ങൾക്കും വീടുമെയിന്റനൻസിനും പഠനമുറിക്കും ധനസഹായം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം : –** **1)** ഈ വിഷയത്തിൽ അർഹതയുള്ള പ്രത്യേക കേസുകൾ ഉണ്ട് എങ്കിൽ അറിയിക്കുന്ന മുറയ്ക്ക് അവയുടെ പ്രത്യേക സാഹചര്യം / അർഹത എന്നിവ പരിശോധിച്ചതിനു ശേഷം പരിഗണിക്കുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.16 <u>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>**

MGNREGS **മിഷൻ ഡയറക്ടറുടെ 18.08.2020 ലെ 52996**/E/2022/REGS (1) **നമ്പർ കത്തും അനുബന്ധരേഖകളും (SRG 642/22 –** LSGD **– DD2/214/2020 / LSGD).**

**(i)** മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം പ്രവർത്തിക്കുന്ന വീട്ടു നിർമ്മാണ സാമഗ്രി യൂണിറ്റുകൾക്ക് സാധനങ്ങൾ വിതരണം ചെയ്യുന്നതിന് വെണ്ടർ ആയി പ്രവർത്തിക്കുന്നതിന് **CDS** കൾക്ക് 13.08.2018 ലെ 110/2018/തസ്വഭവ ഉത്തരവു പ്രകാരം അനുമതിയുണ്ട്. മറ്റ് ആസ്തി നിർമ്മാണ പ്രവൃത്തികളുടേയും വെണ്ടർമാരായി **CDS** കൾക്ക് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം : –** ഇതുപരിശോധിച്ച് റിപ്പോർട്ട് നൽകാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി. വെണ്ടർ എന്ന നിലയിൽ സി.ഡി.എസിന്റെ പ്രവർത്തനം സംബന്ധിച്ച വിവരങ്ങളും റിപ്പോർട്ടിൽ ചേർക്കണം.

**(ii)** ആസ്തി നിർമ്മാണ പ്രവൃത്തികൾക്ക് മെറ്റീരിയൽ ഘടകത്തിലുള്ള തുക തൊഴിലുറപ്പ പദ്ധതിയിൽ നിന്ന് ലഭിക്കുന്നതിലെ കാലതാമസം വെണ്ടർമാർക്ക് ബുദ്ധിമുട്ടുണ്ടാകും. ഇതു പരിഹരിക്കാൻ ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും **CDS** കൾക്ക് വർക്കിംഗ് ക്യാപിറ്റൽ ലഭ്യമാക്കാൻ അനുമതി നൽകണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം : –** വർക്കിംഗ് ക്യാപിറ്റലിനു നിലവിൽ വെണ്ടറായി പ്രവർത്തിക്കുന്ന **CDS** യൂണിറ്റുകൾക്ക് പകരം പരമാവധി 2.00 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ടായി നൽകാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.17 <u>കതിരൂർ ഗ്രാമപഞ്ചായത്ത്</u>**

**കതിരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 02.04.22 ലെ B1-105/22-ാം നമ്പർ കത്തും ഭരണസമിതിയുടെ 05.03.2022 ലെ 57(5)/22-ാം നമ്പർ തീരുമാനവും (SRG 636/22, SRG 595/22).**

ഗ്രാമപഞ്ചായത്തിൽ 2019ൽ കുടുംബാരോഗ്യ കേന്ദ്രം പ്രവർത്തനം ആരംഭിച്ചപ്പോൾ ഒരു ഫിസിയോ തെറാപ്പി സെന്ററും ഇവിടെ ഒരുക്കിയിട്ടുണ്ട്. ഇവിടേക്കാവശ്യമായ ഉപകരണങ്ങൾ സ്പോൺസർഷിപ്പിലൂടെയാണ് കണ്ടെത്തിയത്. ഇവിടെ ഫിസിയോ തെറാപ്പിസ്റ്റിനെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ച് പ്രതിമാസം ശരാശരി 25 ദിവസം ഫിസിയോ തെറാപ്പിസ്റ്റിന്റെ സേവനം ലഭ്യമാക്കുന്നുണ്ട്. ഈ സേവനത്തിന് 100 രൂപയാണ് ഈടാക്കുന്നത്. പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായി വീട്ടുകളിലെത്തിയും ഫിസിയോ തെറാപ്പി നൽകുന്നുണ്ട്. ഈ വർഷം മുതൽ പദ്ധതി വിഹിതം ഉപയോഗിച്ച് ഫിസിയോതെറാപ്പിസ്റ്റിനെ താല്ക്കാലികാടിസ്ഥാനത്തിൽ ഈ സെന്ററിൽ നിയമിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം : -** തനതുഫണ്ടിൽ നിന്നും വേതനം നൽകാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.18 <u>വാഴൂർ ഗ്രാമപഞ്ചായത്ത്</u>**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.06.2022 ലെ കത്ത് (SRG 616/22 - CC/343).**

വാഴൂർ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ ഉച്ചകഴിഞ്ഞുള്ള പ്രവർത്തനത്തിന് ഒരു ഡോക്ടറേയും ഒരു പാരാമെഡിക്കൽ സ്റ്റാഫിനെയും അധികമായി നിയമിച്ച് ഗ്രാമപഞ്ചായത്തിൽ നിന്ന് വേതനം നൽകുന്നുണ്ട്. ഇതിനു പുറമെ കഴിഞ്ഞ മൂന്നുവർഷമായി ഓരോ വർഷവും കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേകാനുമതിയോടെ അധികമായി ഒരു നേഴ്സിനെ കൂടി ഗ്രാമപഞ്ചായത്ത് വിഹിതമുപയോഗിച്ച് നിയമിച്ചിട്ടുണ്ട്. ഈ വർഷം കൂടി ഒരു സ്റ്റാഫ് നേഴ്സിനെ അധികമായി കരാടിസ്ഥാനത്തിൽ നിയമിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം : -** പി.എച്ച്.സിയിലെ ശരാശരി ഔട്ട് പേഷ്യന്റിന്റെ എണ്ണവും അധികമായി ഒരു നേഴ്സിനെ കൂടി നിയമിക്കേണ്ടതിന്റെ ആവശ്യകതയും സംബന്ധിച്ച് District Medical Officer റുടെ റിപ്പോർട്ട് സഹിതം നൽകുന്ന മുറയ്ക്ക് പിന്നീട് പരിഗണിക്കും.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.19 <u>തൃശ്ശൂർ ജില്ലാ പഞ്ചായത്ത്</u>**

**തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 18.06.2022 ലെ DPT-A5-2181/2022-ാം നമ്പർ കത്ത് (SRG 680/22).**

| *പ്രോ.നം: 443/22* | *അടങ്കൽ* | *11,11,111 രൂപ* |
|---|---|---|
| | *എസ്.സി.പി* | *10,00,000 രൂപ* |
| | *ഗുണഭോക്തൃവിഹിതം* | *1,11,111 രൂപ* |
| **പേര്** | ***എസ്.സി വനിതകൾക്ക് കാർഷിക യന്ത്രം വാങ്ങൽ*** | |

പട്ടികജാതി വിഭാഗത്തിലെ വനിത കർഷകർക്കുള്ള കാർഷിക യന്ത്രം വാങ്ങുന്നതിന് കഴിഞ്ഞ വർഷം പ്രോജക്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ഇവ 100 ശതമാനം സബ്സിഡിയോടെ നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം : –** അനുമതി നിരസിക്കുന്നു. നിലവിലെ മാർഗ്ഗരേഖപ്രകാരം സബ്സിഡി നൽകാൻ നിർദ്ദേശിക്കുന്നു.

**നടപടി:– തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.20 <u>ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത്</u>**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.06.2022 ലെ കത്തും ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് ഭരണസമതിയുടെ 07.05.2022 ലെ 1(3), 19.07.2022 ലെ 2(3) എന്നീ നമ്പറുകളിലായുള്ള തീരുമാനവും (SRG 620/22– CC/389/2022)**

| | | |
|---|---|---|
| *പ്രോ.നം: 14/23* | *അടങ്കൽ* | *23,06,900/– രൂപ (CFC Tied Grant)* |
| *പേര്* | *പന്നക്കാട്ടിൽ യദുഭവനം തോടിന് ചീപ്പ നിർമ്മാണം* | |

ക്ലാപ്പന ഗ്രാമപഞ്ചായത്തിൽ പന്നക്കാട്ടിൽ യദുഭവനം തോടിന് ചീപ്പ നിർമ്മാണം എന്ന ഈ പ്രോജക്ട ഈ വർഷം സ്പിൽ ഓവറായി തുടരുന്നതാണ്. വേലിയേറ്റ സമയത്ത് ഇവിടെ കുടിവെള്ളം മലിനമാകുകയും കൃഷി നശിക്കുകയും ചെയ്യുന്നു. ഇത് ഇറിഗേഷൻ വകുപ്പിന്റെ ആസ്തിയാണ്. അതിനാൽ തുക ഇറിഗേഷൻ വകുപ്പിന് ഡിപ്പോസിറ്റ് ചെയ്ത് ചീപ്പ് നിർമ്മാണം നടത്തുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :** ഇറിഗേഷൻ വകുപ്പിന്റെ No Objection Certificate വാങ്ങി തദ്ദേശസ്വയംഭരണവകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം മുഖേന നിർമ്മാണം നടത്താൻ നിർദ്ദേശിക്കുന്നു

**നടപടി:– തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.21 <u>ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത്</u>**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.06.2022 ലെ കത്തും ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 07.05.2022 ലെ 1(3), 19.07.2022 ലെ 2(3) എന്നീ നമ്പർ പ്രകാരമുള്ള തീരുമാനങ്ങളും (SRG 619/22 – CC/390/2022)**

| | | |
|---|---|---|
| *പ്രോ.നം: 15/23* | *അടങ്കൽ* | *23,07,000 രൂപ (സി.എഫ്.സി ടൈഡ് ഗ്രാന്റ്)* |
| *പേര്* | *സത്യാലയം കടവ് മാധവ മന്ദിരം ചീപ്പ് നിർമ്മാണം* | |

ക്ലാപ്പന ഗ്രാമപഞ്ചായത്തിലെ സത്യാലയം കടവ് മാധവ മന്ദിരം ഭാഗത്ത് വേലിയേറ്റ സമയത്ത് കിണറുകളിൽ ഉപ്പുവെള്ളം കയറി കുടിവെള്ളം മലിനമാകുകയും കൃഷി നശിക്കുകയും ചെയ്യുന്നു. ഇതിനു പരിഹാരമായി സത്യാലയം കടവ് മാധവ മന്ദിരം ഭാഗത്ത് ചീപ്പ്

നിർമ്മിക്കാനുദ്ദേശിക്കുന്നു. ഇത് ഇറിഗേഷൻ വകുപ്പിന്റെ ആസ്തിയാണ്. അതിനാൽ തുക ഇറിഗേഷൻ വകുപ്പിന് ഡെപ്പോസിറ്റ് ചെയ്ത് ചീപ്പ് നിർമ്മാണം നടത്താൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇറിഗേഷൻ വകുപ്പിന്റെ No objection Certificate വാങ്ങി തദ്ദേശസ്വയംഭരണവകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം മുഖേന നിർമ്മാണം നടത്താൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.22 <u>മാഞ്ഞൂർ ഗ്രാമപഞ്ചായത്ത്</u>**

**മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 04.08.2022 ലെ B1-70/2022 - ലെ കത്തും കോട്ടയം ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സന്റെ (ജില്ലാ കളക്ടർ) 26.07.2022 ലെ DM1 - 6182/2020 ലെ ഉത്തരവും (SRG 788/22- CC /427/22).**

കൊവിഡ് 19 മഹാമാരിസമയത്ത് **CFLTC, DCC** കൊവിഡ് കെയർ സെന്റർ എന്നീ സൗകര്യം ഗ്രാമപഞ്ചായത്ത് ഒരുക്കിയിരുന്നു. ഇതിനായി ഗ്രാമപഞ്ചായത്ത് പ്രദേശത്തെ കോതനല്ലൂർ തുവാനീസ ധ്യാനകേന്ദ്രത്തിന്റെ കെട്ടിടമാണ് ഉപയോഗിച്ചത്. പുതിയതായി പണിത ഈ കെട്ടിടവും കട്ടിലുകൾ, ഫർണിച്ചർ ഉൾപ്പടെയുള്ള സൗകര്യവും സൗജന്യമായാണ് നൽകിയത്. തുടർച്ചയായ ഉപയോഗത്തിൽ കെട്ടിടത്തിന്റെ പെയിന്റിംഗ്, പ്ലംബിംഗ് മറ്റു സൗകര്യങ്ങൾ മുതലായവയ്ക്ക് അറ്റകുറ്റപ്പണി ആവശ്യമായി വന്നിട്ടുണ്ട്. ഇതിന്റെ അറ്റകുറ്റപ്പണിക്ക് 20 ലക്ഷം രൂപ വരുമെന്ന് സ്ഥാപനത്തിന്റെ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. 8.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയിട്ടുണ്ട്. ഇതനുസരിച്ച് **8.00** ലക്ഷം രൂപ തനതുഫണ്ടിൽ നിന്ന് വകയിരുത്തി ഇതിന്റെ അറ്റകുറ്റപ്പണിക്ക് ഗ്രാമപഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. അതിന് **DDMA** ചെയർമാനായ ജില്ലാകളക്ടർ അനുമതിയും നൽകിയിട്ടുണ്ട്.

നിർമ്മാണ പ്രവൃത്തി നടപടിക്രമങ്ങളിലൂടെ ഗ്രാമപഞ്ചായത്തിനു നടത്താൻ കാലതാമസമെടുക്കും എന്നതിനാൽ ഈ തുക കോതനല്ലൂർ തുവാനീസ ധ്യാനകേന്ദ്രത്തിന്റെ അക്കൗണ്ടിലേക്ക് നേരിട്ടു കൈമാറാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** മുഴുവൻതുകയും കോതനല്ലൂർ തുവാനീസ് ധ്യാനകേന്ദ്രത്തിനു മുൻകൂറായി കൈമാറാവുന്നതല്ല. ധ്യാനകേന്ദ്രം നേരിട്ട് പ്രവൃത്തി ചെയ്ത് പ്രവൃത്തിയുടെ പുരോഗതിയുടെ അടിസ്ഥാനത്തിൽ വാല്യുവേഷൻ പ്രകാരം ഘട്ടം ഘട്ടമായി തുക നൽകുന്നതിന് അനുമതി നൽകുന്നു. ആകെ ചെലവ് 8.00 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

### 4.23 കണ്ണൂർ ജില്ലാ പഞ്ചായത്ത്

**കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 10.06.2022 ലെ Plan/President/A2 3395/21-ാം നമ്പർ കത്ത് (SRG 657/22)**

ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള കെ.പി.ആർ.ജി.എം.ജി.എച്ച്.എസ്.എസ് സ്കൂൾ കോമ്പൗണ്ടിൽ ജനകീയാസൂത്രണ രജതജൂബിലി സ്മാരകവും ബഹു. കേരള മുഖ്യമന്ത്രിയായിരുന്ന ശ്രീ.ഇ.കെ.നായനാരുടെ പ്രതിമയും സ്ഥാപിക്കാൻ ജില്ലാ പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. ജനകീയാസൂത്രണത്തിൽ കണ്ണൂർ ജില്ല കൈവരിച്ച നേട്ടങ്ങൾ ഡിജിറ്റൽ രൂപത്തിൽ മ്യൂസിയത്തിൽ പ്രദർശിപ്പിക്കാനുദ്ദേശിക്കുന്നു. ഇവിടെ ശ്രീ ഇ.കെ.നായനാരുടെ പ്രതിമ സ്ഥാപിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു. പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിക്കു നൽകണം.

**നടപടി:- തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

### 4.24 നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത്

**പഞ്ചായത്ത് ഡയറക്ടറുടെ 13.07.2022 ലെ** PAN/10333/2022-J2(DP) **നമ്പർ കത്തും നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 27.06.2022 ലെ** A4-595/2021-**ലെ കത്തും നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 22.02.2022 ലെ 6/4, 24.03.2022 ലെ 9/1- എന്നീ നമ്പറായുള്ള തീരുമാനങ്ങളും അനുബന്ധരേഖകളും (SRG 687/22)**

നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത് **2021-**22 വർഷം പട്ടികവർഗ്ഗ വിഭാഗത്തിലെ 90 കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് പ്രോജക്ട് എടുത്തിരുന്നു. 6.00 ലക്ഷം രൂപ വീതമാണ് നൽകുന്നത്. ഇതിനായി ആകെ 5.40 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. ഗ്രാമപഞ്ചായത്തിലെ 5-ാം വാർഡിൽ പുല്ലുകാട് കോളനി പ്രദേശത്തുള്ള ഓരോ പട്ടികവർഗ്ഗ കുടുംബത്തിനും ഒരേക്കർ വീതം ഭൂമി സർക്കാർ നൽകിയിട്ടുണ്ട്. ഈ സ്ഥലത്താണ് വീട് നിർമ്മിച്ചു നൽകുന്നത്. ഈ വീടുകൾ നിർമ്മിക്കുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സൊസൈറ്റൽ അഡ്വാൻസ്മെന്റ് മരുതംകുഴി, തിരുവനന്തപുരം എന്ന ഏജൻസിയെ ചുമതലപ്പെടുത്തി. ഗ്രാമപഞ്ചായത്ത് സെക്രട്ടറി, വീടുകളുടെ ഗുണഭോക്തൃസമിതി പ്രസിഡന്റ്, ഏജൻസിയുടെ ഡയറക്ടർ എന്നിവരുമായി 25.03.2022 ൽ എഗ്രിമെന്റിൽ ഏർപ്പെട്ടു. കൂടാതെ ഭവനനിർമ്മാണത്തിന്റെ ആദ്യഗഡുവെന്ന നിലയിൽ 1,07,28,229 രൂപ ഏജൻസിക്കു കൈമാറി (റ്റി.എസ്.പി വിഹിതം 3,21,000 രൂപയും വികസനഫണ്ട് 1,04,07,229 രൂപയും). സാമ്പത്തികവർഷം അവസാനിക്കുന്നതിനു മുമ്പ് ലൈഫ് പദ്ധതിക്കുള്ള തുക നഷ്ടപ്പെടാതിരിക്കാനാണ് 24.03.2022 ലെ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം തുക കൈമാറിയതെന്നറിയിച്ചുകൊണ്ട് ഇതിന് സാധൂകരണം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം :-** 1) ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സൊസൈറ്റൽ അഡ്വാൻസ്മെന്റ് എന്ന ഏജൻസിക്ക് വീടു നിർമ്മാണത്തിനുള്ള അക്രഡിറ്റേഷൻ ഇല്ല എന്ന് യോഗം നിരീക്ഷിച്ചു. സുസ്ഥിര

നഗരവികസനം, നഗരവികസന പദ്ധതി രേഖ തയ്യാറാക്കൽ, വികസന മാതൃക തയ്യാറാക്കൽ, കമ്മ്യൂണിറ്റി ഓർഗനൈസേഷൻ എന്നീ മേഖലയ്ക്ക് മാത്രമാണ് മുകളിൽ പറഞ്ഞ ഏജൻസിക്ക് 06.01.22 മുതൽ മൂന്നുവർഷത്തേക്ക് അക്രഡിറ്റേഷൻ ഉള്ളത്. ലൈഫ് ഭവന പദ്ധതിയിൽ ഭവന സമുച്ചയം ടെണ്ടറിലൂടെ ഏല്പിക്കാൻ അനുമതിയുണ്ടെങ്കിലും വ്യക്തിഗത ഭവനങ്ങൾ ഇപ്രകാരം ഏജൻസികളെ ഏല്പിക്കാൻ അനുമതി ഇല്ല എന്നും യോഗം വിലയിരുത്തി.

ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി:- 1) ചീഫ് എക്സിക്യൂട്ടീവ് ഡയറക്ടർ, ലൈഫ് മിഷൻ**
**2)തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

**4.25 <u>അടിമാലി ബ്ലോക്ക് പഞ്ചായത്ത്</u>**
**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.07.2020 ലെ കത്തും അടിമാലി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 09.07.2022 ലെ D623/2022-ാം നമ്പർ കത്തും (SRG 694/22)**

ലൈഫ് മിഷൻ പദ്ധതി 2020-ഒന്നാം ഘട്ട അപ്പീൽ സ്വീകരിക്കുന്നതിന് അടിമാലി ബ്ലോക്ക് പഞ്ചായത്തിൽ ഹെൽപ് ഡെസ്ക് രൂപീകരിച്ച് ക്രമീകരണം ചെയ്തിരുന്നു. അപ്പീൽ സ്വീകരിച്ച് നടപടി എടുക്കേണ്ട അവസാനദിവസം 17.06.2022 ആയിരുന്നു. ആകെ 928 അപേക്ഷകളാണ് ലഭിച്ചത്. ഇവ പരിശോധിച്ച് ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് യോഗ്യതയുള്ളവരുടേയും അയോഗ്യരാവയവരുടേയും ലിസ്റ്റ് സൈറ്റിൽ അപ് ലോഡ് ചെയ്യണം. എന്നാൽ അവസാനദിവസമായ ജൂൺ 17-ാം തീയതി നെറ്റ് കണക്ഷന്റെ പ്രശ്നം കാരണം 119 അപേക്ഷകൾ സൈറ്റിൽ അപ് ലോഡ് ചെയ്യാൻ കഴിഞ്ഞില്ല. അതിനാൽ ഇവരുടെ വിവരങ്ങൾ കൂടി അപ് ലോഡ് ചെയ്യാൻ (യോഗ്യതയുള്ളവരും അയോഗ്യരായവരും) ക്രമീകരണം ചെയ്യണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അന്തിമലൈഫ് ഗുണഭോക്തൃലിസ്റ്റ് പ്രസിദ്ധീകരിച്ച സാഹചര്യത്തിൽ തൽക്കാലം ഇതു പരിഗണിക്കേണ്ടതില്ല എന്നു യോഗം തീരുമാനിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

**4.26 <u>ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത്</u>**

**എറണാകുളം ജില്ലാ കളക്ടറുടെ 06.07.2022 ലെ 106426/22/DPC/DPO/EKM/CC നമ്പർ കത്തും ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 06.07.2022, 01.07.2022 എന്നീ തീയതികളിലെ കത്തുകൾ (2 എണ്ണം) ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27.06.2022 ലെ 1(6)-ാം നമ്പർ തീരുമാനവും (SRG 661/22).**

| | | | |
|---|---|---|---|
| i) | ***പ്രോ.നം: 9/23*** | ***അടങ്കൽ*** | ***4,99,000/- രൂപ*** *(CFC Tied Grant)* |
| | ***പേര്*** | ***വിവിധ വാർഡുകളിലെ കാനകളിലെ മാലിന്യം നീക്കം ചെയ്യൽ*** | |
| ii) | ***പ്രോ.നം. 10/23*** | ***അടങ്കൽ*** | ***4,99,000/- രൂപ*** *(CFC Tied Grant)* |
| | ***പേര്*** | ***കട്ടേപ്പാടം ഭാഗത്തെ തോട് വൃത്തിയാക്കൽ*** | |
| iii) | ***പ്രോ.നം. 11/22*** | ***അടങ്കൽ*** | ***4,95,000/- രൂപ*** *(CFC Tied Grant)* |
| | ***പേര്*** | ***പള്ളിക്കവല കുന്നുംപുറം കാന വൃത്തിയാക്കൽ*** | |

പതിനാലാം പഞ്ചവത്സര പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പ്രകാരം 1.00 ലക്ഷം രൂപയിൽ കൂടുതലുള്ള പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേനയാണ് നടത്തേണ്ടത്. കാലവർഷം ആരംഭിക്കുന്നതിനു മുമ്പായി ചെയ്യേണ്ട പ്രവൃത്തി ആയതിനാൽ മുകളിൽ പറഞ്ഞ പ്രോജക്ടുകൾ ഇ-ടെണ്ടറിനു പകരം സാധാരണ ടെണ്ടറിലൂടെ നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ആവശ്യം നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4. 27 <u>തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം</u>**

**തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 07.07.2022 - ലെ DB3/753/2013/CE/LSGD (Part C - SRG 678/22)**

എഞ്ചിനീയർമാരുടെ ആവശ്യത്തിന് മാനദണ്ഡങ്ങൾ പാലിച്ച് എല്ലാ ഗ്രാമപഞ്ചായത്തുകളിലും വാഹനം വാടകയ്ക്ക് എടുക്കുന്നതിനും, എഞ്ചിനീയർമാർക്ക് വാഹനം ഇല്ലാത്ത നഗരസഭകൾക്കും, ജില്ലാ പഞ്ചായത്തുകൾക്കും, ബ്ലോക്ക് പഞ്ചായത്തുകൾക്കും, നിലവിലുള്ള നിബന്ധനകൾ പാലിച്ചുകൊണ്ട് വാഹനം വാങ്ങുന്നതിനും 14.03.2018 ലെ 690/18/തസ്വഭവ നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പദ്ധതി അവലോകനയോഗങ്ങളിൽ വാഹനലഭ്യത കുറവ് മൂലം പദ്ധതി നിർവ്വഹണത്തിൽ ഒട്ടേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നതായി എഞ്ചിനീയർമാർ അറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വാഹനലഭ്യത സംബന്ധിച്ച ഒരു ഡേറ്റ കളക്ഷൻ നടത്തിയിരുന്നു. ഇതനുസരിച്ച് 541 തദ്ദേശസ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന് വാഹനസൗകര്യമില്ല. ഇതിൽ തന്നെ 262 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഫണ്ടിന്റെ അപര്യാപ്തതമൂലം വാഹനസൗകര്യം ലഭ്യമാക്കാൻ കഴിയില്ല. പുതിയ ആസൂത്രണ/സബ്സിഡി മാർഗ്ഗരേഖ പ്രകാരം തനത്/വികസനഫണ്ട് (പൊതു വിഭാഗം - സാധാരണ വിഹിതം) ആണ് വാഹനം വാടകയ്ക്ക് എടുക്കുന്നതിന് അനുമതിയുള്ളത്. ഈ ഫണ്ടിൽ നിന്ന് എഞ്ചിനീയറിംഗ്

വിഭാഗത്തിന്റെ വാഹന സൗകര്യത്തിനായി പദ്ധതികൾ വയ്ക്കുന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വിമുഖത കാട്ടുന്നുണ്ട്. മുൻകാലങ്ങളിൽ തനതുഫണ്ടിന്റെ ലഭ്യത കുറവുള്ള ഗ്രാമപഞ്ചായത്തുകളിൽ നോൺ റോഡ് മെയിന്റനൻസ് ഫണ്ടിൽ നിന്ന് വാഹനം വാടകയ്ക്ക് എടുക്കുന്നതിന് അനുമതിയുണ്ടായിരുന്നു. (02.08.2019 ലെ LSGD/DB3/141/2019/LSGD നമ്പർ സർക്കുലർ). കൂടാതെ 2017 ന ശേഷം രജിസ്റ്റർ ചെയ്ത വാഹനമായിരിക്കണമെന്ന മാർഗ്ഗരേഖയിലെ നിബന്ധനയും, അനുവദിച്ചിട്ടുള്ള നിരക്ക് **Rs.18/km** (ശരാശരി) എന്നതും വാഹനം ലഭിക്കുന്നതിന് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു. വിസ്തൃതി കൂടിയതും, വ്യത്യസ്ത Terrain–ൽ ഉൾപ്പെട്ടുവരുന്നതുമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ, മാർഗ്ഗരേഖയിൽ അനുശാസിക്കും പ്രകാരമുള്ള പരിധികൾ (km & തുക) വാഹനലഭ്യതയ്ക്ക് പ്രയാസകരമാണ്. അതിനാൽ മേൽവിവരിച്ച വിഷയങ്ങളിൽ ആവശ്യമായ ഇളവുകൾ ഉൾപ്പെടുത്തണമെന്നതു സംബന്ധിച്ച്.

**തീരുമാനം : –** വാഹനം വാടകയ്ക്ക് എടുക്കുന്നതു സംബന്ധിച്ച് നിലവിലെ നിബന്ധനകൾ മാറ്റേണ്ടതില്ലെന്ന് യോഗം തീരുമാനിച്ചു.

**നടപടി:– തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.28 <u>പത്തനംതിട്ട ജില്ലാ പഞ്ചായത്ത്</u>**

**പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 12.08.2022 ലെ P6/3182/21–ാം നമ്പർ കത്തും പത്തനംതിട്ട ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 04.08.2022 ലെ 6(7)–ാം നമ്പർ തീരുമാനവും (SRG 786/22).**

| | | |
|---|---|---|
| ***പ്രോ.നം: 726/23*** | ***അടങ്കൽ*** | ***5,00,000 രൂപ*** *(തനത്ഫണ്ട്)* |
| ***പേര്*** | *പള്ളിയോടങ്ങൾക്ക് ഗ്രാന്റ്* | |

ആറന്മുള ഉത്രട്ടാതി ജലോത്സവം ജില്ലയുടെ പൈതൃകോത്സവമാണ്. നാൽപതോളം ചുണ്ടൻ വള്ളങ്ങൾ ഈ ജലോത്സവത്തിൽ പങ്കെടുക്കുന്നുണ്ട്. ജലോത്സവത്തിനു ശേഷം ചുണ്ടൻ വള്ളങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് പള്ളിയോടസമിതികൾക്ക് ഭാരിച്ച ചെലവു വരും. ഈ പള്ളിയോടങ്ങളുടെ പരിപാലനത്തിന് ധനസഹായമായി 25,000 രൂപ വീതം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :–** 1) ഓരോ പള്ളിയോടങ്ങൾക്കും 10,000 രൂപയിൽ പരിമിതപ്പെടുത്തി ധനസഹായം നൽകാൻ അനുമതി നൽകുന്നു. മറ്റ് തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്ന് ഈ വർഷം ധനസഹായം ലഭിച്ച പള്ളിയോടങ്ങൾ ഒഴിച്ച് മറ്റുള്ള പള്ളിയോടങ്ങൾക്ക് മാത്രമേ ധനസഹായം നൽകാവൂ.

**നടപടി:– തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**4.29 <u>കഞ്ചിക്കുഴി ബ്ലോക്ക് പഞ്ചായത്ത്</u>**

**കഞ്ചിക്കുഴി ബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറിയുടെ 04.08.2022 ലെ P2-ാാം നമ്പർ കത്ത് (SRG 787/22).**

കഞ്ചിക്കുഴി ബ്ലോക്ക് പഞ്ചായത്ത് ഓണത്തോടനുബന്ധിച്ച് വിപണന സൗകര്യം ഒരുക്കുന്നതിനായി പുതിയതായി ഒരു പ്രോജക്ട് ഉൾപ്പെടുത്താൻ സുലേഖ സോഫ്റ്റ് വെയറിൽ സൗകര്യം ഒരുക്കണമെന്നു സംബന്ധിച്ച്.

**തീരുമാനം :-** 1) തൽക്കാലം തനതുഫണ്ടുപയോഗിച്ച് വിപണന സൗകര്യം ഒരുക്കാൻ അനുമതി നൽകുന്നു. പിന്നീട് ഇത് വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഇ.ജി) വകുപ്പ്**

**4.30 <u>പഞ്ചായത്ത് ഡയറക്ടർ</u>**

**പഞ്ചായത്തു ഡയറക്ടറുടെ 10.08.2022 ലെ PAN/20905/2018/J1 DP - നമ്പർ കത്ത് (SRG 770/22)**

ഐ.റ്റി.ഐകളിൽ നിന്ന് വിവിധ ട്രേഡുകളിൽ പഠനം പൂർത്തിയാക്കിയ പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട തൊഴിൽരഹിതർ ഉണ്ട്. ഇവർക്ക് സ്വന്തമായി ടൂൾ കിറ്റുകൾ ഇല്ലാത്തതിനാൽ അവർ പഠിച്ച തൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്നതിന് കഴിയാത്ത അവസ്ഥയുണ്ട്. ഇവർക്ക് ടൂൾ കിറ്റ് വാങ്ങുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾ ധനസഹായം നൽകിയാൽ പ്രയോജന പ്രദമായിരിക്കുമെന്ന് അറിയിച്ചുകൊണ്ട് ഇത് കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കണമെന്നു സംബന്ധിച്ച്.

**തീരുമാനം :-** പൊതുതീരുമാനം ഖണ്ഡിക 3.11 പ്രകാരം നടപടി സ്വീകരിക്കാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.31 <u>പഞ്ചായത്ത് ഡയറക്ടർ</u>**

**പഞ്ചായത്ത് ഡയറക്ടറുടെ 10.08.2022 ലെ PAN /23922/18/J2/DD നമ്പർ കത്തും അനുബന്ധമായി ചേർത്തിരിക്കുന്ന പട്ടികയും**

താഴെ പറയുന്ന ഗ്രാമപഞ്ചായത്തുകളിൽ വിവിധ ഭവന നിർമ്മാണ പദ്ധതിയിൽ ലഭിച്ചിട്ടുള്ളതിൽ 6,80,40,988/- രൂപ വിവിധ ബാങ്കുകളിലായി ചെലവഴിക്കാതെ കിടപ്പുണ്ട്. ഇ.എം.എസ് ഭവനപദ്ധതി, എം.എൻ ലക്ഷം വീട്ടു പദ്ധതി, പി.എം.എ.വൈ, ജനകീയ ഭവനപദ്ധതി, സംസ്ഥാന സർക്കാർ പ്രത്യേകമായി നൽകിയ ഭവന നിർമ്മാണ ധനസഹായം എന്നിവയിൽ ചെലവഴിക്കാതെ കിടക്കുന്നതാണ് ഈ വിഹിതം.

ഓരോ ഗ്രാമപഞ്ചായത്തിലും ഇപ്രകാരം ചെലവഴിക്കപ്പെടാതെ കിടക്കുന്ന തുകയടക്കമുള്ള ലിസ്റ്റ് നൽകിയിട്ടുണ്ട്. ഈ തുക ലൈഫ് ഭവനപദ്ധതിയ്ക്കായി ഉപയോഗിക്കാൻ അനുമതി നൽകണമെന്നു സംബന്ധിച്ച്.

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്തിന്റെ പേര് | ഭവനപദ്ധതിയുടെ പേര് | ചെലവഴിക്കാതെ ശേഷിക്കുന്ന തുക (രൂപ) |
|---|---|---|---|
| 1 | കള്ളിക്കാട് | ഇ.എം.എസ് | 27,38,186 |
| 2 | മാറനല്ലൂർ | ഇ.എം.എസ് | 4,19,832 |
| 3 | വിളപ്പിൽ | പി.എം.എ.വൈ | 22,24,783 |
| 4 | വെളിയം | ഇ.എം.എസ് | 1,290 |
| 5 | ചാത്തന്നൂർ | ഇ.എം.എസ് | 58,582 |
| 6 | ചവറ | ഇ.എം.എസ് | 8,04,877 |
| 7 | ആര്യങ്കാവ് | ഇ.എം.എസ് | 1,68,1111 |
| 8 | ഇടമുളയ്ക്കൽ | ഇ.എം.എസ് | 36,27,216 |
| 9 | കടയ്ക്കൽ | ഇ.എം.എസ് | 3,45,305 |
| 10 | കുളത്തുപ്പുഴ | ഇ.എം.എസ് | 1,72,039 |
| 11 | ഏരൂർ | ഇ.എം.എസ് | 76,648 |
| 12 | കുറ്റൂർ | ഇ.എം.എസ് | 46,74,071 |
| 13 | ചമ്പക്കുളം | എം.എൻ.ലക്ഷം വീട് | 8,270 |
| 14 | ഇടവെട്ടി | ഇ.എം.എസ് | 87,283 |
| | | എം.എൻ.ലക്ഷം വീട് | 4,25,801 |
| 15 | കുമാരമംഗലം | ഇ.എം.എസ് | 3,00,315 |
| 16 | വട്ടവട | വട്ടവട മാതൃക ഗ്രാമം | 2,24,00,000 |
| 17 | ആലങ്ങാട് | ഇ.എം.എസ് | 15,119 |
| 18 | അശമന്നൂർ | ജനകീയ ഭവൻ | 95,718 |
| 19 | അയ്യമ്പുഴ | ഇ.എം.എസ് | 34,95,325 |
| 20 | ചെല്ലാനം | ഇ.എം.എസ് | 28,82,421 |
| 21 | ചേരാനല്ലൂർ | ജനകീയഭവന പദ്ധതി, JNNURM | 2,05,660 |
| 22 | ചിറ്റാറ്റുക്കര | ജനകീയഭവന പദ്ധതി, JNNURM | 3,60,330 |
| 23 | ഇടത്തല | എം.എൻ.ലക്ഷം വീട് | 13,35,334 |
| 24 | ഏഴിക്കര | ഇ.എം.എസ് | 3,122 |
| 25 | കടങ്ങല്ലൂർ | ജനകീയഭവന പദ്ധതി, JNNURM | 2,17,156 |
| 26 | കോട്ടപ്പടി | ഇ.എം.എസ് | ,96,144 |
| 27 | കോട്ടുവള്ളി | എം.എൻ.ലക്ഷം വീട് | 13,75,100 |
| 28 | കുന്നത്തുനാട് | ഇ.എം.എസ് | 33,46,970 |
| 29 | രാമമംഗലം | ജനകീയഭവന പദ്ധതി | 2,89,488 |

| | | | |
|---|---|---|---|
| 30 | രായമംഗലം | എം.എൻ.ലക്ഷം വീട് | 14,16,925 |
| 31 | നടത്തറ | എം.എൻ.ലക്ഷം വീട് | 5,14,157 |
| 32 | പുത്തൂർ | എം.എൻ.ലക്ഷം വീട് | 7,08,038 |
| 33 | വരന്തരപ്പള്ളി | എം.എൻ.ലക്ഷം വീട് | 3,081,95 |
| 34 | ചളവറ | എം.എൻ.ലക്ഷം വീട് | 5,96,442 |
| 35 | മേലാർകോഡ് | എം.എൻ.ലക്ഷം വീട് | 11,57,020 |
| 36 | വെള്ളിനേഴി | എം.എൻ.ലക്ഷം വീട് | 2,52,932 |
| 37 | ചെറുവണ്ണൂർ | എം.എൻ.ലക്ഷം വീട് | 5,03,214 |
| 38 | കുന്നമ്മൽ | എം.എൻ.ലക്ഷം വീട് | 27,536 |
| 39 | കരുവട്ടൂർ | എം.എൻ.ലക്ഷം വീട് | 3,00,000 |
| 40 | കുറ്റ്യാടി | എം.എൻ.ലക്ഷം വീട് | 3,98,788 |
| 41 | പേരാമ്പ്ര | എം.എൻ.ലക്ഷം വീട് | 72,30,568 |
| 42 | പെരുമണ്ണ | എം.എൻ.ലക്ഷം വീട് | 78,052 |
| 43 | പുല്ലൂർ പെരിയ | NPRPD | 6,85,625 |
| | ആകെ | | **6,80,40,988** |

**തീരുമാനം :-**

1) പഞ്ചായത്ത് ഡയറക്ടർ നൽകിയ ലിസ്റ്റിൽ വട്ടവടഗ്രാമപഞ്ചായത്ത് ഒഴികെയുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചെലവഴിക്കാതെ കിടക്കുന്ന വിഹിതം ലൈഫ് ഭവന പദ്ധതിയ്ക്കായി ഉപയോഗിക്കാൻ അനുമതി നൽകുന്നു.

2) വട്ടവട ഗ്രാമപഞ്ചായത്തിൽ പട്ടികജാതി വികസന വകുപ്പ് നൽകിയ 2.24 കോടി രൂപ ചെലവഴിക്കാതെയുണ്ട്. ആകെ 3.24 കോടി രൂപയാണ് വീട്ടു നിർമ്മാണത്തിന് പട്ടികജാതി വികസന വകുപ്പ് നൽകിയതെന്നും ഇതിൽ 1.00 കോടി രൂപ ഹാബിറ്റാറ്റ് ടെക്നോളജീസ് ഗ്രൂപ്പിനു കൈമാറിയിട്ടുണ്ടെന്നും യോഗം നിരീക്ഷിച്ചു. ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പഞ്ചായത്തു ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും

**നടപടി:- 1) പഞ്ചായത്ത് ഡയറക്ടർ**
**2)തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

**4.32 വേങ്ങര ബ്ലോക്ക് പഞ്ചായത്ത്**

**ബഹു.വേങ്ങര എം.എൽ.എയുടെ 12.07.2022 ലെ കത്തും വേങ്ങര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 06.07.2022 ലെ B-143/2022- ലെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 11.03.2022 ലെ യോഗതീരുമാനവും (ഖണ്ഡിക 4.63) (SRG 688/22).**

വേങ്ങര സി.എച്ച്.സിയുടെ പഴയ കെട്ടിടം പൊളിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്റെ ഭാഗമായി കിടത്തി ചികിത്സ താൽക്കാലികമായി നിർത്തി വെയ്ക്കുകയും ജീവനക്കാരെ മറ്റു സ്ഥാപനങ്ങളിലേക്ക് മാറ്റി നിയമിക്കുകയുമുണ്ടായി. പുതിയ കെട്ടിടം പണിതു. കിടത്തി ചികിത്സ പുനരാരംഭിക്കുന്നതിന് അത്യാവശ്യം വേണ്ട ക്ലീനിംഗ് സ്റ്റാഫിനെ ബ്ലോക്കു പഞ്ചായത്തിൽ നിന്നു നിയമിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം : -** ഒരു ക്ലീനിംഗ് സ്റ്റാഫിനെ കുടുംബശ്രീ മുഖേന നിയമിക്കാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.33 കേരളസംസ്ഥാന കളിമൺ പാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ**

**കേരള സംസ്ഥാനകളിമൺ പാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ ചെയർമാന്റെ 04.08.2022, 06.08.22 എന്നീ തീയതികളിലെ KSP/CM/01/21-ാം നമ്പർ കത്തുകൾ (SRG 747/22).**

കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ ഇൻഡ്യൻ കമ്പനി ആക്ട് 2013- അനുസരിച്ച് പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനമാണ്. പരമ്പരാഗത ചെറുകിട കളിമൺ പാത്ര നിർമ്മാതാക്കളിൽ നിന്ന് ഗുണമേന്മയും ന്യായവിലയും ഉറപ്പാക്കി കളിമൺ ഉല്പന്നങ്ങൾ കോർപ്പറേഷൻ മുഖാന്തിരം വിൽക്കുന്നുണ്ട്. മൺകല കമ്പോസ്റ്റ്, മുച്ചട്ടി കമ്പോസ്റ്റ് എന്നിവയ്ക്കുവേണ്ടിയുള്ള മൺപാത്രങ്ങൾ, കുടിവെള്ളത്തിനു വേണ്ട പാത്രം, ചെടിച്ചട്ടികൾ എന്നിവ കോർപ്പറേഷൻ വിതരണം ചെയ്യുന്നുണ്ട്. സംസ്ഥാനത്തെ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ആവശ്യമുള്ള കളിമൺ ഉല്പന്നങ്ങൾ കോർപ്പറേഷനിൽ നിന്നു വാങ്ങണമെന്ന് നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്. ഒപ്പം ഇവ ക്വട്ടേഷൻ / ടെണ്ടർ നടപടി ഒഴിവാക്കി വാങ്ങാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നും സംബന്ധിച്ച്.

**തീരുമാനം:-** കേരള സംസ്ഥാന കളിമൺ പാത്ര നിർമ്മാണ വിപണന ക്ഷേമ കോർപ്പറേഷനിൽ നിന്ന് ഇത്തരം ഉല്പന്നങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ടെണ്ടർ കൂടാതെ വാങ്ങാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**

**4.34 കൊല്ലം കോർപ്പറേഷൻ**

**കൊല്ലം മേയറുടെ 11.03.2022 ലെ CSSS2/29476/2021 - ലെ കത്തും 08.06.2022 ലെ Kud 25924/21-ാം നമ്പർ കത്തും (SRG 715/22).**

**i)** കൊല്ലം കോർപ്പറേഷനിലെ അമൃതകുളം ചേരിയിൽ താമസിക്കുന്ന ശ്രീമതി രാജമ്മ, ശ്രീമതി മാടത്തി എന്നിവരുടെ വീട് 2018 ഓഗസ്റ്റ് മാസം തീപിടുത്തത്തിൽ കത്തി നശിച്ചു. ഇപ്പോൾ ഇവർ

അമൃതകുളം എൽ.പി സ്കൂളിൽ താൽക്കാലികമായി താമസിച്ചുവരികയാണ്. ഇവരെ മുണ്ടക്കലുള്ള കോർപ്പറേഷൻ വക സ്ഥലത്ത് വീട്ടു വച്ചുനൽകി പുനരധിവസിപ്പിക്കാനുദ്ദേശിക്കുന്നു. ഇതിനായി കുടുംബശ്രീ കെട്ടിടനിർമ്മാണ യൂണിറ്റിന് 16.40 ലക്ഷം രൂപ കൈമാറി പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

കഴിഞ്ഞ വർഷം അലക്കുഴി നിവാസികളെ പുനരധിവസിപ്പിക്കുന്നതിന് 34.80 ലക്ഷം രൂപയുടെ പ്രോജക്ട് തയ്യാറാക്കിയിരുന്നു. (പ്രോ.നം. 430/22). ഇതു നടപ്പാക്കാൻ കഴിഞ്ഞില്ല. ഇതിൽ നിന്നാണ് ആവശ്യമായ തുക കണ്ടെത്തുന്നത്. ഈ വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തുമെന്നറിയിച്ചിട്ടുണ്ട്.

**തീരുമാനം :-** മൂന്നുവർഷമായി സ്കൂളിൽ താമസിക്കുന്ന ഇവർക്ക് വീട്ടുനിർമ്മിച്ചു നൽകുന്നതിന് പ്രത്യേക അനുമതി നൽകുന്നു. വീട്ടു നിർമ്മിക്കുന്നതിന് സ്ഥലം ആവശ്യമുണ്ടെങ്കിൽ മാർഗ്ഗരേഖ പ്രകാരമുള്ള നിരക്കിൽ ഭൂമി വാങ്ങി നൽകാവുന്നതാണ്. എന്നാൽ ഇതിനുള്ള തുക ലൈഫ് പദ്ധതിക്കു മാറ്റിവച്ചിരിക്കുന്ന 20 ശതമാനത്തിനു പുറത്തു നിന്ന് കണ്ടെത്തേണ്ടതാണ്. ഒപ്പം ലൈഫ് നിരക്കായ ഒരു വീടിന് 4.00 ലക്ഷം രൂപ വീതമേ കുടുംബശ്രീക്കു കൈമാറാവൂ എന്നു നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

**ii)** കൊല്ലം കോർപ്പറേഷനിൽ 46-ാം വാർഡിലെ താമരകുളത്ത് 40 വർഷമായി താമസിച്ചുകൊണ്ടിരിക്കുന്ന 5 പേരെ പുനരധിവസിപ്പിക്കുന്നതിന് പ്രോജക്ട് കഴിഞ്ഞവർഷം ഏറ്റെടുത്തിരുന്നു. അതിൽ ഒരു കുടുംബത്തിന് വീടും സ്ഥലവും നൽകി. ബാക്കിയുള്ള ശ്രീമതി. സുബൈദ, ശ്രീമതി. നസീമ തൊടിയിൽ പുരയിടം, ശ്രീമതി. തനൂജ, ശ്രീമതി ഷാരിഫ എന്നിവർ താമരക്കുളത്ത് ഷീറ്റുമേഞ്ഞ ഒറ്റമുറി വീട്ടിലാണ് താമസിക്കുന്നത്. ഇവരെ പുനരധിവസിപ്പി ക്കുന്നതിനുള്ള പ്രോജക്ട് ഈ വർഷം സ്പിൽ ഓവറായി തുടരുന്നു. ഇവർക്ക് 2 സെന്റിൽ കുറയാതെ സ്ഥലം വാങ്ങി 60 ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിൽ കവിയാത്ത വീടു നിർമ്മിച്ചു നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം : -** മുകളിൽ പറഞ്ഞവരിൽ ആരെങ്കിലും ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടവരുണ്ടെങ്കിൽ ലൈഫ് മാനദണ്ഡപ്രകാരം വീട്ടു നൽകാൻ അനുമതി നൽകുന്നു. ബാക്കിയുള്ളവവരുടെ അപേക്ഷ വാങ്ങി PMAY (Urban) ൽ ഉൾപ്പെടുത്തുന്നതിനു പരിഗണിക്കാൻ നിർദ്ദേശിക്കുന്നു. ഇതിനായി ഗുണഭോക്താവിനു തന്നെ സ്ഥലം കണ്ടെത്താൻ കഴിയില്ലെങ്കിൽ ലൈഫ് നിരക്കു പ്രകാരം സ്ഥലം വാങ്ങി നൽകുന്നതിന് പ്രത്യേകാനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

4.35 <u>തളിപ്പറമ്പ ബ്ലോക്ക പഞ്ചായത്ത്</u>

**തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 25.07.2022 ലെ** B/1667/2022- **ലെ കത്തും തളിപറമ്പ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 19.07.22 ലെ 97/2022–ാം നമ്പർ തീരുമാനവും പ്രോജക്ടിന്റെ പകർപ്പും (SRG 712/22).**

| *പ്രോ.നം: 107/23* | *അടങ്കൽ* | *45,38,000 രൂപ*<br>*(മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്)* |
|---|---|---|
| ***പേര്*** | *മീറ്റിംഗ് ഹാളുകളുടെ നവീകരണം* | |

ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിലെ രണ്ടു മീറ്റിംഗ് ഹാളുകളുടെ നവീകരണത്തിന് ഈ വർഷം പ്രോജക്ട വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ആയതിനാൽ ജില്ലാ ആസൂത്രണ സമിതി അനുമതി നിരസിച്ചു. നിലവിലെ മീറ്റിംഗ് ഹാളുകളുടെ മേൽക്കൂര, ഫ്ലോർ, വയറിംഗ് തുടങ്ങിയവ നല്ല അവസ്ഥയിലല്ല. മറ്റു ഫണ്ടുകൾ ഇല്ലാത്തതിനാൽ മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ഉപയോഗിച്ച് ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നത് സംബന്ധിച്ച്.

**തീരുമാനം : –** ഈ പ്രോജക്ടിന് മാത്രമായി പ്രത്യേകാനുമതി നൽകുന്നു.

**നടപടി:– തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4.36 <u>ചേലമ്പ്ര ഗ്രാമപഞ്ചായത്ത്</u>

**ബഹു.വള്ളിക്കുന്ന് എം.എൽ.എയുടെ 13.07.2022 ലെ 121/വള്ളിക്കുന്ന് /2022–ാം നമ്പർ കത്തും ചേലമ്പ്ര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 13.07.2022 ലെ കത്തും ചേലമ്പ്ര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 17.06.2022 ലെ 19(1)–ാം നമ്പർ തീരുമാനവും 16.05.2022 ലെ 25(1)–ാം നമ്പർ തീരുമാനവും (SRG 722/22).**

ചേലമ്പ്രയിൽ 2020–21 ൽ ഒരു യുനാനി ഡിസ്പെൻസറി ആരംഭിച്ചു. ആഴ്ചയിൽ രണ്ടു ദിവസമാണ് ഈ ആശുപത്രി പ്രവർത്തിക്കുന്നത്. ഇവിടേയ്ക്ക് സ്ഥിരമായി പോസ്റ്റ അനുവദിക്കുന്നതുവരെ ഒരു ഫാർമസിസ്റ്റിനെ താൽക്കാലികമായി നിയമിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :–** ആവശ്യം നിരസിച്ചു. പരിഗണനയ്ക്കായി ആയുഷ് മിഷൻ വകുപ്പിനു നൽകാൻ നിർദ്ദേശിക്കുന്നു.

**നടപടി:– തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4.37 <u>ചേലമ്പ്ര ഗ്രാമപഞ്ചായത്ത്</u>

**ബഹു. വള്ളിക്കുന്ന് എം.എൽ.എയുടെ 13.07.2022 ലെ 116/വള്ളിക്കുന്ന്/2022–ാം നമ്പർ കത്തും ചേലമ്പ്ര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 13.07.2022 ലെ കത്തും ചേലമ്പ്ര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 17.06.2022 ലെ 5(1)–ാം നമ്പർ തീരുമാനവും (SRG 768/22)**

ചേലമ്പ്ര കുടുംബാരോഗ്യ കേന്ദ്രത്തിൽ ഇപ്പോൾ ഒരു ലാബ് ടെക്നീഷ്യൻ ഉണ്ട്. FHC യിൽ തിരക്ക് കൂടുതലായതിനാൽ പുതുയതായി ഒരു പോസ്റ്റ് കൂടി അനുവദിക്കുന്നതുവരെ ഒരാളെ കൂടി താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു. ആവശ്യം ആരോഗ്യവകുപ്പിന്റെ പരിഗണനയ്ക്ക നൽകാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.38 <u>ചേലന്ത്ര ഗ്രാമപഞ്ചായത്ത്</u>**

**ബഹു. വള്ളിക്കുന്ന് എം.എൽ.എയുടെ 13.07.2022 ലെ 115/വള്ളിക്കുന്ന്/2022-ാം നമ്പർ കത്തും ചേലന്ത്ര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 13.07.2022 ലെ കത്തും ചേലന്ത്ര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 06.05.2022 ലെ 24(1)-ാം നമ്പർ തീരുമാനവും (SRG 722/22).**

ചേലന്ത്ര ഗവണ്മെന്റ് ആയുർവേദാശുപത്രിയിൽ തെറാപ്പിസ്റ്റിനെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചിരുന്നു. ഇതിന്മേൽ ഓഡിറ്റ് കുറിപ്പുണ്ടായി. കോഓർഡിനേഷൻ കമ്മിറ്റിയുടെ 02.12.21 ലെ യോഗത്തിൽ 2021-22 ലേക്കു കൂടി തെറാപ്പിസ്റ്റിനെ നിയമിക്കാനുള്ള പ്രോജക്ടിന് അനുമതി നൽകിയിരുന്നു. 2022-23 ലേക്കു കൂടി തെറാപ്പിസ്റ്റിനെ നിയമിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ആവശ്യം നിരസിച്ചു. ഇതിനാവശ്യമായ തുക എച്ച്.എം.സിയിൽ നിന്ന് കണ്ടെത്തി നടപടി സ്വീകരിക്കാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.39 <u>മാങ്കുളം ഗ്രാമപഞ്ചായത്ത്</u>**

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.05.22 ലെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 02.12.2021 ലെ യോഗതീരുമാനവും (SRG 542/22 - CC/305/2022)**

| | | | |
|---|---|---|---|
| *i)* | *പ്രോ.നം: 233/22* | ***അടങ്കൽ*** | ***20,01,000 രൂപ*** |
| | | *സി.എഫ്.സി ബെയിസിക് ഗ്രാന്റ്* | *20,00,000രൂപ* |
| | | *തനത് ഫണ്ട്* | *1000 രൂപ* |
| *ii)* | *പ്രോ.നം: 7/23* | ***അടങ്കൽ*** | ***10,00,000 രൂപ*** |
| | | ***ആകെ മൊത്തം*** | ***30,01,000 രൂപ*** |
| | ***പേര്*** | *MHEP നവീകരണം* | |

മാങ്കുളം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ പാമ്പുംകയത്ത് സ്ഥാപിച്ചിട്ടുള്ള മൈക്രോ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട് **(MHEP)** 2018-ലെ പ്രളയത്തിൽ പ്രവർത്തന ക്ഷമമല്ലാതായി. എനർജി മാനേജ്മെന്റ് സെന്റർ **(EMC)** ന്റെ പങ്കാളിത്തത്തോടെയാണ് ഇത് സ്ഥാപിച്ചത്. **EMC** ഈ യൂണിറ്റ് പരിശോധിച്ചു. മെക്കാനിക്കൽ, ഇലക്ട്രിക്കൽ, പെൻസ്റ്റോക്ക് പൈപ്പ് എന്നീ ഭാഗങ്ങൾക്ക് കേട്ടു പറ്റിയിട്ടുണ്ടെന്ന് **EMC** അറിയിച്ചു. ഇതിന്റെ റിപ്പയറിംഗിനായി **EMC** യെ തന്നെ ഏല്പിക്കാൻ ഗ്രാമപഞ്ചായത്ത് തീരുമാനിച്ച പ്രകാരം കോഓർഡിനേഷൻ കമ്മിറ്റിയുടെ 02.12.2021 ലെ യോഗം അനുമതി നൽകി (ഖണ്ഡിക 4.9). **EMC** എസ്റ്റിമേറ്റ് നൽകിയിട്ടുണ്ട്. ആകെ 25.85 ലക്ഷം രൂപ **+ GST**. ഈ തുക മുഴുവനും ഒറ്റത്തവണയായി **EMC** ക്ക് ഡിപ്പോസിറ്റ് ചെയ്യാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :–** 1) ഇതിന്മേൽ ഇ.എം.സി പ്രതിനിധിയുടെ അഭിപ്രായം യോഗത്തിൽ ആരാഞ്ഞു.

2) മാങ്കുളമടക്കം മറ്റ തദ്ദേശഭരണസ്ഥാപനങ്ങളിലും ഇതേപോലെ MHEPകൾ ഉണ്ട്. ഇതിന്റെ അറ്റകുറ്റപ്പണിയടക്കമുള്ള ചെലവുകൾ EMC വഹിക്കാൻ തയ്യാറാണെന്നും ഈ ഇനത്തിൽ EMCക്കുണ്ടാകുന്ന ചെലവ് തിരികെ കിട്ടുന്നതുവരെ MHEPകളിൽ നിന്നുള്ള വരുമാനം ഷെയർ ചെയ്താൽ മതിയെന്നും EMC പ്രതിനിധി അറിയിച്ചു. പ്രോജക്ടിന്റെ ദൈനംദിന പരിപാലനം നല്ല രീതിയിൽ നടക്കുന്നതിന് ഈ പ്രൊപ്പോസൽ നല്ലതാണെന്ന് യോഗം വിലയിരുത്തി. മാങ്കുളം ഗ്രാമപഞ്ചായത്ത് ഇപ്പോൾ മാറ്റി വച്ചിരിക്കുന്ന വിഹിതം മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ ഈ രീതി സഹായകരമാകും. ഇതനുസരിച്ച് ഇ.എം.സിയും മാങ്കുളമടക്കമുള്ള തദ്ദേശഭരണ സ്ഥാപനങ്ങളും ചർച്ച ചെയ്ത് തീരുമാനമെടുക്കണം. ഇതനുസരിച്ച് നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി:– 1) ഡയറക്ടർ, ഇ.എം.സി**
**2)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.40 <u>മൂന്നാർ ഗ്രാമപഞ്ചായത്ത്</u>**

**മൂന്നാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 23.02.2022 ലെ <u>കത്തും</u>, (ഡി.എ1/67/2022/LSGD) (SRG 742/22, 797/22).**

മാർഗ്ഗരേഖ പ്രകാരം പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് (കോളേജ് / പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക്), മേശയും കസേരയും, പെൺകുട്ടികളുടെ വിവാഹത്തിനു ധനസഹായം എന്നിവ നൽകാം. ഇത് തോട്ടം മേഖലയിലെ പൊതുവിഭാഗത്തിനും ബാധകമാകണമെന്നാവശ്യം സംബന്ധിച്ച്.

**തീരുമാനം :–** എസ്റ്റേറ്റ് പ്രദേശത്ത് ലയങ്ങളിൽ താമസിക്കുന്ന പൊതു വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മാത്രം മാർഗ്ഗരേഖയിലെ മറ്റ നിബന്ധനകൾക്ക് വിധേയമായി ലാപ് ടോപ് നൽകാൻ അനുമതി നൽകുന്നു.

**നടപടി:– തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.41 <u>പത്തനാപുരം ഗ്രാമപഞ്ചായത്ത്</u>**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.06.2022 ലെ <u>കത്തും</u> പത്തനാപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 17.06.2022 ലെ B3–825/2022–ാം നമ്പർ <u>കത്തും</u>പത്തനാപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 08.08.2022 ലെ B3–825/22–ാം നമ്പർ <u>കത്തും</u> (SRG 618/22 – CC /377/22).**

ശ്രീമതി സുബൈദ, ഈട്ടിവിള വടക്കേതിൽ എന്ന വ്യക്തിക്ക് 2021–22 ൽ വീട്ടു മെയിന്റനൻസിന് തുക അനുവദിച്ചിരുന്നു. ഇവർക്ക് കഴിഞ്ഞ വർഷം 25,000 രൂപ വീട്ടു റിപ്പയറിംഗിനു നൽകി.

വീടിന്റെ സ്ഥിതി മോശമായിരുന്നതിനാൽ റിപ്പയറിംഗ് നടക്കുമ്പോൾ വീട്ടു മുഴുവൻ ഇടിഞ്ഞുവീണു. ഗ്രാമപഞ്ചായത്തിൽ നിന്നും ധനസഹായം ലഭിക്കും എന്ന ധാരണയിൽ ലോണെടുത്തും മറ്റുള്ളവരുടെ സഹായത്തോടെയും വീടിന്റെ നിർമ്മാണം 70 ശതമാനത്തോളം പൂർത്തീകരിച്ചു. ശ്രീമതി സുബൈദ കൈകൾക്കും കാലുകൾക്കും സ്വാധീനക്കുറവുള്ളവരും അസുഖബാധിതയും അവിവാഹിതയുമാണ്. ഇവർ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്താൻ അപേക്ഷ നൽകിയിട്ടില്ല. ഇവരെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തി വീട്ടു നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ലൈഫ് നിരക്കനുസരിച്ച് തനതുഫണ്ടിൽ നിന്ന് വീട്ടു നിർമ്മാണത്തിനു ധനസഹായം നൽകാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

**4.42 <u>കുമ്പളം ഗ്രാമപഞ്ചായത്ത്</u>**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.06.2022 ലെ കത്തും കുമ്പളം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 15.11.2021 ലെ 10(1)-ാം നമ്പർ തീരുമാനവും അനുബന്ധ രേഖകളും (SRG 600/22 - CC /652/21).**

| | | |
|---|---|---|
| ***പ്രോ.നം: 106/22*** | ***അടങ്കൽ*** | ***25,84,610 രൂപ*** |
| | *വികസനഫണ്ട് ജനറൽ* | ***13,84,610 രൂപ*** |
| | *തനത് ഫണ്ട്* | ***10,00,000 രൂപ*** |
| | *ബ്ലോക്ക് പഞ്ചായത്ത് വിഹിതം* | ***2,00,000 രൂപ*** |
| ***പേര്*** | *കുമ്പളം ഗ്രാമ പഞ്ചായത്ത് ഡൊമിസിലിയറി കെയർ സെന്റർ അനുബന്ധ പ്രവർത്തനങ്ങൾ* | |

ഈ പ്രോജക്ടിലെ തനതുഫണ്ടു തുകയിൽ 5.00 ലക്ഷം രൂപയും വികസനഫണ്ടിൽ നിന്ന് 10.00 ലക്ഷം രൂപയും ചേർത്ത് 15.00 ലക്ഷം രൂപ CFLTC/DCC മാനേജ്മെന്റ് കമ്മിറ്റിയുടെ സംയുക്ത അക്കൗണ്ടിലേക്ക് നിക്ഷേപിച്ചിരുന്നു. ഈ തുകയിൽ 7,06,447 രൂപ ചെലവഴിച്ചു. ബാക്കി 7,93,553 രൂപ. ബ്ലോക്ക് വിഹിതമായി ലഭിച്ച 2.00 ലക്ഷം രൂപയിൽ നിന്ന് 44,688 രൂപ ആംബുലൻസ് ചാർജ്ജ് നൽകുന്നതിനായി ചെലവഴിച്ചു. ബാക്കി 1,55,312 രൂപ. ഈ ഇനത്തിൽ ബാക്കി വന്ന ആകെ തുകയായ 9,48,865 രൂപ കൊവിഡ് അനുബന്ധ പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** കൊവിഡിന്റെ അനുബന്ധ പ്രവർത്തനമൊന്നും ഇനി ചെയ്യേണ്ടതില്ല. എന്നാൽ ഗ്രാമപഞ്ചായത്തിലെ പി.എച്ച്.സി (എഫ്.എച്ച്.സി)യുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനോ പാലിയേറ്റീവ് അടക്കമുള്ള ആരോഗ്യ സേവനം വീടുകളിൽ എത്തിക്കുന്നതിനോ ഈ തുക ഉപയോഗിക്കാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**4.43 <u>മുളന്തുരുത്തി ഗ്രാമപഞ്ചായത്ത്</u>**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.05.2022 ലെ കത്തുകളും (2 എണ്ണം) മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 24.03.2022 ലെ 4-ാം നമ്പർ തീരുമാനവും (SRG 572/22 - CC /353/22).**

മുളന്തുരുത്തി ഗ്രാമപഞ്ചായത്തിലെ കോണോത്തുപുഴ സംരക്ഷണവുമായി ബന്ധപ്പെട്ട് ബഹു.ഹരിത ട്രൈബ്യൂണലിലുള്ള കേസിന്റെ ഭാഗമായി മൂന്നു കൈയേറ്റങ്ങൾ ഒഴിപ്പിക്കാൻ ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. വേറെ താമസസ്ഥലമില്ലാത്തതിനാൽ സ്ഥലവും വീടും നൽകണമെന്ന് ഈ കുടുംബങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. ഇവർ പുറമ്പോക്കിലാണ് താമസിക്കുന്നതെങ്കിലും സ്ഥിരമായി കെട്ടിട നമ്പർ ഉണ്ട്. ഇവരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | ശ്രീ. ശിശുപാലൻ, മന്തുരുത്തേൽ (പൊതു വിഭാഗം) | ലൈഫ് ഭൂരഹിത ഭവന രഹിത ലിസ്റ്റിൽ ഉണ്ട്. |
| 2 | ശ്രീ വേലായുധൻ, കടവിൽ (എസ്.സി വിഭാഗം) | -Do- |
| 3 | ശ്രീ. അശോകൻ, മാന്തുരുത്തേൽ (എസ്.സി വിഭാഗം) | ലൈഫ് ലിസ്റ്റിൽ ഇല്ല. എന്നാൽ സർക്കാരിൽ നിന്ന് 3 സെന്റ് സ്ഥലം നൽകിയിട്ടുണ്ട്. |

ഇവരിൽ ലൈഫ് ലിസ്റ്റിലുള്ള ക്രമ നമ്പർ 1, 2 പേർക്ക് സ്ഥലം വാങ്ങാൻ 6.00 ലക്ഷം വീതം നൽകാനും ലൈഫ് ലിസ്റ്റിലില്ലാത്ത ക്രമ നമ്പർ 3 ലെ ആൾക്ക് വീട് വയ്ക്കാൻ 4.00 ലക്ഷം രൂപ നൽകാനും അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-**

1) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് എസ്.സി വിഭാഗത്തിന് 2.25 ലക്ഷം രൂപയും പൊതു വിഭാഗത്തിന് 2.00 ലക്ഷം രൂപയുമാണ് ലൈഫ് പദ്ധതിയിൽ സ്ഥലം വാങ്ങുന്നതിന് നൽകാവുന്നത്. സ്ഥലം വാങ്ങാൻ ക്രമ നമ്പർ 1, 2 ലെ കുടുംബങ്ങൾക്ക് ഈ നിരക്കിൽ തുക നൽകാൻ അനുമതി നൽകുന്നു. ഒപ്പം ലൈഫ് നിരക്കുപ്രകാരം വീട്ടു നിർമ്മാണത്തിനു ധനസഹായം നൽകാവുന്നതാണ്.
2) വീട് ഒഴിപ്പിച്ചതു മൂലം ഭവനരഹിതനായതാണ് ക്രമ നമ്പർ 3 ലെ വ്യക്തി എന്നു യോഗം വിലയിരുത്തി. എസ്.സി വിഭാഗത്തിലാണെന്നതും സ്വന്തമായി 3 സെന്റ് സ്ഥലം ഉണ്ട് എന്നതും പരിഗണിച്ച് ലൈഫ് നിരക്കിൽ വീട്ടു നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നതിന് അനുമതി നൽകുന്നു. ഇതിനുള്ള തുക ലൈഫ് ഭവനപദ്ധതിക്കായി മാറ്റിവച്ചിരിക്കുന്ന 20% തുകക്കു പുറമെ കണ്ടെത്തണമെന്ന് നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

**4.44 <u>ചമ്പക്കുളം ഗ്രാമപഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.05.2022 ലെ കത്തും ചമ്പക്കുളം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 28.01.2022 ലെ 3(1)-ാം നമ്പർ തീരുമാനവും (SRG 574/22 – CC/180/21).**

| | | |
|---|---|---|
| *പ്രോ.നം: 19/22* | *അടങ്കൽ* | *1,56,000 രൂപ* |
| | *എസ്.സി.പി* | *1,17,000 രൂപ* |
| | *ഗുണഭോക്തൃ വിഹിതം* | *39,000 രൂപ* |
| *പേര്* | *എരുമകിടാവ് വിതരണം – വനിത എസ്.സി* | |

മുകളിൽ പറഞ്ഞ പ്രോജക്ട് ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ചതും വെറ്റിംഗ് നടപടിക്രമം പൂർത്തിയാക്കിയതുമാണ്. നിർവ്വഹണ സമയത്ത് വെറ്റിനറി ഡോക്ടർ സ്ഥലം മാറുകയും പുതിയ ഡോക്ടർ വരുകയും ചെയ്തു. ഈ സമയത്ത് പ്രോജക്ട് നടപ്പാക്കി.

മാർഗ്ഗരേഖയിൽ കന്നുകുട്ടിവിതരണമാണ് പറഞ്ഞിരിക്കുന്നത്. ഇതിൽ എരുമകിടാവ് വരില്ല എന്ന് പുതിയ നിർവ്വഹണ ഉദ്യോഗസ്ഥൻ ഭരണസമിതിയെ അറിയിച്ചിരിക്കുന്നു. അതിനാൽ പ്രോജക്ട നടപ്പാക്കിയതിനു സാധൂകരണം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം :-** സബ്സിഡി മാർഗ്ഗരേഖ 6.3(5)ൽ "കന്നുകുട്ടി, കാളകുട്ടി പോത്തുകുട്ടി" എന്നിവ നൽകാമെന്നാണ് പറഞ്ഞിരിക്കുന്നത്. കന്നുകുട്ടി എന്നത് കൊണ്ട് പശുകിടാവും എരുമകിടാവും ഉൾപ്പെടും എന്ന് വ്യക്തത വരുത്തുന്നു. എന്നാൽ ഇവയ്ക്ക് രണ്ടിനും പ്രത്യേകമായ യൂണിറ്റ് നിരക്ക് ജില്ലാതലത്തിൽ നിശ്ചയിക്കാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.45 <u>മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.05.2022 ലെ കത്ത് (SRG 577/22 – CC /350/22).**

ഗ്രാമപഞ്ചായത്ത് നടത്തുന്ന ബാലകൈരളി വിദ്യാലയത്തിലെ പ്രീ-പ്രൈമറി കുട്ടികൾക്ക് പോഷകാഹാര വിതരണത്തിന്റെ ഭാഗമായി 2018-19, 2019-20 വർഷത്തിൽ പാതിരപ്പള്ളി ക്ഷീരോത്പാദക സഹകരണ സംഘത്തിൽ നിന്ന് പാൽ വാങ്ങി നൽകി. ഈ ഇനത്തിൽ 54,120 രൂപ സംഘത്തിനു നൽകാനുണ്ട്. ഈ തുക തനതുഫണ്ടുപയോഗിച്ചു നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.46 <u>പെരുമ്പാവൂർ മുനിസിപ്പാലിറ്റി</u>**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.06.2022, 16.06.2022 എന്നീ തീയതികളിലെ കത്തും അനുബന്ധമായി ജില്ലാ പ്ലാനിംഗ് ഓഫീസർ ചേർത്തിരിക്കുന്ന റിപ്പോർട്ടും പെരുമ്പാവൂർ നഗരസഭാ സെക്രട്ടറിയുടെ 27.05.2022 G6–489/21–ാാം നമ്പർ കത്തും (SRG 599/22 – CC /368/22).**

| *പ്രോ.നം: 24/23* | *അടങ്കൽ* | *5,75,000 രൂപ (എസ്.സി.പി)* |
|---|---|---|
| ***പേര്*** | *പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം* | |

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നൽകാനുള്ള പ്രോജക്ടിന്റെ ഗുണഭോക്തൃ പട്ടികയിലെ ദേവ പ്രിയ, D/o ബിനു എ.കെ, ശ്യാം ഷാജി. S/o ഷാജി. ഇ.സി.എന്നിവർ പുറമ്പോക്ക് ഭൂമിയിലെ താമസക്കാരാണ്. ഇവർക്ക് പഠനമുറി നിർമ്മിച്ച നൽകാൻ നൽകണമെന്നതു സംബന്ധിച്ച്. ഇവർക്ക് ഇതിന്മേൽ കൈവശാവകാശരേഖയുണ്ട് എന്ന് ജില്ലാ പ്ലാനിംഗ് ഓഫീസർ അറിയിച്ചിട്ടുണ്ട്.

**തീരുമാനം :–** കൈവശാവകാശ രേഖയും വീട്ട് നമ്പരും ഉണ്ട് എന്ന് ഉറപ്പാക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു. പഠനമുറി നിർമ്മിച്ച നൽകുന്നതിന് മാർഗ്ഗരേഖ പ്രകാരമുള്ള മറ്റു നിബന്ധനകൾ പാലിക്കേണ്ടതാണ്.

**നടപടി:– തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.47 <u>മുതുകുളം ഗ്രാമപഞ്ചായത്ത്</u>**

**മുതുകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 03.08.2022 ലെ A1–3644/21–ാാം നമ്പർ കത്തും മുതുകുളം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 03.08.2022 ലെ 2(1)–ാാം 2 (2) നമ്പർ പ്രകാരമുള്ള തീരുമാനങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്ന ഗുണഭോക്തൃലിസ്റ്റും കോഓർഡിനേഷൻ കമ്മിറ്റിയുടെ 18.12.2021 ലെ തീരുമാനവും (SRG 752/22).**

| *പ്രോ.നം: 59/23* | *അടങ്കൽ* | *8,09,973 രൂപ (എസ്.സി.പി – ഈ വർഷത്തെ വിഹിതം)* |
|---|---|---|
| ***പേര്*** | *എസ്.സി കുടുംബങ്ങൾക്ക് വീടിനു ചുറ്റും ഭൂമി മണ്ണിട്ടുയർത്തൽ* | |

പട്ടികജാതി കുടുംബങ്ങളുടെ വീടിനു മണ്ണിട്ടുയർത്തുന്നതിനുള്ള പ്രോജക്ട് കോഓർഡിനേഷൻ കമ്മിറ്റിയുടെ 18.12.2021 ലെ യോഗത്തിൽ (ഖണ്ഡിക 4.98) അംഗീകാരത്തിനു പരിഗണിച്ചിരുന്നു. ഓരോ വീടിനും മണ്ണിട്ടുയർത്തുന്നതിന് ആവശ്യമായ ചെലവ് എത്ര? ഗ്രാമപഞ്ചായത്ത് നൽകുന്ന തുക എത്ര? എന്നീ വിവരങ്ങൾ സഹിതം നൽകാൻ ഗ്രാമപഞ്ചായത്തിനോട് യോഗം നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ച് ആലപ്പുഴ കാർമൽ പോളിടെക്നിക് കോളേജിലെ സിവിൽ എഞ്ചിനീയറിംഗ് വിഭാഗം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആകെ 128 കുടുംബങ്ങളുടെ ഭവനങ്ങളാണ് മണ്ണിട്ടുയർത്തേണ്ടത്. ഓരോ വീടും മണ്ണിട്ടുയർത്തുന്നതിന് ആവശ്യമായ മണ്ണിന്റെ ചെലവ് ഉൾപ്പെടുത്തി കുടുംബങ്ങളുടെ ലിസ്റ്റ് നൽകിയിട്ടുണ്ട്. ഒരു ക്യുബിക് മീറ്റർ മണ്ണ് സ്ഥലത്ത് എത്തിക്കുന്നതിന് 787.73 രൂപയാണ് (മണ്ണിന്റെ വില 400 രൂപ + ലോറി കൂലി 387.73 രൂപ) മണ്ണിന്റെ വില ഗ്രാമപഞ്ചായത്ത് നൽകും. ബാക്കി ലേബർചാർജ്ജടക്കമുള്ളത് ഗുണഭോക്താവ്

വഹിക്കണം. ആകെ 30,07,863 രൂപ ചെലവ് വരും. ഈ വർഷം 8,09,973 രൂപ വകയിരുത്തിയിരിക്കുന്നു. ബാക്കി ഗുണഭോക്താക്കൾക്ക് തുടർന്നുള്ളവർഷം ധനസഹായം നൽകാനാണ് ഉദ്ദേശിക്കുന്നത്. ഇതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** 1) മുതുകുളം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേകത പരിഗണിച്ച് പ്രത്യേക അനുമതി നൽകുന്നു. എന്നാൽ ജലത്തിന്റെ സ്വാഭാവിക ഒഴുക്ക് തടസ്സപ്പെടുത്താതെയും സമീപ പ്രദേശങ്ങളിൽ വെള്ളകെട്ടുണ്ടാക്കാതെയും ജലനിർഗ്ഗമനമാർഗ്ഗം ഉറപ്പാക്കണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.48 <u>മൂർക്കനാട് ഗ്രാമപഞ്ചായത്ത്</u>**

**മൂർക്കനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 02.08.2021 ലെ** A2/3040/20-ാം **നമ്പർ കത്ത്**
**(SRG 735//22 -LSGD - DA3/45/2022 - LSGD)**

പട്ടികജാതി കുടുംബങ്ങൾക്ക് എൽ.ഇ.ഡി ബൾബുകൾ വിതരണം ചെയ്യാൻ 2019-20 ൽ പ്രോജക്ട് ഏറ്റെടുത്തിരുന്നു. 681 കുടുംബങ്ങൾക്കാണ് എൽ.ഇ.ഡി വിതരണം ചെയ്യാനുദ്ദേശിച്ചിരുന്നത്. ഇതു നടപ്പാക്കാൻ പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.49 <u>Kerala Institute of Entrepreneurship Development</u>**

**Kerala Institute of Entrepreneurship Development (KIED)_ ചെയർമാന്റെ** CEO & Executive Director **-ന്റെ 26.02.2020 ലെ** B3-332/2020 - 21-ാം **നമ്പർ കത്തും അനുബന്ധരേഖകളും**

പുതുതായി സംരംഭങ്ങൾ തുടങ്ങുവാൻ ആഗ്രഹിക്കുന്നവർക്കും നിലവിൽ ചെറിയ സംരംഭ പ്രവർത്തനങ്ങൾ തുടങ്ങിയവർക്കും സംരംഭകത്വ പരിശീലനം നൽകുന്ന സ്ഥാപനമാണ് **Kerala Institute of Entrepreneurship Development (KIED).** കല്ല്യാശ്ശേരി ബ്ലോക്കിൽ കീഡ് മുഖേന സ്വയം തൊഴിൽ സംരംഭക പരിശീലനം 2020-21 ൽ നടത്തിയിരുന്നു. ഇത്തരം പരിശീലനം എല്ലാ ബ്ലോക്കു പഞ്ചായത്തിലും നടത്താൻ കീഡ് - ന് താല്പര്യമുണ്ടെന്ന് അറിയിച്ചുകൊണ്ട് ഇതിനായി പൊതു അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ മാർഗ്ഗരേഖയിൽ കീഡ്-ന്റെ സാങ്കേതിക സഹായം കൂടി ഉപയോഗിക്കുന്നതിന്റെ സാധ്യത ഉൾപ്പെടുത്തുവാൻ നിർദ്ദേശിക്കുന്നു. ഇതു കൂടി പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ തുടർനടപടി സ്വീകരിക്കണം.

**നടപടി:- 1)എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ**
**2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.50 <u>തൃശ്ശൂർ ജില്ലാ പഞ്ചായത്ത്</u>

**തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 28.05.2022 ലെ** DPT/B2/4750/2017–ാം **നമ്പർ കത്തും 18.07.2022 ലെ 1700/2022/**LSGD **നമ്പർ സർക്കാർ ഉത്തരവും 10.01.22 ലെ 62/2022/തസ്വഭവ സർക്കാർ ഉത്തരവും അനുബന്ധ രേഖകളും (SRG 753/22)**

തൃശ്ശൂർ ജില്ലാ പഞ്ചായത്തിനു കീഴിൽ വിജ്ഞാൻ സാഗർ ശാസ്ത്ര സാങ്കേതിക പാർക്ക് പ്രവർത്തിച്ചു വരുന്നു. കൊവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020–21, 2021–22 വർഷത്തെ ദൈനംദിന പ്രവർത്തനത്തിന് ജില്ലാ പഞ്ചായത്തിന്റെ തനതുഫണ്ട് ഉപയോഗിക്കാൻ 18.12.2021 ൽ കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിരുന്നു. 2022–23 ലും വിജ്ഞാൻ സാഗർ പാർക്കിന് സ്വന്തമായി ഫണ്ട് കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ ശമ്പളമടക്കമുള്ള ദൈനംദിന പ്രവർത്തനത്തിന് ജില്ലാ പഞ്ചായത്തിന്റെ തനതുഫണ്ടുപയോഗിക്കാൻ ജില്ലാ പഞ്ചായത്ത് സെക്രട്ടറി അനുമതി ആവശ്യപ്പെട്ടിരുന്നു. ഇതനുസരിച്ച് 18.07.2022 ലെ 1700/2022/തസ്വഭവ നമ്പർ സർക്കാർ ഉത്തരവു പ്രകാരം ജില്ലാ പഞ്ചായത്തിന്റെ തനതുഫണ്ടുപയോഗിക്കാൻ കോഓർഡിനേഷൻ കമ്മിറ്റിയുടെ സാധൂകരണത്തിനു വിധേയമായി അനുമതി നൽകിയിട്ടുണ്ട്. ഇതിനു സാധൂകരണം നൽകുന്നത് സംബന്ധിച്ച്.

**തീരുമാനം :–**

1) സാധൂകരണം നൽകുന്നു
2) കഴിഞ്ഞ രണ്ടു വർഷമായി വിജ്ഞാൻ സാഗർ ശാസ്ത്രസാങ്കേതിക പാർക്കിന്റെ ദൈനംദിന പ്രവർത്തനത്തിന് ജില്ലാ പഞ്ചായത്താണ് തുക ചെലവഴിക്കുന്നത്. കൊവിഡ് മഹാമാരിക്ക് ശമനമുണ്ടായ സാഹചര്യത്തിൽ പാർക്കിനു സുഗമമായി പ്രവർത്തിക്കാൻ കഴിയുന്നുണ്ട്. അതിനാൽ ഇനി മുതൽ പാർക്കിന്റെ തനതു വരുമാനത്തിൽ നിന്ന് ദൈനംദിന ചെലവിനുള്ള തുക കണ്ടെത്തണമെന്ന് നിർദ്ദേശിക്കുന്നു.

**നടപടി:– തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

## 4.51 <u>മൃഗസംരക്ഷണ വകുപ്പ്</u>

**മൃഗസംരക്ഷണവകുപ്പ് ഡയറക്ടറുടെ 31.12.2019 ലെ AHD/7402/2019 കത്തും അനുബന്ധ രേഖകളും (SRG 755/22 - LSGD - DB2/37/2021/LSGD)**

മൃഗാശുപത്രികളിൽ വെറ്ററിനറി ഡോക്ടറേയും ലൈഫ് സ്റ്റോക്ക് ഇൻസ്പെക്ടറേയും കൂടാതെ അറ്റന്റും സ്വീപ്പറും ഉൾപ്പടെ നാലു ജീവനക്കാരാണുള്ളത്. 1996–നു ശേഷം വെറ്റിനറി ഡോക്ടർമാർക്ക് ചികിത്സ ഇതര പ്രവർത്തനത്തിനു ജോലി ഭാരം വളരെയധികം കൂടി. തദ്ദേശഭരണസ്ഥാപനങ്ങളിലെ മൃഗാശുപത്രികളിൽ ആഴ്ചയിൽ മൂന്നു ദിവസത്തിൽ കൂടാതെ ദിവസവേതനാടിസ്ഥാനത്തിൽ ഒരു ക്ലാർക്കിനെ നിയമിക്കാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നതു സംബന്ധിച്ച്. ഇതിനായി തനതുഫണ്ട് / വികസനഫണ്ട് /മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ഉപയോഗിക്കാനും അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇത് പിന്നീട് പരിഗണിക്കാൻ തീരുമാനിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.52 <u>വിജയപുരം ഗ്രാമപഞ്ചായത്ത്</u>**

**ബഹു.കോട്ടയം എം.എൽ.എ യുടെ 07.10.2021 ലെ 3/10/KTM/MLA/21-ാം നമ്പർ കത്തും വിജയപുരം ഗ്രാമപഞ്ചായത്തു പ്രസിഡന്റിന്റെ കത്തും പഞ്ചായത്ത് ഡയറക്ടറുടെ 20.06.2022 ലെ കത്തും (SRG 756/22 - LSGD - DB2/225/2021/LSGD)**

പാറമ്പുഴ പി.എച്ച്.സിയിൽ പാലിയേറ്റീവ് പ്രവർത്തനത്തിനായി ഒരു ആംബുലൻസ് (ഓമ്നി വാൻ) ഉപയോഗിക്കുന്നുണ്ട്. ഇതിനു പുറമെ തനതുഫണ്ടിൽ നിന്ന് 10 ലക്ഷം രൂപ മുടക്കി ഒരു ആംബുലൻസ് കൂടി വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അധികമായി ഒരു ആംബുലൻസു കൂടി വാങ്ങേണ്ടതിന്റെ ആവശ്യകതയടക്കം വ്യക്തമാക്കി നൽകുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.53 <u>പെരുമ്പളം ഗ്രാമപഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.05.2022 ലെ കത്ത് (SRG 576/22 - CC/347/22)**

പെരുമ്പളം ഗ്രാമപഞ്ചായത്തിൽ പെരുമ്പളം പാണാവള്ളി റൂട്ടിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ജങ്കാർ സർവ്വീസ് നടത്തുന്നുണ്ട്. ഇത് 02.05.2022 ന മുമ്പ് ഡ്രൈഡോക്കിംഗ് പൂർത്തിയാക്കി സർവ്വീസിനു സജ്ജമാക്കണമെന്ന് സർവ്വേ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ **(KSINC)** നൽകിയ എസ്റ്റിമേറ്റ പ്രകാരം **GST** അടക്കം ഇതിന്റെ ചെലവ് 33,84,595 രൂപയാണ്. ഇതിന്റെ 75 ശതമാനം തുക അഡ്വാൻസായി **KSINC**- ന നൽകണം. ഇതോടൊപ്പം എഞ്ചിൻ റിപ്പയറിംഗിന് 3,39,500 രൂപ ചെലവാകും. ആകെ 37,24,095 രൂപ. ഗ്രാമപഞ്ചായത്തിന് ഈ തുക കണ്ടെത്താൻ ബുദ്ധിമുട്ടായതിനാൽ മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) വകയിരുത്തി ജില്ലാ, ബ്ലോക്ക് പഞ്ചായത്തുമായി ചേർന്ന് സംയുക്ത പ്രോജക്ട് ഏറ്റെടുക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-**

1) ഗ്രാമപഞ്ചായത്തിന്റെ പ്രത്യേകതയും മറ്റു വിഹിതം കണ്ടെത്താൻ കഴിയുന്നില്ല എന്നറിയിച്ചതും പരിഗണിച്ച് പ്രത്യേകാനുമതി നൽകുന്നു.
2) ജങ്കാർ സർവ്വീസിൽ നിന്ന് ഇതുവരെയുള്ള വരവ് (വർഷം തിരിച്ച്), ഗ്രാമപഞ്ചായത്ത് ഏതെങ്കിലും ചെലവ് ഇതിനായി നടത്തിയിട്ടുണ്ടോ എന്നീ വിവരങ്ങൾ പരിശോധിക്കാനായി പഞ്ചായത്തു ഡയറക്ടർക്ക് നൽകാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.54 <u>പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത്</u>**

**ഗ്രാമവികസനകമ്മീഷണറുടെ 13.06.2022 ലെ 1181/DP4/2022/DP നമ്പർ കത്തും പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 1 (14) –ാം നമ്പർ തീരുമാനവും (SRG 579/22)**

പള്ളുരുത്തി ബ്ലോക്കുകൾക്ക് കീഴിലുള്ള കുമ്പളം, കുമ്പളങ്ങി, ചെല്ലാനം എന്നീ ഗ്രാമപഞ്ചായത്തുകൾ വെള്ളത്താൽ ചുറ്റപ്പെട്ടുകിടക്കുന്നതാണ്. കുറഞ്ഞത് 6 മീറ്ററെങ്കിലും വീതിയുള്ള റോഡുകളാണ് ബ്ലോക്കു പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നത്. ഈ ഗ്രാമപഞ്ചായത്തുകളിലെ മിക്ക റോഡുകൾക്കും 3-3.5 മീറ്റർ വീതിയാണുള്ളത്. 6 മീറ്ററിൽ കുറവു വീതിയുള്ള ഇത്തരം റോഡുകൾ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു. അനിവാര്യ പ്രവർത്തി ആവശ്യമുള്ള ഇത്തരം റോഡുകൾ ഉണ്ടെങ്കിൽ ഇതിനായി അനുവദനീയമായ വിഹിതം ഗ്രാമപഞ്ചായത്തിനു കൈമാറി പ്രവൃത്തി ചെയ്യാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.55 <u>എറണാകുളം ജില്ലാ പഞ്ചായത്ത്</u>**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.08.2022 ലെ കത്തുകളും (2 എണ്ണം) റിപ്പോർട്ടും, എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 20.07.2022 ലെ 15-1377/22-ാം നമ്പർ കത്തും എറണാകുളം ജില്ല പഞ്ചായത്ത് ഭരണസമിതിയുടെ 28.06.2022 ലെ 1(3)-ാം നമ്പർ തീരുമാനവും (SRG 790/22- CC /422/22).**

| *പ്രോ.നം: 606/23* | *അടങ്കൽ* | *2,50,00,000 രൂപ (എസ്.സി.പി)* |
|---|---|---|
| *പേര്* | *വിജയഭേരി – എസ്.സി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്* | |

പതിനാലാം പഞ്ചവത്സരപദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖ പ്രകാരം പട്ടികജാതി – പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകാവുന്നത് ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കുമാണ്. മുൻവർഷങ്ങളിൽ എറണാകുളം ജില്ലാ പഞ്ചായത്ത് "വിജയഭേരി – പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്" എന്ന പ്രോജക്ട് നടപ്പാക്കിയിരുന്നു. കഴിഞ്ഞ വർഷം ഈ ഇനത്തിൽ 1,70,72,595 രൂപ സ്കോളർഷിപ്പായി നൽകി. ഗ്രാമപഞ്ചായത്തുകളുടെ വിഹിതം മാത്രം ഉപയോഗിച്ച് മുഴുവൻ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ നൽകാൻ കഴിയില്ല. അതിനാൽ പട്ടികജാതി – പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് ജില്ലാ പഞ്ചായത്തിൽ നിന്നു കൂടി നൽകുന്നതിനു അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇതിനുള്ള വിഹിതം അതത് ഗ്രാമപഞ്ചായത്തിനു കൈമാറി പ്രോജക്ടു നടപ്പാക്കാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

### 4.56 ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത്

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.06.2022 ലെ കത്തും ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 21.06.2022 ലെ D.700/22-ാം നമ്പർ കത്തും (SRG 622/22 - CC/393/22, SRG 671/22)**

സംസ്ഥാന സർക്കാർ, കേന്ദ്രസർക്കാർ, സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികൾ നടത്തുന്ന വിവിധ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകാൻ അനുമതിയുണ്ട്. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കുമാണ് ഇതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നത്. ഗ്രാമപഞ്ചായത്തിന്റെ വിഹിതം പരിമിതമായതിനാൽ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിലെ അർഹതയുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് നൽകുന്നതിന് ബ്ലോക്കു പഞ്ചായത്തിന്റെ വിഹിതം കൂടി ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറാൻ അനുമതി നൽകുകയോ ബ്ലോക്കുപഞ്ചായത്തിനു സ്കോളർഷിപ്പ നേരിട്ട് നൽകാൻ അനുമതി നൽകുകയോ ചെയ്യണമെന്നതു സംബന്ധിച്ച്. കഴിഞ്ഞവർഷം 64.83 ലക്ഷം രൂപ ഈ ഇനത്തിൽ ബ്ലോക്കു പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്.

**തീരുമാനം :-** ഇതിനുള്ള വിഹിതം ഗ്രാമപഞ്ചായത്തിനു തുക കൈമാറി പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

### 4.57 പറക്കോട് ബ്ലോക്ക് പഞ്ചായത്ത്

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.06.2022 ലെ കത്തും പറക്കോടു ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 05.05.2022 ലെ 3(1)-ാം നമ്പർ കത്തും (SRG 581 /22 - CC/373/22)**

പറക്കോട് ബ്ലോക്കു പഞ്ചായത്തിന്റെ ബാങ്ക് ഓഫ് ബറോഡ അടൂർ ബ്രാഞ്ചിലെ അക്കൗണ്ടിൽ (മറ്റിനം) വിവിധ സ്കീമുകളുടെ പലിശ ഇനത്തിലും അധിക തുകയും ഉൾപ്പെടെ 22,19,368 രൂപ ഉണ്ട്. ഈ തുക ആവശ്യമില്ലെങ്കിൽ സർക്കാരിലേക്ക് തിരികെ അടയ്ക്കണമെന്ന് ധനകാര്യ ഓഡിറ്റ് വിഭാഗം നിർദ്ദേശിച്ചിട്ടുണ്ട്. PMAY പദ്ധതിയിൽ 196 പേർക്ക് ബ്ലോക്കു പഞ്ചായത്ത് വിഹിതം കണ്ടെത്തണം. ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിലുള്ള 22,19,368 രൂപ PMAY അധിക വിഹിതം നൽകാനായി ഉപയോഗിക്കുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

4.58 <u>ചെങ്കൽ ഗ്രാമപഞ്ചായത്ത്</u>

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.06.2022, 06.06.2022 ലെ കത്തുകളും (2 എണ്ണം) ചെങ്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 24.5.2022 ലെ A5/3433/22–ാം നമ്പർ റിപ്പോർട്ടും ചെങ്കൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 16.05.2022 ലെ 2 (13)–ാം നമ്പർ തീരുമാനവും (SRG 583 /22 – CC/357/22).**

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ | പേര് | അടങ്കൽ |
|---|---|---|---|
| 1 | ***പ്രോ.നം: 40/22*** | *ഉദിയൻ കുളങ്ങര കൊച്ചോട്ടുകോണം റോഡിൽ മാലിന്യ നിക്ഷേപം തടയാൻ ക്യാമറ സ്ഥാപിക്കൽ* | ***1,50,000 രൂപ*** *(സി.എഫ്.സി ടൈഡ് ഗ്രാന്റ്)* |
| 2 | ***പ്രോ.നം: 41/22*** | *വ്ളാത്തങ്കര ജംഗ്ഷനിൽ മാലിന്യ നിക്ഷേപം തടയാൻ ക്യാമറ സ്ഥാപിക്കൽ* | ***1,85,000 രൂപ*** *(സി.എഫ്.സി ടൈഡ് ഗ്രാന്റ്)* |
| 3 | ***പ്രോ.നം: 50/22*** | *ഉദിയൻകുളങ്ങര പൊഴിയൂർ റോഡിൽ അക്ഷയ വളം ഡിപ്പോക്ക് സമീപം മാലിന്യ നിക്ഷേപം തടയാൻ ക്യാമറ സ്ഥാപിക്കൽ* | ***1,15,000 രൂപ*** *(സി.എഫ്.സി ടൈഡ് ഗ്രാന്റ്)* |
| 4 | ***പ്രോ.നം: 51/22*** | *കടുത്തുമുട്ടിചാനലിനു സമീപം ക്യാമറ സ്ഥാപിക്കൽ* | ***1,50,000 രൂപ*** *(സി.എഫ്.സി ടൈഡ് ഗ്രാന്റ്)* |

മുകളിൽ പറഞ്ഞ പ്രോജക്ടുകളുടെ പേരിനോടൊപ്പം ചേർത്തിരിക്കുന്ന സ്ഥലങ്ങളിൽ സാമൂഹ്യ വിരുദ്ധർ സ്ഥിരമായി ഗാർഹിക മാലിന്യങ്ങളും ഹോട്ടൽ മാലിന്യങ്ങളും നിക്ഷേപിക്കുന്നതിനാൽ ഇതു തടയുന്നതിന് സി.സി.റ്റി.വി ക്യാമറ സ്ഥാപിക്കാനാണ് പ്രോജക്ട്. സി.എഫ്.സി റ്റൈഡ് ഗ്രാന്റ് ആയതിനാൽ ഇതിന് ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ചു. ഇതിന് പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :–** CFC റ്റൈഡ് ഗ്രാന്റ് ഇതിനായി ഉപയോഗിക്കാവുന്നതല്ല എന്നതിനാൽ അനുമതി നിരസിച്ചു. മാർഗ്ഗരേഖയിലെ മറ്റു മാനദണ്ഡങ്ങൾ പാലിച്ച് അനുവദനീയമായ മറ്റു വിഹിതം ഉപയോഗിക്കാവുന്നതാണ്.

**നടപടി:– തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.59 <u>ആലങ്ങാട് ഗ്രാമപഞ്ചായത്ത്</u>

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.06.2022 ലെ കത്തുകളും (2 എണ്ണം) ആലങ്ങാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 18.05.2022 ലെ 13(1)ാം നമ്പർ തീരുമാനവും (SRG 584/22 – CC/354/22.**

| | | |
|---|---|---|
| ***പ്രോ.നം: 79/22*** | ***അടങ്കൽ*** | ***8,00,000 രൂപ*** *(വികസനഫണ്ട് ജനറൽ)* |
| ***പേര്*** | *എൽ.പി.സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം* | |

ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള നാല് എൽ.പി സ്കൂളിലെ കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നതിന് 2021-22 ൽ പ്രോജക്ട് ഏറ്റെടുത്തിരുന്നു. കൊവിഡ് മഹാമാരിയെ തുടർന്ന് സ്കൂളുകൾ അടഞ്ഞുകിടക്കുകയായിരുന്നതിനാൽ വിദ്യാർത്ഥികൾക്ക് 20 ഇന പലവ്യഞ്ജനങ്ങൾ അടങ്ങിയ കിറ്റ് നൽകി. രണ്ടു തവണയായി ഇപ്രകാരം നൽകി. ആകെ ചെലവ് 7,99,915 രൂപ. ഈ രീതിയിൽ പണം ചെലവഴിച്ചതിനു സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** പ്രത്യേകാനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.60 <u>അയ്യമ്പുഴ ഗ്രാമപഞ്ചായത്ത്</u>**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 1.06.2022 ലെ കത്തുകളും (2 എണ്ണം) മലയാറ്റൂർ, ഐ.ഐ.പി സബ് ഡിവിഷൻ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 30.05.2022 ലെ** A1-106/2022-**ാം നമ്പർ കത്തും (SRG 586/22 - CC/308/22)**

അയ്യമ്പുഴ ഗ്രാമപഞ്ചായത്തിലെ 8-ാം വാർഡിൽ പ്രവർത്തിക്കുന്ന 51-ാം നമ്പർ അങ്കണവാടിക്ക് സ്വന്തമായി കെട്ടിടം ഇല്ല. ഭൂമിയുടെ ഉടമസ്ഥാവകാശം ഇറിഗേഷൻ വകുപ്പിൽ നിലനിർത്തി കൊണ്ട് ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതും അയ്യമ്പുഴ മെയിൻ റോഡിനോട് ചേർന്നു കിടക്കുന്നതുമായ മൂന്നു സെന്റ് സ്ഥലം (അയ്യമ്പുഴ വില്ലേജ് സർവ്വേ നമ്പർ 318/1) വിട്ടുനൽകാമെന്ന് അറിയിച്ചിട്ടുണ്ട്. ഇറിഗേഷൻ വകുപ്പിന്റെ കത്തിൽ പറയും പ്രകാരം ഭൂമിയുടെ ഉടമസ്ഥാവകാശം ഇറിഗേഷൻ വകുപ്പിൽ തന്നെ നിലനിർത്തികൊണ്ട് വികസനഫണ്ടോ ധനകാര്യകമ്മീഷൻ ഗ്രാന്റോ മറ്റു ഫണ്ടുകളോ ഉപയോഗിച്ച് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.61 <u>പോത്തുകല്ല് ഗ്രാമപഞ്ചായത്ത്</u>**

**മലപ്പുറം ജില്ലാപ്ലാനിംഗ് ഓഫീസറുടെ 16.07.2022 ലെ കത്തും അനുബന്ധമായി 16.07.2022 ൽ 989/2022-23**/DPC/DPO/MPM/CC **നമ്പരായി നൽകിയിരിക്കുന്ന ജില്ലാ പ്ലാനിംഗ് ഓഫീസറുടെ റിപ്പോർട്ടും (SRG 706/22 - CC/**615/**22)**

പോത്തുകല്ല് ഗ്രാമപഞ്ചായത്തിലെ 2020-21 വാർഷിക പദ്ധതിയിൽ സ്പിൽ ഓവർ പ്രവൃത്തിയായി പ്രോജക്ട് നമ്പർ 163/2021 (പേര് - അംഗനവാടിക്ക് ചുറ്റുമതിൽ, മുറ്റം കട്ട പതിക്കൽ, ഷീറ്റ് ഇടൽ, റിപ്പയർ - അടങ്കൽ തുക 4,89,201/- (നോൺ റോഡ്)) എന്ന പ്രോജക്ട് പൂർത്തിയായി. ഇതിന്റെ ബിൽ തുക 3,05,801/- രൂപ. ഈ പ്രോജക്ടിന്റെ അടങ്കലിൽ നിന്നു തുക നൽകുന്നതിനു പകരം അതേ വർഷത്തിലെ (2020-21) പുതിയ പ്രോജക്ടായ 113/2021 (പേര് - അംഗനവാടിക്കും ഘടകസ്ഥാപനങ്ങൾക്കും ചുറ്റുമതിൽ നിർമ്മാണവും അറ്റകുറ്റപണിയും അടങ്കൽ തുക 3,88,000/- (നോൺ റോഡ്)) ന്റെ തുകയിൽ നിന്നും അബദ്ധവശാൽ കരാറുകാരനു നൽകി.

2020-21 ലെ പുതിയ പദ്ധതിയായ 113/22 നമ്പർ പ്രോജക്ട് 2021-22 വർഷത്തിൽ സ്പിൽ ഓവർ പദ്ധതിയായി ഉൾപ്പെടുത്തി **(S0135/2022).** എന്നാൽ തെറ്റായി 3,05,801 രൂപ ഈ പ്രോജക്ടിൽ നിന്നു മറ്റൊരു പ്രോജക്ടിനു നൽകിയതിനാൽ ബാക്കി 82,199/- രൂപ മാത്രമാണുള്ളത്. കരാറുകാരൻ ഈ പ്രവൃത്തി പൂർത്തീകരിച്ചു. ബിൽ തുക 3,88,000 രൂപ. ഈ തുക നൽകാൻ 2022-23 വർഷം പുതിയ പദ്ധതി രൂപീകരിക്കുന്നതിനോ, 163/21-ാാം നമ്പറായ പഴയ പ്രോജക്ട് സ്പിൽ ഓവറായി ഈ വർഷമെടുത്ത് ഇതിൽ നിന്നും തുക നൽകുന്നതിനോ പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-**

1) നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ് ഇതെന്ന് യോഗം വിലയിരുത്തി.
2) തനതുഫണ്ടുപയോഗിച്ച് ഈ തുക നൽകാൻ അനുമതി നൽകുന്നു. ഇതിനായി വിശദാംശങ്ങൾ ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കി വേണം തുക നൽകേണ്ടത്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.62 <u>തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത്</u>**

**തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 21.06.2022 ലെ കത്ത് (SRG 630/22, SRG 758/22)**

തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള നടക്കാവ് **PWD** റോഡിനു സമീപമുള്ള സ്ഥലത്ത് നൈറ്റ് മാർക്കറ്റ് (ഒരു പ്രാദേശിക വാണിജ്യ കേന്ദ്രം) എന്ന പേരിൽ 3.00 കോടി രൂപയുടെ ഒരു പദ്ധതിയ്ക്ക് **DPR** തയ്യാറാക്കിയിട്ടുണ്ട്. **NABARD - RIDF** പദ്ധതിയിൽ ഉൾപ്പെടുത്തിയോ പ്രൈവറ്റ് പബ്ലിക് പാർട്ടിസിപ്പേഷൻ **(PPP)** പദ്ധതിയായോ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-**

ഇതിന് NABARD- RIDF- ഫണ്ട് ലഭിക്കുന്നതിന് ധനവകുപ്പിനോട് ശുപാർശ ചെയ്യാൻ തീരുമാനിച്ചു. NABARD വിഹിതം ലഭിക്കാതെ വന്നാൽ PPP ആയി നടപ്പാക്കാവുന്നതാണ്. ഇതിനായി മാനദണ്ഡം അനുസരിച്ച് ഏതു രീതിയിലാണ് നടപ്പാക്കുന്നതെന്നതു സംബന്ധിച്ച വിശദമായ പ്രൊപ്പോസൽ ഗ്രാമപഞ്ചായത്ത് തയ്യാറാക്കി നടപടി സ്വീകരിക്കണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.63 <u>തിരുമാറാടി ഗ്രാമപഞ്ചായത്ത്</u>**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.06.2022, 27.06.2022 എന്നീ തീയതികളിലെ കത്തും റിപ്പോർട്ടും (SRG 621/22, CC/387/2022)**

ജലജീവൻ പദ്ധതിയിൽ 9.00 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള വാട്ടർ ടാങ്ക് സ്ഥാപിക്കേണ്ടതുണ്ട്. ഇതിനായി ഗ്രാമപഞ്ചായത്ത് 20 സെന്റ് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ഇതിന് ഏകദേശം 30.00 ലക്ഷം രൂപ വിലവരുമെന്ന് ജില്ലാ പ്ലാനിംഗ് ഓഫീസർ പരിശോധനാ റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്. സ്ഥലം വാങ്ങാനായി ധനകാര്യകമ്മീഷൻ ടൈഡ് ഫണ്ട് ഉപയോഗിക്കുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ധനകാര്യകമ്മീഷൻ ടൈഡ് ഫണ്ട് ഉപയോഗിക്കുന്നതിന് അനുമതി നൽകുന്നു. സ്ഥലത്തിന്റെ കൃത്യമായ വില ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിനു നൽകാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**4.64 <u>ആര്യാട് ഗ്രാമപഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ കളക്ടറുടെ 13.06.2022 ലെ 626/22/**DPC/DPO/ALP **നമ്പർ കത്തും ആര്യാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 10.06.2022 ലെ A2-19/22-ാം നമ്പർ കത്തും (SRG 760/22)**

ആര്യാട് ഗ്രാമപഞ്ചായത്തിൽ മത്സ്യവിൽപ്പന ഉപജീവനമായി നടത്തുന്ന നിരവധി മത്സ്യതൊഴിലാളികൾ ഉണ്ട്. കക്ക/മത്സ്യ വിൽപനയ്ക്കായി പാത്രം വേണമെന്ന ആവശ്യം ഗ്രാമസഭകളിലും മറ്റും ഉയർന്നു വന്നിട്ടുണ്ട്. പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി മാർഗ്ഗരേഖയിൽ ഇതുൾപ്പെടുത്തിയിട്ടില്ല. തൊഴിലുപകരണം എന്ന കാറ്റഗറിയിൽ ഉൾപ്പെടുത്തി കക്ക/മത്സ്യ വില്പനയ്ക്കായി പാത്രം നൽകുന്നതിനുള്ള പ്രോജക്ട് ഏറ്റെടുക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** പ്രത്യേകാനുമതി നൽകുന്നു. ഇതിനായി യൂണിറ്റ് നിരക്ക് ജില്ലാതലത്തിൽ നിശ്ചയിക്കണം. വിലയുടെ 50 ശതമാനം സബ് സിഡി നൽകാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.65 <u>സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റി</u>**

**വയനാട് ജില്ലാപ്ലാനിംഗ് ഓഫീസറുടെ 26.05.2022 ലെ കത്തും സുൽത്താൻ ബത്തേരി നഗരസഭാ സെക്രട്ടറിയുടെ 11.5.22 - ലെ PH1-5875/2021-ാം നമ്പർ കത്തും (SRG 593/22 - CC/352/22)**

| | | |
|---|---|---|
| ***പ്രോ.നം: 290/21*** | ***അടങ്കൽ*** | ***6,00,000 രൂപ*** *(തനത് ഫണ്ട്)* |
| ***പേര്*** | *കൊവിഡ് പ്രതിരോധം - പി.എച്ച്.സി സെന്ററിലേക്ക് മരുന്നും അനുബന്ധ സാധനങ്ങളും* | |

കൊവിഡ് പ്രതിരോധ പ്രവർത്തനത്തിന് പി.എച്ച്.സിയിലേക്ക് മരുന്നും അനുബന്ധ സാധനങ്ങളും എന്ന പ്രോജക്ടിൽ നിന്നു 250 പൾസ് ഓക്സിമീറ്റർ വാങ്ങി. ഇതിന്റെ നിർവ്വഹണ ഉദ്യോഗസ്ഥസ്ഥൻ മെഡിക്കൽ ഓഫീസറാണ്. കൊവിഡ് രണ്ടാം ഘട്ടത്തിൽ ഡി.സി.സി, ഹോം ക്വാറന്റൈൻ എന്നിവ നടപ്പാക്കുന്നതിന്റെ ഭാഗമായാണ് ഇത് വാങ്ങിയത്. കൊവിഡ് സാഹചര്യമായതിനാൽ ടെണ്ടർ ഒഴിവാക്കി ആർട്ടിസാൻ ഡവലപ്മെന്റ് കോ ഓപ്പറേറ്റീവ് ലിമിറ്റഡ് (**ARTCO**) മുഖേനയാണ് വാങ്ങിയത്. എന്നാൽ പൾസ് ഓക്സിമീറ്റർ ടെണ്ടർ കൂടാതെ **ARTCO** മുഖേന വാങ്ങാവുന്നതല്ല. അതിനാൽ ഇതിന്റെ വിലയായ 5,04,000 രൂപ ഇതുവരെ നൽകിയില്ല. **ARTCO** വഴി ഇതു വാങ്ങിയതിന് സാധൂകരണം നൽകി തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** ഇതിന്റെ വില, ഗുണനിലവാരം, ഇപ്പോൾ എവിടെയാണ് പൾസ് ഓക്സീമീറ്റർ സൂക്ഷിച്ചിരിക്കുന്നത്, ഏതു സാഹചര്യത്തിലാണ് **ARTCO** യിൽ നിന്ന് ഇത് വാങ്ങിയത് എന്നിവയടക്കം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ആരോഗ്യവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി:- 1) ഡയറക്ടർ, ആരോഗ്യവകുപ്പ്**
**2)തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**4.66 <u>കോട്ടയം ജില്ലാ പഞ്ചായത്ത്</u>**

**കോട്ടയം ജില്ലാ കളക്ടറുടെ 31.05.2022 ലെ 82898/22/DPC/DPO/KTM നമ്പർ കത്തും IRTC ഡയറക്ടറുടെ 28.05.2022 ലെ കത്തും 27.07.2015- ലെ 2303/2015/തസ്വഭവ നമ്പർ സർക്കാർ ഉത്തരവും (SRG 679/22)**

കോട്ടയം ജില്ലയുടെ മലയോര പ്രദേശത്തെ 19 ഗ്രാമപഞ്ചായത്തുകളിൽ ഓട്ടോമാറ്റിക് വെതർസ്റ്റേഷൻ സ്ഥാപിക്കുന്നതിന് പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് മുഖ്യ നിർവ്വഹണ ഏജൻസിയായി സംയുക്തമായാണ് പ്രോജക്ട നടപ്പാക്കുന്നത്. വകയിരുത്തൽ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| ഗ്രാമപഞ്ചായത്ത് (19) | 20,90,000 രൂപ |
| ബ്ലോക്ക് പഞ്ചായത്ത് (5) | 12,70,000 രൂപ |
| ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി | 2,50,000 രൂപ |
| ജില്ലാ പഞ്ചായത്ത് | 10,00,000 രൂപ |
| **ആകെ** | **46,10,000 രൂപ** |

ഇരുപത് ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകളിൽ നിന്നും ശേഖരിക്കുന്ന വിവരങ്ങൾ ജില്ലാ പഞ്ചായത്തിൽ സ്ഥാപിക്കുന്ന സെർവർ വഴി ക്രോഡീകരിച്ച് ദുരന്ത നിവാരണ അതോറിക്കും, തദ്ദേശഭരണസ്ഥാപനങ്ങൾക്കും, ജനങ്ങൾക്കും തത്സമയം അറിയുവാൻ സാധിക്കുന്ന ഒരു നെറ്റ് വർക്ക് സംവിധാനമാണ് ഉദ്ദേശിക്കുന്നത്. ഈ പ്രോജക്ട് പാലക്കാട് ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (**IRTC**) എന്ന സ്ഥാപനം വഴിയാണ് നടപ്പാക്കുന്നത്. ഓട്ടോമാറ്റിക് വെതർസ്റ്റേഷൻ സ്ഥാപിക്കുന്നതിനും ഡേറ്റ ശേഖരിച്ച് വിശകലനം ചെയ്യുന്നതിനുമുള്ള സാങ്കേതിക വൈദഗ്ദ്ധ്യവും ശേഷിയും ഉണ്ടെന്നും 'നീർത്തട വികസന' - ത്തിന് സർക്കാർ അക്രഡിറ്റേഷൻ ഉണ്ടെന്നും IRTC ജില്ലാ ആസൂത്രണ സമിതിയെ അറിയിച്ചിട്ടുണ്ട്. ഈ പ്രോജക്ട് IRTC മുഖേന നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഓട്ടോമാറ്റിക് വെതർ സ്റ്റേഷൻ സ്ഥാപിക്കേണ്ട സ്ഥലം നിർണ്ണയിക്കേണ്ടത് **Kerala State Disaster Management Authority** യുടെ കൂടി അഭിപ്രായമാരാഞ്ഞാണ്. വെതർസ്റ്റേഷനിൽ സ്ഥാപിക്കുന്ന ഉപകരണങ്ങളുടെ മെയിന്റനൻസ്, ഒപ്പം വെതർസ്റ്റേഷന്റെ ദൈനംദിന പരിപാലനം എങ്ങനെയാണ് എന്നു തുടങ്ങിയ കാര്യങ്ങൾ വ്യക്തമല്ല. ഈ സാഹചര്യത്തിൽ **KSDMA** മെമ്പർ

സെക്രട്ടറിയുടെ കൂടി അഭിപ്രായമാരാഞ്ഞ് പിന്നീട് തീരുമാനമെടുക്കാൻ തീരുമാനിച്ചു. നിർവ്വഹണം ഏത് ഏജൻസിയെ ഏൽപ്പിക്കണം, Indian Metrological Departmentന് ശേഖരിക്കുന്ന വിവരങ്ങൾ എങ്ങനെ കൈമാറും എന്നതടക്കമുള്ളവ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ KSDMA യോട് ആവശ്യപ്പെടുന്നു.

**നടപടി:- 1) മെമ്പർ സെക്രട്ടറി, KSDMA**

**2)തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

4.67 <u>വഴിക്കടവ് ഗ്രാമപഞ്ചായത്ത്</u>

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.05.2022 ലെ കത്തും 18.05.2022 ലെ കുറിപ്പും വഴിക്കടവ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 19.3.2022 ലെ 3(1)-ാം നമ്പർ തീരുമാനവും അനുബന്ധ രേഖകളും (SRG 533/22 - CC/306/2022)**

| | | |
|---|---|---|
| ***പ്രോ.നം: 263/22*** | ***അടങ്കൽ*** | ***2,45,000 രൂപ*** <br> *(സി.എഫ്.സി റ്റൈഡ് ഗ്രാന്റ്)* |
| ***പേര്*** | *വാർഡുകളിൽ ശേഖരിച്ച അജൈവ മാലിന്യങ്ങൾ MCF ൽ എത്തിക്കലും MCF നടത്തിപ്പും* | |

വഴിക്കടവ് ഗ്രാമപഞ്ചായത്തിൽ മാലിന്യം നീക്കം ചെയ്യുന്ന ട്രാക്ടർ കേടായകാലയളവിൽ അജൈവ മാലിന്യം MCF ലേക്ക് എത്തിക്കുന്നതിന് ക്വട്ടേഷനിലൂടെ ഒരു വാഹനം 19.06.2021 മുതൽ 24.09.2021 വരെ വാടകയ്ക്കെടുത്തു. **(KL-10 AG 1523 - LMV Goods Carrier).** 82 ദിവസം വാഹനം ഓടി. ഒരു ദിവസത്തെ നിരക്ക് 2,000 രൂപ. ഈ ഇനത്തിൽ 1,64,000 രൂപ വാടക നൽകാനുണ്ട്. ഈ തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. മാലിന്യം നീക്കം ചെയ്യാനായി റിപ്പയർ ചെയ്ത ട്രാക്ടറാണ് ഇപ്പോൾ ഉപയോഗിക്കുന്നത്.

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡബ്ളിയു.എം) വകുപ്പ്**

4.68 <u>മമ്പാട് ഗ്രാമപഞ്ചായത്ത്</u>

**മമ്പാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 23.07.2022 ലെ P 101/2022-ാം നമ്പർ കത്തും മമ്പാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 18.07.2022 ലെ 3(9)-ാം നമ്പർ തീരുമാനവും (SRG 720/22).**

| | | |
|---|---|---|
| ***പ്രോ.നം: 241/23*** | ***അടങ്കൽ*** | ***1,80,000 രൂപ*** <br> *(തനതുഫണ്ട്)* |
| ***പേര്*** | *പുസ്തകം വാങ്ങൽ* | |

ലൈബ്രറിയിലേക്ക് പുസ്തകം വാങ്ങുന്നതിന് ഈ വർഷം പ്രോജക്ട് വച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം 1.00 ലക്ഷം രൂപ പുസ്തകം വാങ്ങുന്നതിനു മാറ്റി വച്ചിരുന്നു. മാർഗ്ഗരേഖ പ്രകാരം ബുക്ക്മാർക്കിൽ നിന്നാണ് പുസ്തകം വാങ്ങിയത്. എന്നാൽ ആവശ്യപ്പെട്ട പുസ്തകം ലഭ്യമായില്ല. ലഭ്യമായവയിൽ തന്നെ ഒരേ പുസ്തകത്തിന്റെ നാലും അഞ്ചും കോപ്പിയാണ് ലഭിച്ചത്. ഈ സാഹചര്യത്തിൽ സംസ്ഥാന ലൈബ്രറി കൗൺസിൽ / ജില്ലാ ലൈബ്രറി കൗൺസിൽ

ജില്ലാതലത്തിൽ സംഘടിപ്പിക്കുന്ന പുസ്തകമേളയിൽ നിന്നോ മറ്റു പ്രസാധകരിൽ നിന്നോ പുസ്തകം വാങ്ങുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ലൈബ്രറി കൗൺസിലിന്റെ പുസ്തക മേളകളിൽ നൽകുന്ന ഡിസ്കൗണ്ട് കൂടി പ്രയോജനപ്പെടുത്തി അംഗീകൃത ബിൽ ഉണ്ടാകണമെന്ന നിബന്ധനയോടെ പ്രത്യേകാനുമതി നൽകുന്നു

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.69 <u>കോഴിക്കോട് ജില്ലാ ആസൂത്രണ സമിതി</u>**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.03.2022 ലെ കത്തും കോഴിക്കോട് ജില്ലാ കളക്ടറുടെ 10.03.2022ലെ 5870/2018/**DPC/KKD/CC- **നമ്പർ കത്തും (SRG 359/22 - CC/246/2022).**

കോഴിക്കോട്ടു ജില്ലയിൽ ജില്ലാ പഞ്ചായത്ത്, ജില്ലാ ഭരണകൂടം, സാമൂഹ്യനീതി വകുപ്പ് എന്നീ സ്ഥാപനങ്ങളുടെ സംയുക്താഭിമുഖ്യത്തിൽ തയ്യാറാക്കിയിട്ടുള്ളതാണ് എനേബ്ലിംഗ് കോഴിക്കോട് എന്ന സമഗ്രപദ്ധതി. മറ്റ് സർക്കാർ/ സർക്കാരിതര സ്ഥാപനങ്ങളുടേയും സഹകരണം പ്രതീക്ഷിക്കുന്നു. എനേബ്ലിംഗ് കോഴിക്കോടിന്റെ ഒരു പ്രധാന സേവനഘടകമാണ് കമ്മ്യൂണിറ്റി ഡിസബിലിറ്റി മാനേജ്മെന്റ് സെന്റർ. ഭിന്നശേഷിക്കാരായ ആളുകൾക്ക് പ്രായഭേദമെന്യേ ആവശ്യമായ വിവിധതരം തെറാപ്പികൾ, സൈക്കോ സോഷ്യൽ സപ്പോർട്ട്, മെഡിക്കൽ സപ്പോർട്ട്, റഫറൽ സർവ്വീസുകൾ എന്നിവ നൽകുകയാണ് പ്രവർത്തനം. ഇതിനായി ജില്ലയിലെ മുഴുവൻ ബ്ലോക്കു പഞ്ചായത്തുകളിലും ഇത്തരം സെന്ററുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. തുടർ പ്രവർത്തനത്തിന്റെ ചെലവിൽ പ്രധാനമായും ഉദ്ദേശിക്കുന്നത് ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, റിഹാബിലിറ്റേഷൻ സൈക്കോളജിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്, ഫിസിയോതെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ എന്നിവരുടെ വേതനമാണ്. ഇവർക്ക് വേതനമായി ഒരു വർഷം 15,96,600 രൂപ വേണം. ചേളന്നൂർ, കുന്നുമ്മൽ, ബാലുശ്ശേരി, വടകര, കൊടുവള്ളി ബ്ലോക്കു പഞ്ചായത്തുകളിൽ CSR ഫണ്ടു കണ്ടെത്തി ഇത്തരം സെന്ററുകളിൽ മുകളിൽ പറഞ്ഞവരെ നിയമിച്ച് വികസനഫണ്ട് ഉപയോഗിച്ച് വേതനം നൽകുന്നുണ്ട്. ഇത്തരം സെന്ററുകളുടെ ഫലപ്രദമായ നടത്തിപ്പിനായി തദ്ദേശഭരണസ്ഥാപനങ്ങളുടെ വികസനഫണ്ട് ഉപയോഗിച്ച് കമ്മ്യൂണിറ്റി ബേസ്ഡ് ഡിസബിലിറ്റി മാനേജ്മെന്റ് സെന്ററുകളുടെ തുടർ പ്രവർത്തനത്തിനു അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-**

1) ഇതൊരു സംയുക്ത പദ്ധതിയായി തുടരാൻ ജില്ലാ പഞ്ചായത്ത് ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ജില്ലാ ആസൂത്രണ സമിതിയുടെ പരിഗണനയ്ക്കുശേഷം വിശദാംശം സഹിതം നൽകാൻ നിർദ്ദേശിക്കുന്നു. ഇതിൽ ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് എന്നീ സ്ഥാപനങ്ങളുടെ പങ്കാളിത്തമടക്കമുള്ള വിവരങ്ങൾ നൽകണമെന്ന് കൂടി നിർദ്ദേശിക്കുന്നു.
2) 11.01.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാന പ്രകാരം

കൊട്ടുവള്ളി ബ്ലോക്ക പഞ്ചായത്തിൽ കോടഞ്ചേരി സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ ഈ സെന്റർ പ്രവർത്തിക്കാൻ അനുമതി നൽകിയിരുന്നു. ഇതിന്റെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട്, ഈ സെന്ററിൽ ആരോഗ്യം, സാമൂഹ്യനീതി എന്നീ വകുപ്പുകളുടെ പങ്കാളിത്തം എങ്ങനെയാണ് പ്രയോജന പ്പെടുത്തുന്നത് എന്നീ വിവരങ്ങളും ഉൾപ്പെടുത്തി വേണം നൽകേണ്ടത്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.70 <u>ഇടുക്കി ജില്ലാ പഞ്ചായത്ത്</u>**

**ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 09.08.2022 ലെ** CA4/2021-**ലെ കത്ത് (SRG 789/22).**

കൊക്കയാർ ഗ്രാമപഞ്ചായത്തിൽ ഹാരിസൺ കമ്പനിയുടെ ബോയ്സ് എസ്റ്റേറ്റിലെ 1.40 ഏക്കർ സ്ഥലം ഗ്രൗണ്ട് നിർമ്മാണത്തിന് ജില്ലാ പഞ്ചായത്തിന് വിട്ടു നൽകി സമ്മതപത്രം രജിസ്റ്റർ ചെയ്യാമെന്ന് കമ്പനി അറിയിച്ചിട്ടുണ്ട്. 2021-22 വർഷം ഇതിനായി 24.00 ലക്ഷം രൂപ ജില്ലാ പഞ്ചായത്തു വകയിരുത്തിയിരുന്നു. ഈ വർഷം ഇത് സ്പിൽ ഓവറായി തുടരുന്നു. ഈ സ്ഥലം അടിസ്ഥാന സൗകര്യത്തോടെയുള്ള കളി സ്ഥലമായി മാറ്റുന്നതിനുള്ള പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നത് സംബന്ധിച്ച്. ആവശ്യമായ ബാക്കി തുക കൂടി ഈ വർഷം ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചിട്ടുണ്ട്.

**തീരുമാനം :-** എസ്റ്റേറ്റ് പ്രദേശങ്ങളിൽ ഗ്രൗണ്ടിനും മറ്റും സ്ഥലം കണ്ടെത്താൻ ബുദ്ധിമുട്ടുള്ള സാഹചര്യത്തിൽ പ്രത്യേക അനുമതി നൽകുന്നു. എന്നാൽ ഹാരിസൺ കമ്പനി അറിയിച്ചതു പോലെ കളിസ്ഥലം ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ നിലനിർത്തി പൊതുജനങ്ങൾക്ക് വിട്ടുനൽകാമെന്ന സമ്മതപത്രം എസ്റ്റേറ്റ് ഉടമ / അധികാരി നൽകണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.71 <u>മലപ്പുറം ജില്ലാ പഞ്ചായത്ത്</u>**

**മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 21.04.2022 ലെ കത്ത് (SRG 737/22 - LSGD - DA1/151/22/LSGD).**

മലപ്പുറം ജില്ലയിൽ വൃക്കരോഗികൾക്ക് ഡയാലിസിസ് ചെയ്യുന്നതിന് നിലനിൽക്കുന്ന തടസ്സങ്ങൾ ചൂണ്ടികാട്ടിക്കൊണ്ട് താഴെപ്പറയുന്നവ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകിയിരിക്കുന്നു.

i. ഓരോ പഞ്ചായത്തിലെയും മെഡിക്കൽ ഓഫീസർമാരെ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥരായി ചുമതലപ്പെടുത്തണം

**തീരുമാനം :-** അതതു തദ്ദേശഭരണസ്ഥാപനങ്ങളിലെ മെഡിക്കൽ ഓഫീസർമാരെ നിർവ്വഹണ ഉദ്യോഗസ്ഥനാക്കാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

ii. കാസ്പ്, കാരുണ്യ ബെനവലന്റ് ഫണ്ട്, മറ്റ് സർക്കാർ സഹായങ്ങൾ എന്നിവ ലഭിക്കുന്ന രോഗികളെ ഒഴിവാക്കി അർഹരായ ഗുണഭോക്താക്കളുടെ പട്ടിക ഓരോ ഗ്രാമപഞ്ചായത്ത് ഭരണസമിതിയും കൃത്യമായി തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറണം.

**തീരുമാനം :–** ഇതാണ് നിലനിൽക്കുന്ന രീതി. ഇതു കർശനമായി പാലിക്കാനും സർക്കാരിന്റെ ധനസഹായത്തിന് (ഇൻഷ്വറൻസ് അടക്കം) ഇരട്ടിപ്പുണ്ടാകരുത് എന്നും നിർദ്ദേശം നൽകുന്നു.

**നടപടി:– തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

iii. ജില്ലാ / ബ്ലോക്ക് പഞ്ചായത്തുകളുടെ വിഹിതം (പരമാവധി 25 ശതമാനം വരെ) ഗ്രാമപഞ്ചായത്തിന് കൈമാറണം. ഓരോ പഞ്ചായത്തിലെയും ഗുണഭോക്താക്കൾക്ക് വേണ്ടി വരുന്ന മൊത്തം തുകയുടെ 50 ശതമാനം ഭരണസമിതി തയ്യാറാക്കിയ ഗുണഭോക്തൃ പട്ടികയുടെ അടിസ്ഥാനത്തിൽ അതത് ഗ്രാമപഞ്ചായത്തുകൾ വകയിരുത്തണം.

**തീരുമാനം :–** ഡയാലിസിസിന് ത്രിതല തദ്ദേശഭരണസ്ഥാപനങ്ങൾക്ക് വിഹിതം വകയിരുത്താവുന്നതാണെന്ന് പുതിയ മാർഗ്ഗരേഖ വ്യക്തമാക്കിയിട്ടുണ്ട്. ഓരോ തദ്ദേശഭരണസ്ഥാപനവും വകയിരുത്തുന്ന വിഹിതം അതതു ജില്ലകളിൽ ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ തദ്ദേശഭരണസ്ഥാപന അദ്ധ്യക്ഷന്മാരുടെ യോഗം ചേർന്ന് തീരുമാനമെടുക്കാവുന്നതാണ്.

**നടപടി:– തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

iv. ഭരണ സമിതി ഗുണഭോക്തൃ പട്ടിക തയ്യാറാക്കിയ ശേഷം പിന്നീട് കൂട്ടിച്ചേർക്കേണ്ടി വരുന്ന മൊത്തം ഗുണഭോക്താക്കൾക്കുള്ള വിഹിതം തൻ വർഷം ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യമുണ്ടെങ്കിൽ ഈ ഗുണഭോക്താക്കൾക്ക് പദ്ധതി പ്രകാരം അനുവദിക്കാവുന്ന പരമാവധി തുക പൂർണ്ണമായും ഗ്രാമപഞ്ചായത്തുകൾ തനത് ഫണ്ടിൽ നിന്നും നൽകാൻ അനുമതി നൽകണം.

**തീരുമാനം :–** ഇതിന്മേൽ സാഹചര്യമനുസരിച്ച് തദ്ദേശഭരണസ്ഥാപനതലത്തിൽ തന്നെ തീരുമാനമെടുക്കാവുന്നതാണ്. എന്നാൽ ഗുണഭോക്തൃലിസ്റ്റ് നിർബന്ധമായും ഗ്രാമസഭ അംഗീകരിച്ചതാവണം. അധികമായി ആരെയെങ്കിലും ചേർക്കേണ്ട അടിയന്തിര സാഹചര്യം വന്നാൽ ധനസഹായം നൽകിയതിനു ശേഷം തൊട്ടടുത്ത ഗ്രാമസഭയിൽ അവതരിപ്പിക്കണമെന്ന് നിർദ്ദേശിക്കുന്നു.

**നടപടി:– തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

v. മെഡിക്കൽ ഓഫീസർമാർ ഡയാലിസിസ് ചെയ്യുന്ന സ്ഥാപനത്തിൽ നിന്നുള്ള ഡയാലിസിസ് ചെയ്ത റിപ്പോർട്ട്, ബില്ല് എന്നിവയുടെ അടിസ്ഥാനത്തിൽ ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് തുക നേരിട്ട് നൽകണം.

**തീരുമാനം :-** ധനസഹായതുക ആശുപത്രി (സർക്കാർ / സ്വകാര്യ ആശുപത്രി) ക്ക് തന്നെ നൽകേണ്ടതാണ്. ജില്ലയ്ക്ക് വെളിയിലുള്ള ആശുപത്രികളിലേ ക്കാണെങ്കിലും ഈ തുക നൽകാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.72 <u>പുന്നപ്ര സൗത്ത് ഗ്രാമപഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.07.2022 ലെ കത്തും ശുചിത്വമിഷൻ ആലപ്പുഴ ജില്ലാ കോഓർഡിനേറ്ററുടെ 10.06.2022 ലെ** DS (SM)66/19/1-ാം **നമ്പർ കത്തും പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 25.03.2022 ലെ 1(9)-ാം നമ്പർ തീരുമാനവും അനുബന്ധമായി ചേർത്തിരിക്കുന്ന പ്രോജക്ടുകളുടെ പട്ടികയും (SRG 668/22- CC /372/22).**

ഖര-ദ്രവ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി താഴെ പറയുന്ന 5 പ്രോജക്ടുകൾ 2021-22 വർഷം പുന്നപ്ര സൗത്ത് ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തിരുന്നു. ഇതിൽ 4 പ്രോജക്ടുകളിലായി 100 ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചു. 2864 ബയോബിന്നുകളും വിതരണം ചെയ്തു. ഈ പ്രവൃത്തി ബിഡ്ഡിംഗ് കൂടാതെ ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ **(IRTC)** പാലക്കാടിനെയാണ് ഏല്പിച്ചത്. ബിഡ്ഡിംഗ് കൂടാതെ **IRTC -** യെ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുത്ത നടപടിക്ക് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്.

| **ക്രമ നം** | **പ്രോജക്ട് നം** | **പ്രോജക്ടിന്റെ പേര്** | **വികസന ഫണ്ട് ജനറൽ രൂപ** | **തനത് ഫണ്ട്** | **ഗുണഭോക്തൃ വിഹിതം രൂപ** | **ധനകാര്യ കമ്മീഷൻ ഗ്രാന്റ് (റ്റൈഡ്) രൂപ** | **ആകെ രൂപ** |
|---|---|---|---|---|---|---|---|
| 1 | 38/22 | ബയോഗ്യാസ് പ്ലാന്റ് 0.5**M3** | 96,880 | 3,920 | 46,200 | 0 | 1,47,000 |
| 2 | 126/22 | ബയോഗ്യാസ് പ്ലാന്റ് 0.5**M3** | 0 | 0 | 59,400 | 1,29,600 | 1,89,000 |
| 3 | 121/22 | ബയോഗ്യാസ് പ്ലാന്റ് 0.75**M3** | 1,51,200 | 0 | 1,00,800 | 0 | 2,52,000 |
| 4 | 118/22 | ബയോഗ്യാസ് പ്ലാന്റ് 1**M3** | 3,38,400 | 0 | 2,96,100 | 0 | 6,34,500 |
| 5 | 113/22 | ബയോബിൻ | 0 | 1440 | 5,15,520 | 46,38,240 | 51,55,200 |
| | | **ആകെ** | **5,86,480** | **5,360** | **10,18,020** | **47,67,840** | **63,77,700** |

**തീരുമാനം :-** നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുക്കുന്ന സമയത്ത് IRTC അല്ലാതെ മറ്റ് അക്രഡിറ്റഡ് ഏജൻസി ഉണ്ടായിരുന്നോ എന്നതടക്കമുള്ളവ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡബ്ളിയു.എം) വകുപ്പ്**

4.73 <u>**മലപ്പുറം ജില്ലാ പഞ്ചായത്ത്**</u>

**ബഹു.രാജ്യസഭ എം.പി. ശ്രീ അബ്ദുൾ വഹാബിന്റെ 18.08.2022 ലെ കത്തും മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 16.08.2022 ലെ DP/MPM/20/2022-ാാം നമ്പർ കത്തും മലപ്പുറം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 11.08.2022 ലെ 1(11)-ാാം നമ്പർ തീരുമാനവും (SRG 798/22).**

| | | |
|---|---|---|
| ***പ്രോ.നം: 831/23*** | ***അടങ്കൽ*** | ***99,00,000 രൂപ***<br>*(മറ്റു വിഭാഗം ഫണ്ട്)* |
| ***പേര്*** | *നിലമ്പൂർ ബഡ്സ് സ്കൂളിന്റെ ഹോസ്റ്റലിന് പുതിയ കെട്ടിട നിർമ്മാണം* | |

ഏറനാട് ചാരിറ്റബിൾ ട്രസ്റ്റിനു കീഴിൽ നിലമ്പൂർ നഗരസഭാ പ്രദേശത്ത് "സ്കൂൾ ഫോർ ഹിയറിംഗ് ഇംപയേർഡ്" എന്ന പേരിൽ ഒരു ബഡ്സ് സ്കൂൾ പ്രവർത്തിക്കുന്നുണ്ട്. 2005 ൽ ഇതിന് സർക്കാരിൽ നിന്ന് എയ്ഡഡ് പദവി ലഭിച്ചിട്ടുണ്ട്. 102 വിദ്യാർത്ഥികൾ പഠിക്കുന്ന ഈ സ്ഥാപനത്തിലെ 50 കുട്ടികൾ ട്രസ്റ്റ് വാടകയ്ക്ക് എടുത്തിട്ടുള്ള കെട്ടിടത്തിലാണ് താമസിക്കുന്നത്. ഈ സ്കൂളിന് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നു. ഇതു നടപ്പാക്കാൻ പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് നേരിട്ട് ഫയൽ അയച്ച് നൽകി അഭിപ്രായം തേടി അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കാൻ തീരുമാനിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

യോഗം ഉച്ചകഴിഞ്ഞ് 1.30 ന് അവസാനിച്ചു.

**അനുബന്ധം**

**<u>യോഗത്തിൽ പങ്കെടുത്തവർ</u>**

1. ബഹു. തദ്ദേശസ്വയംഭരണ – എക്സൈസ് വകുപ്പ് മന്ത്രി
2. അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
3. മെമ്പർ, വികേന്ദ്രീകൃതാസൂത്രണ വിഭാഗം, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
4. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് (റൂറൽ)
5. ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
6. ഡയറക്ടർ, നഗരകാര്യ വകുപ്പ് (പ്രതിനിധി)
7. ഗ്രാമവികസന കമ്മീഷണർ (പ്രതിനിധി)
8. പ്രിൻസിപ്പൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
9. അഡീഷണൽ ചീഫ് സെക്രട്ടറി, ധനവകുപ്പ് (പ്രതിനിധി)
10. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
11. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (പ്രതിനിധി)
12. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
13. മിഷൻ ഡയറക്ടർ, MGNREGS (പ്രതിനിധി)
14. ഡയറക്ടർ, ശുചിത്വമിഷൻ
15. മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് (പ്രതിനിധി)
16. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് (പ്രതിനിധി)
17. ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് (പ്രതിനിധി)
18. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ് (പ്രതിനിധി)
19. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ആയുഷ് മിഷൻ (പ്രതിനിധി)
20. ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ് (പ്രതിനിധി)
21. ഡയറക്ടർ, എനർജി മാനേജ്മെന്റ് സെന്റർ (പ്രതിനിധി)